VOL NO: 05 I ISSUE 39
www.nerpatham.com
mail@nerpatham.com
2021 OCTOBER 02 I ₹12

# നേർപഥം

വാരിക



# മതപരിവർത്തനത്തിന്റെ കേരളീയ മുഖം

ഇഷ്ടപ്പെട്ട മതം സ്വീകരിക്കാനും ആചരിക്കാനും ഉപേക്ഷിക്കാനുമുള്ള സ്വാതന്ത്ര്യം വകവെച്ച് തരുന്ന ഭരണഘടനയാണ് ഇന്ത്യയുടേത്. ഏത് മതത്തിൽ നിന്നായാലും സ്വാഭീഷ്ട പ്രകാരമുള്ള മതപരിവർത്തനം ആരെയും അലോസരപ്പെടുത്തേണ്ട കാര്യമില്ല. എന്നാൽ മതംമാറ്റത്തിന് സ്വന്തം വ്യാഖ്യാനങ്ങൾ ചമയ്ച്ച് സമൂഹത്തിൽ വിഭാഗീയത വളർത്തുന്നവരെ രാജ്യം ഒറ്റപ്പെടുത്തേണ്ടതുണ്ട്.

- നന്ദിയും നന്ദികേടും

- ഉഹ്ദ് നൽകുന്ന പാഠം
- വിവരവിദ്യ വിനയാകുമോ?
- ഉർദു: വിദേശങ്ങളിൽ അതിന്റെ സ്വാധീനത

WISDOM BOOKS
**PUBLISHING II DISTRIBUTION**
Wisdom Books I E.K.P Building I Calicut
Web: www.wisdomislam.org I Email: publication@wisdomislam.org
Tel: 0495 4019437

# മതം, മനുഷ്യൻ, സാഹോദര്യം

**സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി**

**വില: ₹ 40**




ഇസ്‌ലാമിനെ യഥാർഥ ഉറവിടങ്ങളിൽ നിന്ന് പഠിക്കുമ്പോഴാണ് അതിന്റെ തനിമ നമുക്ക് വ്യക്തമാവുക. പ്രമാണങ്ങളെ തെറ്റായി വായിക്കുന്നത് സമൂഹത്തിൽ നിരവധി കുഴപ്പങ്ങൾക്ക് ഹേതുവാണ്. തങ്ങളുടെ ഇംഗിതങ്ങൾക്കനുസരിച്ച് പ്രമാണങ്ങളെ വക്രീകരിച്ച് അവതരിപ്പിക്കുന്നവർ എക്കാലത്തും ഉണ്ടായിട്ടുണ്ട്. അവർ സമൂഹത്തിനേൽപ്പിക്കുന്ന പരുക്ക് സാരമുള്ളതാണ്. മനുഷ്യർ തമ്മിലുള്ള സാഹോദര്യത്തെ മതം വിലക്കുന്നുണ്ടോ? ഇതര മത വിശ്വാസികളുമായുള്ള വിശ്വാസികളുടെ ഇടപെടൽ എങ്ങനെ? ഇസ്‌ലാം വിലക്കിയ സാഹോദര്യം ഏതാണ്? തുടങ്ങിയ വിഷയങ്ങളിലെ വൈജ്ഞാനിക പഠനമാണ് ഈ ഗ്രന്ഥം. ഈ വിഷയത്തിൽ തൽപരകക്ഷികൾ ഉയർത്തിവിടുന്ന ചില സന്ദേഹങ്ങൾക്ക് ഗ്രന്ഥകാരൻ മറുപടി നൽകിയിട്ടുണ്ട്.

ഓരോ വിഷയത്തിലെയും സലഫീ കാഴ്ചപ്പാടുകൾ എന്തുമാത്രം കാലികമാണ് എന്നതിന്റെ തെളിവുകൂടിയാണ് സിറാജുൽ ഇസ്‌ലാമിന്റെ ഈ കനപ്പെട്ട രചന. ചോദ്യോത്തര രൂപത്തിലുള്ള അവതരണം, വിഷയ ഗ്രാഹ്യത വർധിപ്പിക്കുന്നു.

# 0245
# നേർപഥം
വാരിക

2021 ഒക്ടോബർ 02
1442 സഫർ 25
പുസ്തകം 05 / ലക്കം 39

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly








**10**
**മതപരിവർത്തനത്തിന്റെ കേരളീയ മുഖം**
സുഫ്‌യാൻ അബ്ദുസ്സലാം

**05**
**മുഖമൊഴി**
നന്ദിയും നന്ദികേടും
എഡിറ്റർ

**06**
**പുനർവായന**
ഉർദു: വിദേശങ്ങളിൽ അതിന്റെ സ്വാധീനത
ജ. മുഹമ്മദ് അബ്ദുന്നയീം, സാംഗിദ്

**18**
**ചരിത്രപഥം**
ഉഹ്ദ് നൽകുന്ന പാഠം
ഹുസൈൻ സലഫി, ഷാർജ

**24**
**വിവർത്തനം**
മലക്കുകളും പരീക്ഷണവും
അബൂഫായിദ

**26**
**ലേഖനം**
വിവരവിദ്യ വിനയാകുമോ?
ഡോ. ടി.കെ യൂസുഫ്

**30**
**വിവർത്തനം**
ആരാധനകൾക്ക് ഒരാമുഖം
ശമീർ മദീനി

**34**
**കവിത**
മാറ്റം
ഷാനിബ എ.സി

ചലനങ്ങൾ

# അസമിൽ നടക്കുന്നത് വംശീയ അതിക്രമം: മുജാഹിദ് സംഗമം

മലപ്പുറം: വികസനം മറയാക്കി മുസ്‌ലിംകൾ ഉൾപ്പെടെയുള്ള ജനവിഭാഗങ്ങൾക്കുനേരെ നടത്തുന്ന സായുധ ആക്രമണം വംശീയ ഉന്മൂലനം ലക്ഷ്യമാക്കിയുള്ളതാണെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ മലപ്പുറത്ത് സംഘടിപ്പിച്ച മുജാഹിദ് ലീഡേഴ്സ് മീറ്റ് അഭിപ്രായപ്പെട്ടു.

രാജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നേരെ അക്രമണത്തിനും കൊലപാതകത്തിനും പ്രേരിപ്പിക്കുന്ന സംഭവമാണ് അസമിൽ നടന്നത്. നിയമപാലകരുടെ കാവലിൽ സാധാരണക്കാർ നിയമം കയ്യിലെടുക്കുന്ന രീതി വലിയ പ്രത്യാഘാതങ്ങൾ ക്ഷണിച്ചുവരുത്തും.

കുടിയൊഴിപ്പിക്കുന്നവർക്ക് അർഹമായ നഷ്ടപരിഹാരമോ പുനരധിവാസ പാക്കേജോ നൽകാതെ ഈ വികസന പദ്ധതി നടപ്പിലാക്കുന്നത് വലിയ അനീതിയും നിയമവിരുദ്ധമായ പ്രവൃത്തിയുമാണെന്ന് ലീഡേഴ്സ് മീറ്റ് അഭിപ്രായപ്പെട്ടു. ഭരണകൂടത്തിന്റെ ഒത്താശയോടെ നടക്കുന്ന ഈ പ്രവർത്തികൾക്കെതിരെ അന്താരാഷ്ട്ര സമൂഹം പ്രതികരിക്കണം. മനുഷ്യവംശത്തെ മുഴുവൻ കൊലപ്പെടുത്തുന്നതിന് തുല്യമായ പ്രവൃത്തിയാണ് പോലീസ് വെടിവെപ്പിൽ കൊല്ലപ്പെട്ട യുവാവിന്റെ മൃതദേഹത്തോട് പോലീസ് സാന്നിധ്യത്തിൽ ഫോട്ടോഗ്രാഫർ കാണിച്ചത്.

വർത്തമാനകാല സാഹചര്യത്തിൽ കേരളത്തിൽ വർഗീയതയും മതവിദ്വേഷവും പ്രചരിപ്പിക്കാനുള്ള ആസൂത്രിത നീക്കങ്ങളെ മതനിരപേക്ഷ സമൂഹം ഒറ്റക്കെട്ടായി ചെറുക്കാനും സംസ്ഥാന സർക്കാറിന്റെ നേതൃത്വത്തിൽ വർഗീയതക്കെതിരെ ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ പ്രഖ്യാപിക്കണം. എല്ലാ മതവിഭാഗങ്ങളെയും ഒന്നിച്ചിരുത്തി സാഹോദര്യ സന്ദേശം പ്രചരിപ്പിക്കാൻ സർക്കാർ തയ്യാറാകണം.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ആധ്യക്ഷ്യം വഹിച്ചു. വൈസ്പ്രസിഡന്റ് കുഞ്ഞുമുഹമ്മദ് മദനി, അബൂബക്കർ സലഫി, ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫ്, നാസിർ ബാലുശ്ശേരി, ഫൈസൽ മൗലവി പുതുപ്പറമ്പ്, പ്രൊഫ. ഹാരിസുബ്നു സലീം, കെ.സി അയ്യൂബ്, അബ്ദുൽ മാലിക് സലഫി, മുഹമ്മദ് സ്വാദിഖ് മദീനി, ഹംസ മദീനി, ഹുസൈൻ കാവനൂർ, കെ.സജ്ജാദ്, മുജീബ് ഒട്ടുമ്മൽ, സുഹൈൽ പി.യൂ, യു.മുഹമ്മദ് മദനി, വിസ്ഡം സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് അർഷദ് താനൂർ, നൂറുദ്ദീൻ സ്വലാഹി, ശമീൽ മഞ്ചേരി, സി. മുഹമ്മദ് അജ്മൽ തുടങ്ങിയവർ പങ്കെടുത്തു.

### സാമ്പത്തിക തട്ടിപ്പ്: പുതിയ മാർക്കറ്റിംഗ് രീതികളെ സംബന്ധിച്ച് ജാഗ്രത പുലർത്തണം: വിസ്ഡം വെബിനാർ

കോഴിക്കോട്: മൾട്ടി ലെവൽ മാർക്കറ്റിംഗും പണം അധികരിപ്പിക്കലും സമൂഹം ജാഗ്രതയോടെ കാണണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച വെബിനാർ അഭിപ്രായപ്പെട്ടു. 'മൾട്ടി ലെവൽ മാർക്കറ്റിംഗ് മതവിധിയും ചതിക്കുഴികളും' എന്ന വിഷയത്തിലാണ് വെബിനാർ നടത്തിയത്.

അധ്വാനിക്കാതെയുള്ള ധനസമ്പാദനവും അമിത ലാഭക്കൊതിയുമാണ് പലരെയും സർക്കാരിന്റെയും മത നിർദേശങ്ങളെയും അവഗണിച്ച് ഇത്തരം കെണിയിൽപ്പെടുത്തുന്നതിന്റെ അടിസ്ഥാന കാരണം.സാമ്പത്തിക ക്രമക്കേടിൽ ഏർപ്പെടുന്ന കുറ്റവാളികൾക്കെതിരെ കർശന നടപടി സ്വീകരിക്കണം. സാമ്പത്തിക ക്രമക്കേടുകളിലെ നിയമ പോരാട്ടങ്ങളിലെ കാലതാമസം ഒഴിവാക്കണമെന്നും വെബിനാർ ആവശ്യപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. 'എം.എൽ.എം ചതിക്കുഴികൾ' എന്ന വിഷയത്തിൽ പി.എൻ അബ്ദുറഹ്മാൻ അബ്ദുല്ലത്തീഫ്, 'എം.എൽ.എമ്മിലെ മതവിധികൾ' എന്ന വിഷയത്തിൽ ഹംസ മദീനി, 'സമ്പാദ്യം വിശുദ്ധമാക്കുക' എന്ന വിഷയത്തിൽ സ്വാദിഖ് മദീനി എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പ്രൊഫ. ഹാരിസ്ബ്നു സലീം സമാപന പ്രഭാഷണം നടത്തി.

മുഖമൊഴി

# നന്ദിയും നന്ദികേടും

പ്രവാചകന്റെ കാലത്ത് ഒരുദിവസം ശക്തമായ മഴകിട്ടിയപ്പോൾ ആ മഴയെ സംബന്ധിച്ച് ജനങ്ങൾ രണ്ടു നിലയ്ക്ക് സംസാരിച്ചു. അന്നേരം അല്ലാഹുവിന്റെ പ്രവാചകന്റെ പ്രതികരണം ഇപ്രകാരമായിരുന്നു: "ജനങ്ങളിൽ നന്ദികാണിക്കുന്നവരും നിഷേധികളുമുണ്ട്. ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണെന്ന് അവർ (ഈമാനുള്ളവർ) പറഞ്ഞു. എന്നാൽ അവരിൽ ചിലർ മഴ ഇന്നയിന്ന കാരണങ്ങളാൽ കിട്ടിയതാണെന്ന് പറയുന്നു." ഇതിൽ ആദ്യത്തെ അഭിപ്രായം നന്ദിയുടെയും രണ്ടാമത്തേത് നന്ദികേടിന്റെയുമാണ്. അല്ലാഹു പറയുന്നു: "നിന്റെ രക്ഷിതാവിന്റെ അനുഗ്രഹത്തെ സംബന്ധിച്ച് നീ സംസാരിക്കുക" (ക്വുർആൻ 93:11).

മഹാന്മാരായ മുഴുവൻ പ്രവാചകന്മാരും നന്ദികാണിക്കുന്നവരായിരുന്നു എന്ന് ക്വുർആൻ എടുത്തുപറയുന്നത് കാണാം.

യൂനുസ് ഇബ്നു ഉബൈദി(റഹി)ന്റെ അടുക്കൽ ഒരിക്കൽ ഒരാൾ വന്ന് ഇല്ലായ്മയെക്കുറിച്ച് പരാതിപ്പെട്ടപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇവിടെ പ്രസക്തമാണ്: 'നിങ്ങളുടെ രണ്ട് കണ്ണ് എനിക്ക് തരുമോ? ഞാൻ നിങ്ങൾക്ക് ഒരുലക്ഷം ദിർഹം തരാം. നിങ്ങളുടെ ഒരു കൈ എനിക്കു തരുമോ? ഒരു ലക്ഷം ദിർഹം തരാം. നിങ്ങളുടെ ഒരു കാലെനിക്ക് തരുമോ? ഒരു ലക്ഷം ദിർഹം തരാം.' ഇങ്ങനെ അദ്ദേഹത്തിന്റെ അവയവങ്ങളോരോന്ന് എണ്ണിയെണ്ണി അതിനു വിലയിട്ടുകൊണ്ട് അദ്ദേഹം ചോദിച്ചു. ആഗതൻ പറഞ്ഞു: 'ഒരിക്കലുമില്ല.' അപ്പോൾ യൂനുസ്ബ്നു ഉബൈദ് (റഹി) പറഞ്ഞു: 'ഞാൻ നിന്റെയടുക്കൽ കോടികൾ കാണുന്നു. എന്നിട്ടും ഇല്ലായ്മയെക്കുറിച്ച് ആവലാതിപ്പെടുകയോ?'

എത്രയെത്ര അനുഗ്രഹങ്ങളാണ് സ്രഷ്ടാവ് നമുക്ക് കനിഞ്ഞു നൽകിയിട്ടുളളത്. നമ്മുടെ ശരീരത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്തിന് വല്ല അസുഖവും ബാധിച്ചാൽ ബോധ്യമാകും ആ അവയവത്തിന്റെ വില. സർവശക്തൻ നമുക്ക് ഓരോരോ സെക്കന്റിലും നൽകിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്കാകട്ടെ കയ്യും കണക്കുമില്ല.

മനുഷ്യർ പരസ്പരം ചെയ്യുന്ന ഉപകാരങ്ങൾക്കും അന്യോന്യം നന്ദികാണിക്കേണ്ടതുണ്ട്. അതിന്റെ വാചികമായ രൂപമാണ് 'അല്ലാഹു നിനക്ക് നന്മചെയ്യുമാറാകട്ടെ' എന്ന പ്രവാചകൻﷺ പഠിപ്പിച്ച പ്രാർഥന. നന്മ ചെയ്തുതന്നവർക്ക് പ്രത്യുപകാരം ചെയ്യുവാനും അതിനു സാധിക്കാത്ത പക്ഷം അവർക്കു വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുവാനും നബിﷺ നിർദേശിച്ചിട്ടുണ്ട്.

നാം ജീവിക്കുന്ന രാജ്യത്തോടും സമൂഹത്തോടും നന്ദി കാണിക്കൽ നമ്മുടെ ബാധ്യതയാണ്. അവനവന്റെ വിശ്വാസമനുസരിച്ച് ജീവിക്കുവാനും ആരാധനകളും അനുഷ്ഠാന കർമങ്ങളും നിർവഹിക്കുവാനും അതിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുവാനുമെല്ലാമുള്ള സ്വാതന്ത്ര്യവും നിർഭയത്വവും നമുക്ക് നമ്മുടെ നാട്ടിലുണ്ട്. സർവശക്തനോട് അതിന് നന്ദികാണിക്കണം. രാജ്യത്തിന്റെ പൊതുനന്മക്കായി പ്രവർത്തിക്കലും നിയമങ്ങൾ പാലിക്കലും അതിന്റെ വളർച്ചക്കാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യലുമെല്ലാം രാജ്യത്തോടു കാണിക്കുന്ന നന്ദിയാണ്.

കിട്ടിയ അനുഗ്രഹങ്ങളെ മറന്നുകളഞ്ഞ സബഅ് ദേശക്കാരായ രണ്ടുപേരെ വിശുദ്ധ ക്വുർആൻ പരിചയപ്പെടുത്തുന്നത് കാണുക: "തീർച്ചയായും സബഅ് ദേശക്കാർക്ക് തങ്ങളുടെ അധിവാസകേന്ദ്രത്തിൽതന്നെ ദൃഷ്ടാന്തമുണ്ടായിരുന്നു. അതായത് വലതുഭാഗത്തും ഇടതുഭാഗത്തുമായി രണ്ടു തോട്ടങ്ങൾ. (അവരോട് പറയപ്പെട്ടു:) നിങ്ങളുടെ രക്ഷിതാവ് തന്ന ഉപജീവനത്തിൽനിന്ന് നിങ്ങൾ ഭക്ഷിക്കുകയും അവനോട് നിങ്ങൾ നന്ദികാണിക്കുകയും ചെയ്യുക. നല്ലൊരു രാജ്യവും ഏറെ പൊറുക്കുന്ന രക്ഷിതാവും! എന്നാൽ അവർ പിന്തിരിഞ്ഞുകളഞ്ഞു. അപ്പോൾ അണക്കെട്ടിൽനിന്നുള്ള ജലപ്രവാഹത്തെ അവരുടെ നേരെ നാം അയച്ചു. അവരുടെ ആ രണ്ട് തോട്ടങ്ങൾക്ക് പകരം കയ്പുള്ള കായ്കനികളും കാറ്റാടി മരവും അൽപം ചില വാകമരങ്ങളും ഉള്ള രണ്ട് തോട്ടങ്ങൾ നാം അവർക്ക് നൽകുകയും ചെയ്തു. അവർ നന്ദികേട് കാണിച്ചതിന് നാം അവർക്ക് പ്രതിഫലമായി നൽകിയതാണത്. കടുത്ത നന്ദികേട് കാണിക്കുന്നവന്റെ നേരെയല്ലാതെ നാം ശിക്ഷാനടപടിയെടുക്കുമോ?" (34:15-17).

ജ. മുഹമ്മദ് അബ്ദുന്നയീം, സാംഗിദ്
mail@nerpatham.com






# ഉർദു: വിദേശങ്ങളിൽ അതിന്റെ സ്വാധീനത

**50 വർഷം മുമ്പ് ലോകത്തെ പ്രമുഖ രാജ്യങ്ങൾ ഉർദു ഭാഷക്ക് നൽകിയിരുന്ന സ്ഥാനവും പ്രാധാന്യവും വ്യക്തമാക്കുന്ന ലേഖനം**

ഇന്ത്യയിലെ പ്രാദേശീയ ഭാഷകൾ പരിമിതമായ പ്രദേശത്തു മാത്രം അടങ്ങിനിൽക്കുന്നുവെങ്കിൽ ഉർദുവിന്റെ നില തികച്ചും ഭിന്നമാണ്. അന്തർദേശീയ നിലവാരത്തിലേക്ക് അത് ഉയർന്നിരിക്കുന്നു.

അന്യനാടുകളിൽ എത്ര ഗതിവേഗത്തിലാണ് ഉർദു ഭാഷ തഴച്ചുവളർന്നുകൊണ്ടിരിക്കുന്നത് എന്ന വസ്തുതയെക്കുറിച്ചു നമുക്കൊന്നു പരിശോധിച്ചുനോക്കാം. ദേശ, മത, വർഗ വ്യത്യാസമന്യെ വിദേശിയർ ഇത് അത്യധികം കൗതുകത്തോടെയാണ് പഠിച്ചുകൊണ്ടിരിക്കുന്നത്. ഉർദുവിൽ ഉപരിപഠനാർഥം വിദേശീയ വിദ്യാർഥികൾ ഇന്ത്യയിലേക്ക് ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കയാണ്. ഈ ഭാഷയിൽ ഉന്നത ബിരുദം നേടി, നാട്ടിലേക്കു തിരിച്ചുപോയി, അവർ അവിടെ ഉർദുവിന്റെ പ്രചാരകന്മാരായി പ്രവർത്തിക്കുന്നു. കുറച്ചുമുമ്പ് താഷ്ക്കണ്ടിലെ ഇസ്മായേൽ സറോഫ് എന്ന യുവ വിദ്യാർഥി ഉസ്മാനിയാ യൂണിവേർസിറ്റിയിൽനിന്നും ഉർദുവിൽ എം.എ ഡിഗ്രി എടുക്കുകയുണ്ടായി. അ

ദ്ദേഹം സ്വദേശത്തേക്കു തിരിച്ചു പോകുന്ന അവസരത്തിൽ ഉർദുവിനെപ്പറ്റി അഭിപ്രായ പ്രകടനം നടത്തിയത് ഇപ്രകാരമാണ്:

“അത്യധികം മധുരതരമായ ഒരു ഭാഷയാണു ഉർദു. ശരിയായ നിലയിലുള്ള ഇതിന്റെ പഠനം ഇന്ത്യയിൽനിന്നുമാത്രമെ സാധിക്കൂ. ഇതിന്റെ ശരിയായ ഉച്ചാരണത്തിന്റെ പ്രാധാന്യമാണു ഞങ്ങളുടെ നാട്ടിൽ ഇതു പഠിക്കുന്നതിനുള്ള വിഷമം. അതുകൊണ്ടാണ് ഈ ഭാഷയിൽ പ്രാഗത്ഭ്യം നേടുവാനായി ഗവർമെന്റ് ഞങ്ങളെ ഇന്ത്യയിലേക്കു പറഞ്ഞയക്കുന്നത്. ഉർദുവിന്റെ യഥാർഥ നിലപാടിനെപ്പറ്റി ഞങ്ങളെ ബോധവാന്മാരാക്കിയ ഇവിടുത്തെ ഗുരുവര്യന്മാർക്കു ഞങ്ങൾ കടപ്പെട്ടവരാണ്.”

റഷ്യയിൽ ഉർദു പഠനത്തിനു വല്ല ഏർപ്പാടുമുണ്ടോ എന്ന ചോദ്യത്തിനു മറുപടിയായി ഇസ്മായേൽ സറേഫ് ഇങ്ങനെ മറുപടി പറഞ്ഞു:

“ഉണ്ട്, റഷ്യയിൽ താഷ്ക്കണ്ഡ്, മോസ്കോ, ബാക്കോ, ലനിൻ ഗ്രാഡ് എന്നീ സർവകലാശാലകളിൽ ഉർദുപഠനം നടക്കുന്നുണ്ട്. പ്രതിവർഷം ചുരുങ്ങിയത് അറുപതു വിദ്യാർഥികളെങ്കിലും ഉർദുവിൽ ഉന്നത ബിരുദം നേടിവരുന്നു.”

അദ്ദേഹം തുടർന്നു: “ഇന്ത്യക്കാരാണോ എന്നു തോന്നിപ്പോകുമാറ് അത്രയേറെ ഉർദുവിൽ പ്രാവീണ്യമുള്ള പല വ്യക്തികളും ഞങ്ങളുടെ നാട്ടിലുണ്ട്. ഉർദുവിനു പുറമെ അറബി, പേർഷ്യൻ ഭാഷകളിലും പ്രഗത്ഭരാണവർ. മേൽപറഞ്ഞ കലാലയങ്ങളിൽ, പഴയതും പുതിയതുമായ ഉർദു സാഹിത്യകാരന്മാരെയും കവികളെയും കുറിച്ചുള്ള ഗവേഷണവിഷയത്തിൽ ഡീലിറ്റ്, ഫലാസഫി എന്നീ ഡിഗ്രികൾ പല വിദ്യാർഥികളും കരസ്ഥമാക്കിയിട്ടുണ്ടവി ടെ. വേറെ ഏതു വകുപ്പിൽ ഡിഗ്രി എടുത്താൽ ഉണ്ടാവുന്നതുപോലെ ഉർദുവിൽ ഡിഗ്രിയെടുത്താലും മററുള്ളവർക്കുപോലുള്ള എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നു. ഒരുവിധ പക്ഷപാതവും കാണിക്കാറില്ല.”

റഷ്യയിൽനിന്നും ഉർദു പഠനാർഥം ഇന്ത്യയിൽ വന്നു ഡിഗ്രി നേടിയ വിദ്യാർഥിയുടെ അഭിപ്രായ പ്രകടനമാണു മേലുദ്ധരിച്ചത്.

ഇനി അമേരിക്കയെ എടുക്കാം. അവിടുത്തെ ഗവർമെന്റ് ഉർദുവിനെ ഒരു നിർബന്ധവിഷയം ആക്കുകപോലും ചെയ്തിട്ടുണ്ട്. ന്യൂയോർക്കിലെ ഫോർഡാം യൂണിവേർസിറ്റിയോടനുബന്ധിച്ചു ഈയിടെ ഒരു പുതിയ കോളേജ് തുറന്നു. ഉർദു എഴുത്തും വായനയും അഭ്യസിക്കുകയെന്നതു അതിലെ വിദ്യാർഥികൾക്ക് നിർബന്ധമാക്കിയിരിക്കയാണ്. കോളേജിന്റെ ഉൽഘാടനവസരത്തിൽ ഇംഗ്ലീഷ് പ്രിൻസിപ്പാൾ കുട്ടികളെ സംബോധന ചെയ്തുകൊണ്ടു സരളമായ ഉർദുവിൽ ഇങ്ങനെ സരസഭാഷണം ചെയ്തു:

“വിദ്യാർഥികൾക്ക് ഔഷധങ്ങൾ ഉപയോഗിക്കേണ്ട ആവശ്യം നേരിടാത്ത വണ്ണം ഉർദു ഭാഷാ പഠനം ജീവിതത്തെ അത്രയേറെ രസാവഹവും ആകർഷകവുമാക്കിത്തീർക്കുന്നു.”

ഉർദു എടുക്കുന്നവർക്ക് മാത്രമെ ഈ കോളേജിൽ പ്രവേശനമുള്ളൂ എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

അമേരിക്കൻ പോലീസുകാർക്ക് ഉർദുവിൽ പരിശീലനം നൽകപ്പെടുന്നുവെന്നു അവിടുത്തെ റേഡിയോവിൽ കൂടി പ്രക്ഷേപണം ചെയ്തിരുന്നു. ഇതിനെക്കുറിച്ചു വിശദീകരണം നൽകിക്കൊണ്ട് ഒരു അമേരിക്കൻ വക്താവു പറഞ്ഞത് ഇങ്ങനെയാണ്: “ധാരാളം ഇന്ത്യക്കാരും പാക്കിസ്താനികളും ഞങ്ങളുടെ നാട്ടിൽ വന്നു സ്ഥിരതാമസമാക്കുന്നുണ്ട്. അധ്യയനാർഥം താൽക്കാലികമായി വരുന്ന വിദ്യാർഥിവൃന്ദം വേറെയും. ഇവർക്ക് അവിടുത്തെ നിയമങ്ങളും ചട്ടങ്ങളുമൊക്കെ മനസ്സിലാകുന്നതിൽ വലിയ വിഷമം നേരിടുന്നു. ഇതു പരിഹരിക്കുവാനായി അന്യനാട്ടുകാരായ ഇവർ ഇവരുടെ മാതൃഭാഷായായ ഉർദുവിൽതന്നെ വേണ്ട നിർദേശങ്ങളും മറ്റും നൽകുവാനായാണ് പോലീസുകാർക്ക് ഉർദുവിൽ പരിശീലനം നൽകാൻ ഗവർമെന്റ് തീരുമാനിച്ചത്.”

അമേരിക്കയിൽ പണ്ടേ ഉർദുവിന് ഒരു നല്ല സ്ഥാനമുണ്ട്. അതിപ്പോൾ അവിടെ കൂടുതൽ വികാസംപ്രാപിച്ചു

**“ഷിക്കാഗോവിലെ ഇസ്‌ലാമിക് യൂനിവേർസിറ്റിയെപ്പറ്റി കേട്ടിരിക്കുമല്ലോ. യൂനിവേർസിറ്റി ഓഫ് ഇസ്‌ലാം എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്. അന്തർദേശീയ പ്രശസ്തിയാർജിച്ച ഹെവിവെയ്റ്റ് ബോക്സർ ചാമ്പ്യൻ മുഹമ്മദലി ക്ലേയാണ് ഇതിന്റെ രക്ഷാകർതൃത്വം വഹിച്ചിരുന്നത്. ഇംഗ്ലീഷ്, അറബിക്, ഉർദു എന്നീ ഭാഷകളിൽകൂടി ഇസ്‌ലാമിക പാഠങ്ങളുടെ മുഴുവൻ കോഴ്സും അവിടെ നടത്തപ്പെടുന്നു. 'പയാമെ മുഹമ്മദ്' എന്ന പേരിൽ ഒരു ഉർദു മാസികയും ഈ യൂനിവേർസിറ്റി പ്രസിദ്ധീകരിച്ചുവരുന്നുണ്ട്.”**

വരികയാണ്. യൂനിവേഴ്സിറ്റിയിൽ ഉർദുവിനു പ്രത്യേക വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടെ നിന്നും അധ്യേതാക്കൾ ഉർദുവിൽ ഉപരിപഠനം നേടിവരുന്നു. 'നയീ സദി' എന്ന ഒരു ഉർദു മാസികകൂടി ഈ കലാലയത്തിൽനിന്നും പ്രസിദ്ധീകരിക്കുന്നുണ്ട്. ഉർദുവിനോടുള്ള സ്ഥലവാസികളുടെ മതിപ്പിനെ കാണിക്കുന്നതിന് ഒരു ഉത്തമോദാഹരണമാണിത്. ഇതേ യൂനിവേഴ്സിറ്റിയിലെ ഉർദു അധ്യാപകൻ ജ: നയീം ചൗധരി സാഹിബാണ് പ്രസ്തുത മാസികയുടെ എഡിറ്റർ.

ബ്രിട്ടനിൽ ഉർദുവിന്റെ വ്യാപ്തി ഉച്ചകോടിയെ പ്രാപിച്ചിരിക്കയാണിപ്പോൾ. അവിടെ ഇന്നു ഏതെങ്കിലും ഒരു വിജ്ഞാപനം ഉർദുവിൽ പ്രസിദ്ധീകരിക്കപ്പെടാത്ത ഒരൊറ്റദിവസമെങ്കിലും കാണുകയില്ല. മിക്ക സിനിമാ നിർമാതാക്കളും തങ്ങളുടെ സിനിമകളെക്കുറിച്ചുള്ള പോസ്റ്ററുകളും ലഘുലേഖകളും മറ്റും ഉർദുവിൽ മുദ്രണം ചെയ്യിച്ചു വിതരണം ചെയ്തുവരുന്നു.

ബ്രിട്ടനിൽ ഏറ്റവും അധികം പ്രചാരമുള്ള 'ഡയിലി മെയിൽ' അതിന്റെ വാരാന്തപ്പതിപ്പിൽ ഒരുപുറം ഉർദുവിലാണ് അച്ചടിക്കുന്നത്. ഉർദു അറിയുന്ന അവിടത്തെ പൗരന്മാർ ആർത്തിയോടെയാണ് ഇതിനു കാത്തിരിക്കുന്നത്. ഇതിനുപുറമെ സ്കോട്ലാന്റ് സ്റ്റെയ്റ്റിൽനിന്നും 'ഉർദു ടൈംസ്' എന്നൊരു ഉർദു ദിനപ്പത്രം കുറെക്കാലമായി പ്രശസ്തമായി നടന്നുവരുന്നു. ബ്രിട്ടന്റെ പത്രപ്രവർത്തന ചരിത്രത്തിൽ ഒരു സുവർണാധ്യായമാണ് ഇതു കുറിക്കുന്നത്. ഉർദു വാരികകളും മാസികകളുമായി പതിനഞ്ചോളം ഇതിനുപുറമെ വേറെയുമുണ്ടവിടെ.

ബ്രിട്ടനിലുള്ള കമ്പനികളിലെ ആപ്പീസുകളും, ഹോട്ടൽ ആന്റ് ബേക്കറീസ് ഫെഡറേഷന്റെ മേലുദ്യോഗസ്ഥരും തങ്ങളുടെ ജീവനക്കാർക്ക് ഉർദു പഠനത്തിനു ഏർപ്പാടുചെയ്തിട്ടുണ്ട്. പ്രത്യേകിച്ചും വലിയ പട്ടണങ്ങളിലെ ഹോട്ടലുകളിലെയും ബേക്കറികളിലെയും ജീവനക്കാർക്ക് ഉർദു പരിജ്ഞാനം നിർബന്ധമാണ്. മേൽപറഞ്ഞ ഫെഡറേഷന്റെ അധ്യക്ഷൻ ഒരു സ്റ്റെയിറ്റുമെന്റിൽ പറഞ്ഞത് ഇങ്ങനെയാണ്:

"ഞങ്ങളുടെ ജീവനക്കാർക്ക് ഉർദു അറിയാത്ത പക്ഷം വലിയ ബുദ്ധിമുട്ടുണ്ടാകും. ഇന്ത്യക്കാരും പാക്കിസ്താനികളുമായ ധാരാളം വിദ്യാർഥികളും സഞ്ചാരികളും അനുദിനം ഞങ്ങളുടെ നാട്ടിൽ വന്നുകൊണ്ടിരിക്കുന്നു. അവരുടെ നാട്ടിലെ പാരമ്പര്യം നിലനിർത്തിക്കൊണ്ടുതന്നെ ഞങ്ങൾ അവരെ സേവിക്കുവാനാഗ്രഹിക്കുന്നു. ഇതിനു ഉർദു അനിവാര്യമാണ്."

ഇതേ പ്രശ്നത്തെ കണക്കിലെടുത്തുകൊണ്ടു തന്നെയാണ് ബ്രിട്ടനിലെ ഒരു ബാങ്ക് അതിന്റെ വിജ്ഞാപനം ഉർദുവിൽ പ്രസിദ്ധീകരിക്കുന്നതും. ഉർദു അറിയുന്ന ബ്രിട്ടീഷ് നിവാസികൾ ഈ ബാങ്കുമായി ഇടപാടുണ്ടാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ബാങ്ക് അതിന്റെ പ്രവർത്തനങ്ങളെപ്പറ്റിയും ലോകത്തെങ്ങും പരന്നുകിടക്കുന്ന അതിന്റെ 1500 ശാഖകളെക്കുറിച്ചും പ്രസ്തുത വിജ്ഞാപനത്തിൽ പരാമർശിച്ചിട്ടുണ്ട്.

ഷിക്കാഗോ(അമേരിക്ക)വിലെ ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയെപ്പറ്റി കേട്ടിരിക്കുമല്ലോ. യൂനിവേഴ്സിറ്റി ഓഫ് ഇസ്‌ലാം എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്. അന്തർദേശീയ പ്രശസ്തിയാർജിച്ച ഹെവിവൈറ്റ് ബോക്സർ ചാമ്പ്യൻ മുഹമ്മദലിക്ലെയാണ് ഇതിന്റെ രക്ഷാകർതൃത്വം വഹിക്കുന്നത്. ഇംഗ്ലീഷ്, അറബിക്, ഉർദു എന്നീ ഭാഷകളിൽകൂടി ഇസ്‌ലാമിക പാഠങ്ങളുടെ മുഴുവൻ കോഴ്സും അവിടെ നടത്തപ്പെടുന്നു. ലോകത്തിലെ വിവിധ നാടുകളിൽനിന്നും വിദ്യാപ്രേമികൾ അങ്ങോട്ട് ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. 'പയാമെ മുഹമ്മദ്' എന്ന പേരിൽ ഒരു ഉർദു മാസികയും ഈ യൂനിവേഴ്സിറ്റി പ്രസിദ്ധീകരിച്ചുവരുന്നുണ്ട്.

'ബസ്മെ ഉർദു' എന്ന പേരിൽ ഒരു സ്ഥാപനം ദീർഘകാലമായി സൗദി അറേബ്യയിൽ ഉർദുവിന്റെ സേവനം നിർവഹിച്ചുവരുന്നു. ഇതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങൾ 'ബസ്മി'ന്റെ



അധ്യക്ഷൻ ജനാബ് സയ്യിദ് അഹമ്മദ് മദനി ഈ ലേഖകന് അയച്ചുതരികയുണ്ടായി. സൗദി അറേബ്യയിലെ പൊതുഭാഷ അറബിയാണെങ്കിലും അവിടെ ഉർദുവിനു നല്ലൊരു സ്ഥാനമുണ്ടെന്നും അറബികൾ ആവേശപൂർവം ഇതിൽ താൽപര്യം കാണിച്ചുവരുന്നുവെന്നും ഈ റിപ്പോർട്ടു വ്യക്തമാക്കുന്നു. അധ്യക്ഷനവർകൾ ഇങ്ങനെ എഴുതുന്നു:

"ബസ്മെ ഉർദു'വിന്റെ വകയായി മദീനയിൽ ഒരു ലൈബ്രറിയുണ്ട്. ഇതിലുള്ള ഉർദു ഗ്രന്ഥങ്ങൾ പതിനായിരത്തോളം വരും. ഈ ലൈബ്രറിയെ കൂടുതൽ വിപുലീകരിക്കാനും ഗ്രന്ഥശേഖരണം നടത്തുവാനുമായി ഈയിടെ സ്ഥാപനത്തിന്റെ കാര്യദർശി ഒരു ഇന്ത്യ-പാക്ക് പര്യടനം നടത്തി. ഉർദുവിലെ എല്ലാ പത്രമാസികകളും ഗ്രന്ഥങ്ങളും ഈ ലൈബ്രറിയിൽ ഉണ്ടായിരിക്കണം എന്നതായിരുന്നു പര്യടനോദ്ദേശ്യം. ഈ സ്ഥാപനത്തിന്റെ കീഴിൽ ഓരോ മാസവും സാഹിത്യസദസുകളും കവിസമ്മേളനങ്ങളും നടത്തിവരുന്നു. അടുത്തുതന്നെ ഒരു കാവ്യ സമാഹാരവും 'ഹിജാസിലെ ഉർദുകവികൾ' എന്ന കൃതിയും പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിരിക്കയാണ് ഞങ്ങൾ."

ദക്ഷിണാഫ്രിക്കയിലെ 'ട്രാകൻവാൾ' നഗരത്തിലും ഇത്തരത്തിലുള്ള ഒരു സംഘടനയുണ്ട്. 'ബസ്മെ അദബ്' എന്നാണു പേര്. ഇത് ഉർദുവിന്റെ നിശ്ശബ്ദവും എന്നാൽ മഹത്തരവും ആയ സേവനങ്ങൾ അനുഷ്ഠിച്ചുവരുന്നു. ചിരകാലമായി അവിടെ കുടിയേറി പാർത്തുവരുന്ന ജ:ഫാറൂക്കി സാഹിബാണ് ഇതിന്റെ തലവൻ. അദ്ദേഹത്തിന്റെ മാതൃഭാഷ ഗുജറാത്തിയാണെങ്കിലും ഉർദുവിന്റെ ഒരു ആരാധകനാണദ്ദേഹം. അദ്ദേഹം ഈയിടെ ഡർബനിൽനിന്നും പ്രകാശനം ചെയ്ത പുസ്തകം തന്നെ ഇതിനു സാക്ഷ്യംവഹിക്കുന്നു.

ദുബായിൽ ഉർദുവിന് അഭിലഷണീയമായ പുരോഗതിയുണ്ടായിട്ടുണ്ട്. നാൽപതു കൊല്ലം മുമ്പാണ് ഒരു ഇന്ത്യൻ പണ്ഡിതൻ ആദ്യമായി അവിടെ ഉർദു പഠനം സമാരംഭിച്ചത്. ഇന്ന് അവിടെ അഞ്ച് ഉർദു മീഡിയം സ്കൂളുകൾ ഉണ്ട്. ദുബായിലെ അറബികൾ അറബിഭാഷയോടൊപ്പം ഉർദുവിനെയും പ്രോത്സാഹിപ്പിക്കുകയും തങ്ങളുടെ കുട്ടികൾക്കു ഉർദു പഠനം നൽകുന്നതിൽ അഭിമാനം കൊള്ളുകയും ചെയ്യുന്നു.

മിസ്റ്റർ ഫൈനസ് റൈഹാനി എന്ന പാതിരി (ഇദ്ദേഹം ഉർദു പേർഷ്യൻ ഭാഷകളിൽ നല്ല പണ്ഡിതനാണ്) ഈയിടെ ഒരു സ്റ്റേറ്റിറ്റുമെന്റിൽ ഇങ്ങനെ പറഞ്ഞു:

"ഉർദുവിലെ ഇംഗ്ലീഷ് കവികളുടെ ജീവചരിത്രം പുസ്തകരൂപത്തിൽ അടുത്തുതന്നെ പ്രസിദ്ധീകരിപ്പാനും ലോകത്തിന്റെ ഓരോ മൂലയിലും ഇതു വിതരണം ചെയ്യുവാനും അഖിലേന്ത്യാ ക്രൈസ്തവസമ്മേളനം തീരുമാനിച്ചിരിക്കുകയാണ്."

ഉർദുവിനെപ്പറ്റി അഭിപ്രായപ്രകടനം നടത്തിക്കൊണ്ട് അദ്ദേഹം തുടർന്നു: "ലോകത്തിലെ ഭാഷകളുടെ കൂട്ടത്തിൽ ഇത്രയേറെ മധുരമേറിയ ഒരു ഭാഷ ഉർദുവിനെപ്പോലെ വേറെ കാണുകയില്ല. ഇതുകൊണ്ട് തന്നെയാണ് ഇംഗ്ലീഷുകാർ തങ്ങളുടെ ഭരണകാലത്ത് ഇതിനെ പ്രോത്സാഹിപ്പിക്കുവാനും ഇതിൽ നിന്നും ലാഭം നേടുവാനും മുതിർന്നത്. ഉർദു ഏതെങ്കിലും ഒരു വർഗത്തിന്റെയോ മതത്തിന്റെയോ ഭാഷയല്ല. ലോകത്തിലൊട്ടുക്കും വ്യാപിച്ചുകിടക്കുന്ന ഒരു ജീവസ്സുറ്റ ഭാഷയാണിത്. ഇതിനെ ആർക്കും നശിപ്പിക്കാനാവില്ല."

'നേപ്പാൾ സെക്കണ്ടറി എജുക്കേഷൻ ബോർഡ്' ഉർദുവിനെ കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നുവെന്ന് ഈയിടെ നേപ്പാൾ ഗവർമെന്റ് പ്രഖ്യാപിക്കുകയുണ്ടായി. ഇനി അവിടെ വിദ്യാർഥികൾക്കു സ്കൂളുകളിൽനിന്നുതന്നെ ഉർദു പഠിക്കാവുന്നതാണ്. നേപ്പാളികൾക്കു പൊതുവിൽ ഉർദു അറിയാം. എന്നാൽ പാഠ പദ്ധതിയിൽ അതിനെ ഉൾപ്പെടുത്താനുള്ള വിദ്യാർഥികളുടെ ആവശ്യം ഗവർമെന്റ് അംഗീകരിച്ചിരിക്കുന്നു. അവിടുത്തെ വിദ്യാർഥി നേതാവ് ജ: മുഹമ്മദ് ഇസ്രായൽ സാഹിബ് എഴുത്തുമൂലം അറിയിച്ച സന്തോഷവാർത്തയാണിത്.

ഇത്രയും പറഞ്ഞതിൽനിന്നും ഉർദു ഒരു പ്രത്യേക വർഗത്തിന്റെയോ മതത്തിന്റെയോ മാത്രം ഭാഷയല്ലെന്ന കാര്യം വ്യക്തമായല്ലൊ. ഇതൊരു അന്തർദേശീയ ഭാഷയാണ്. ലോകത്തിലെ ആയിരക്കണക്കിനുള്ള ഭാഷകളുടെ കൂട്ടത്തിൽ മൂന്നാം സ്ഥാനമാണ് ഉർദുവിന്റേത്. ഈ മഹത്തരമായ ഭാഷയെ യാതൊരാൾക്കും യാതൊരു ശക്തികൊണ്ടും ഒരു കാലത്തും അമർത്തുവാനോ നശിപ്പിക്കുവാനോ സാധ്യമല്ല. ഈ യാഥാർഥ്യം ഇവിടുത്തെ ഉർദുവിരോധികൾ ഒന്നു മനസ്സിലാക്കിയാൽ കൊള്ളാം.


**ശബിസ്താൻ-ഡൽഹി**

**വിവ: എസ്.എം അൻവർ**

**(സൽസബീൽ ത്രൈ മാസിക, 1971, ഓഗസ്റ്റ്)**

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി



# മതപരിവർത്തനത്തിന്റെ കേരളീയ മുഖം

**ഇഷ്ടപ്പെട്ട മതം സ്വീകരിക്കാനും ആചരിക്കാനും ഉപേക്ഷിക്കാനുമുള്ള സ്വാതന്ത്ര്യം വകവെച്ച് തരുന്ന ഭരണഘടനയാണ് ഇന്ത്യയുടേത്. ഏത് മതത്തിൽ നിന്നായാലും സ്വാഭീഷ്ടപ്രകാരമുള്ള മതപരിവർത്തനം ആരെയും അലോസരപ്പെടുത്തേണ്ട കാര്യമില്ല. എന്നാൽ മതംമാറ്റത്തിന് സ്വന്തം വ്യാഖ്യാനങ്ങൾ ചമച്ച് സമൂഹത്തിൽ വിഭാഗീയത വളർത്തുന്നവരെ രാജ്യം ഒറ്റപ്പെടുത്തേണ്ടതുണ്ട്.**

കേരളത്തിലെ വിവിധ മതവിഭാഗങ്ങളിൽനിന്നും അപക്വമായ പ്രസ്താവനകളും പ്രതികരണങ്ങളും പലപ്പോഴായി ഉണ്ടായിട്ടുണ്ട്. പാലാ ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ടിന്റെതായി പുറത്തുവന്ന ലവ് ജിഹാദ്, നാർക്കോട്ടിക് ജിഹാദ് തുടങ്ങിയ പദപ്രയോ

ഗങ്ങൾ ഇത്തരത്തിലുള്ള അപക്വവും പ്രതിലോമകരവുമായ പ്രസ്താവനകൾക്കുള്ള ഒടുവിലത്തെ ഉദാഹരണമാണ്. ബിഷപ്പിന്റെ പ്രതികരണം കേരളീയ സമൂഹത്തിൽ വലിയ ഓളങ്ങൾ സൃഷ്ടിച്ചു കഴിഞ്ഞു. ക്രിസ്ത്യൻ- മുസ്‌ലിം ധ്രുവീകരണം സൃഷ്ടിക്കുന്ന തരത്തിലേക്ക് പ്രസ്താവനയും അതേത്തുടർന്നുണ്ടായ ചർച്ചകളും പിന്നീടുള്ള ദിവസങ്ങളിൽ അപകടകരമായ അവസ്ഥയിലേക്ക് വഴിമാറി. പ്രശ്നത്തെ ആളിക്കത്തിക്കുന്ന തരത്തിലേക്ക് ദൃശ്യമാധ്യമങ്ങളിലെ അന്തിചർച്ചകൾക്ക് കൊഴുപ്പേറി. ചർച്ചകളിൽ വർഗീയമായി സംസാരിക്കാൻ സാധിക്കുന്നവരെ കൊണ്ടുവരാൻ ചാനലുകാർ പ്രത്യേകം ശ്രദ്ധിച്ചു. 'പുരകത്തുമ്പോൾ ബീഡി കൊളുത്തുക' എന്ന ചൊല്ലിനെ അനുസ്മരിപ്പിക്കും വിധമാണ് ചില രാഷ്ട്രീയ നേതാക്കൾ ഈ വിഷയത്തിൽ ഇടപെട്ടത്.

### അവസരം മുതലാക്കുന്ന സംഘ്പരിവാർ

മുസ്‌ലിം വിരുദ്ധതയെ രാഷ്ട്രീയമായി അവതരിപ്പിക്കുന്ന സംഘ്പരിവാർ നേതാക്കൾക്ക് ഇതൊരു സുവർണാവസരമായി. ക്രിസ്ത്യൻ സമുദായത്തിന് വേണ്ടി കണ്ണീരൊഴുക്കുന്ന പരിവാർ നേതാക്കളെയാണ് പിന്നീട് കണ്ടുതുടങ്ങിയത്. ബിഷപ്പിന്റെ പ്രസ്താവനയിൽ ഒരു കുഴപ്പവുമില്ലെന്നും ഇവിടെ ലവ് ജിഹാദും നാർകോട്ടിക്ക് ജിഹാദുമാണ് നടന്നുകൊണ്ടിരിക്കുന്നതെന്നും ക്രിസ്ത്യാനികളുടെ കൂടെ തങ്ങളുണ്ടെന്നുമൊക്കെയാണ് അവർ തട്ടിവിട്ടത്. കേരളത്തിലെ മഹാഭൂരിപക്ഷം ക്രിസ്ത്യാനികളെ ഇതുവഴി ഒപ്പം കൂട്ടാമെന്ന ദിവാസ്വപ്നത്തിലാണ് സംഘ്പരിവാർ. എന്നാൽ ബിജെപിക്ക് കേരളരാഷ്ട്രീയത്തിൽ സ്വാധീനമുണ്ടാക്കാൻ തങ്ങളെ ഉപയോഗിക്കുന്നതിന്റെ ഭാഗം മാത്രമാണീ സ്നേഹപ്രകടനത്തിന്റെ പിന്നിലെന്ന് ക്രിസ്ത്യാനികൾക്ക് അറിയാം. 1998ൽ തെക്ക് കിഴക്കൻ ഗുജറാത്തിലെ ഡാംഗ് ജില്ലയിൽ ഇരുപതോളം ചർച്ചുകൾ ചുട്ടുകരിച്ച സംഘപരിവാർ ഭീകരത ക്രിസ്ത്യാനികൾ മറക്കില്ല. 1999ൽ ഒഡിഷയിൽ ഇരുനൂറോളം ക്രിസ്ത്യൻ വീടുകൾ ചുട്ടു ചാമ്പലാക്കിയതും 2007ലും 2008ലും ഒഡിഷയിലെ കന്ദമാലിൽ നടന്ന കലാപങ്ങളും 2008ൽ തന്നെ കർണാടകയിൽ ക്രിസ്ത്യാനികൾക്കെതിരെ നടന്ന അതിക്രമങ്ങളും സംഘ്പരിവാറിന്റെ നേതൃത്വത്തിൽ നടന്ന ക്രിസ്ത്യൻ വിരുദ്ധ കലാപങ്ങളുടെ ഭാഗമായിരുന്നുവെന്ന് ആർക്കാണ് നിഷേധിക്കാൻ കഴിയുക?

### വിയോജിപ്പ് ക്രിസ്ത്യൻ സമൂഹത്തിൽനിന്നും

അതേസമയം ക്രിസ്തീയ സമൂഹത്തിൽനിന്നുതന്നെ ബിഷപ്പിന്റെ പ്രസ്താവനക്കെതിരെ നിലപാടുകൾ പ്രഖ്യാപിച്ചുകൊണ്ട് ചില നേതാക്കൾ പരസ്യമായി രംഗത്തുവന്നത് ശുഭോദർക്കമാണ്. കർദിനാൾ മാർ ബസേലിയോസ് ക്ലിമ്മിസ് ബാവ അടക്കമുള്ള ക്രിസ്ത്യൻ നേതാക്കൾ പാലാ ബിഷപ്പിന്റെ പ്രസ്താവന അപക്വവും സത്യവിരുദ്ധവുമാണെന്നും അത് പിൻവലിക്കപ്പെടേണ്ടതാണെന്നുമുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തിക്കഴിഞ്ഞു. ബിഷപ്പിന്റെ പ്രസ്താവന ചില മെത്രാന്മാരുടെ താൽപര്യപ്രകാരം മാത്രമാണെന്നാണ് ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ നേതാവ് ഫെലിക്സ് ജെ. പുല്ലൂടൻ അഭിപ്രായപ്പെട്ടത്. കൽദായ സുറിയാനി സഭാധ്യക്ഷൻ ബിഷപ് മാർ അപ്രേം, മലങ്കര യാക്കോബായ സഭ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ കൂറിലോസ്, സിറോ മലബാർ സഭ മുൻ വക്താവ് പോൾ തേലക്കാട്ട് തുടങ്ങിയവരും എതിർപ്പ് രേഖപ്പെടുത്തിയവരിൽ പ്രമുഖരാണ്.

> **“പ്രേമം നടിച്ചും മയക്കുമരുന്ന് നൽകിയും ക്രിസ്ത്യാനികളെ ചിലർ ഇസ്‌ലാം മതത്തിലേക്ക് കൊണ്ടുപോവുന്നു എന്ന ആരോപണമാണ് വിവാദത്തിന്റെ മർമം. സ്വന്തം പെൺകുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്നതോ മയക്കുമരുന്ന് നൽകി ജീവിതം നശിപ്പിക്കുന്നതോ ഒന്നുമല്ല ആരുടെയും പ്രശ്നം. ഹിന്ദു, മുസ്‌ലിം, ക്രിസ്ത്യൻ തുടങ്ങി മതമുള്ളവരിലും മതമില്ലാത്തവരിലും നടന്നുകൊണ്ടിരിക്കുന്ന ലൈംഗിക ചൂഷണങ്ങളുടെയും മയക്കുമരുന്ന് വ്യാപനത്തിന്റെയും തോത് വളരെ വലുതാണ്. അതുവഴി ജീവിതം ഹോമിക്കപ്പെടുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. പഞ്ചാബ് കഴിഞ്ഞാൽ കേരളത്തിലാണ് രാജ്യത്തെ ഏറ്റവും കൂടുതൽ നാർക്കോട്ടിക് കേസുകൾ റജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിൽ എല്ലാ മതവിഭാഗങ്ങളിൽ പെട്ടവരുമുണ്ട്. ഇതിനെതിരെയാണ് ബോധവത്കരണവും ശിക്ഷാനടപടികളും ശക്തമാക്കേണ്ടത്. ഇതൊന്നും കാണാതെ ഇതിന്റെ പേരിൽ മതപരിവർത്തനം നടക്കുന്നുവെന്ന് പറയുന്നത് യഥാർഥ പ്രശ്നത്തിൽനിന്നുള്ള ഒളിച്ചോട്ടമാണ്.”**

### വിവാദങ്ങളുടെ മർമം

വിവാദങ്ങൾ ചുറ്റിത്തിരിയുന്നത് മതപരിവർത്തനവുമായി ബന്ധപ്പെട്ടുകൊണ്ടാണ്. പ്രേമം നടിച്ചും മയക്കുമരുന്ന് നൽകിയും ക്രിസ്ത്യാനികളെ ചിലർ ഇസ്‌ലാം മതത്തിലേക്ക് കൊണ്ടുപോവുന്നു എന്ന ആരോപണമാണ് വിവാദത്തിന്റെ മർമം. സ്വന്തം പെൺകുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്നതോ മയക്കുമരുന്ന് നൽകി ജീവിതം നശിപ്പിക്കുന്നതോ ഒന്നുമല്ല ആരുടെയും പ്രശ്നം. മതംമാറ്റം നടക്കുന്നു എന്നതാണ് 'ഹൈലൈറ്റ്' ചെയ്യപ്പെടുന്നത്. ഹിന്ദു, മുസ്‌ലിം, ക്രിസ്ത്യൻ തുടങ്ങി മതമുള്ളവരിലും മതമില്ലാത്തവരിലും നടന്നുകൊണ്ടിരിക്കുന്ന ലൈംഗിക ചൂഷണങ്ങളുടെയും മയക്കുമരുന്ന് വ്യാപനത്തിന്റെയും തോത് വളരെ വലുതാണ്. അതുവഴി ജീവിതം ഹോമിക്കപ്പെടുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. പഞ്ചാബ് കഴിഞ്ഞാൽ കേരളത്തിലാണ് രാജ്യത്തെ ഏറ്റവും കൂടുതൽ നാർക്കോട്ടിക് കേസുകൾ റജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിൽ എല്ലാ മതവിഭാഗങ്ങളിൽ പെട്ടവരുമുണ്ട്. ഇതിനെതിരെയാണ് ബോധവത്കരണവും ശിക്ഷാനടപടികളും ശക്തമാക്കേണ്ടത്. എന്നാൽ ഇതൊന്നും കാണാതെ ഇതിന്റെ പേരിൽ മതപരിവർത്തനം നടക്കുന്നുവെന്ന് പറയുന്നത് യഥാർഥ പ്രശ്നത്തിൽനിന്നുള്ള ഒളിച്ചോട്ടമാണ്. ഇനി അങ്ങനെയൊന്നുണ്ടെങ്കിൽ അത് രാജ്യത്തിന്റെ നിയമങ്ങളനുസരിച്ച് കുറ്റകരമാണ്. അധികാരികൾക്ക് പരാതി നൽകുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയുമാണ് വേണ്ടത്.

### മതവും മതപരിവർത്തനവും

മതപരിവർത്തനം ലോകം ഉണ്ടായതുമുതൽ ഇന്നോളം സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രതിഭാസമാണ്. മതം എന്ന മലയാളപദം കൊണ്ട് വിവക്ഷിക്കപ്പെടുന്നത് അഭിപ്രായം എന്നാണ്. വിശ്വാസ സംബന്ധിയായി ഒരു മനുഷ്യൻ അഭിപ്രായരൂപീകരണം നടത്തുന്നത് രണ്ടു വിധത്തിലാണ്. ഒന്ന് സ്വന്തമായ ചിന്തയിലൂടെ ശരിയെന്ന് ബോധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുന്നത്. മറ്റൊന്ന് ചിന്തകൾക്കോ അന്വേഷണങ്ങൾക്കോ സ്ഥാനമില്ലാതെ പാരമ്പര്യമായി കടന്നുവരുന്നത്. ശരിയെന്ന് ബോധ്യമാവുമ്പോൾ സ്വീകരിക്കപ്പെടുന്ന അർഥത്തിൽ മതത്തെ അംഗീകരിക്കുമ്പോൾ അത് മാറ്റത്തിന് വിധേയമാകാവുന്നതാണ്. അതുകൊണ്ടുതന്നെ ഒരാളുടെ സ്വകാര്യമായ വിഷയമാണ് അയാളുടെ മതം. അത് നിർബന്ധിച്ചോ പ്രലോഭിപ്പിച്ചോ സ്വീകരിപ്പിക്കേണ്ട ഒന്നാവാൻ പാടില്ല. ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം മതം ഒരാളുടെ വ്യക്തിപരമായ കാര്യമാണ്. അതിന് ഒരാളെ നിർബന്ധിക്കാൻ പാടില്ല. ഭൗതികമായ പ്രലോഭനങ്ങളിൽ വീഴ്ത്തിക്കൊണ്ട് മതം മാറ്റാനും പാടില്ല. അത് കുറ്റകരമായ കാര്യമാണ്. മതത്തെ പരസ്പരം അറിയാനുള്ള സാഹചര്യം സൃഷ്ടിക്കാം. പക്ഷേ, മതം സ്വീകരിക്കുന്നതിന് എന്തെങ്കിലും ഉപാധികൾ ഉണ്ടായിരിക്കാൻ പാടില്ല.

### മതപരിവർത്തനത്തിന്റെ ഇസ്‌ലാമികമാനം

പ്രവാചകന്മാരിലൂടെയാണല്ലോ മതം ജനങ്ങളിലേക്ക് ആശയവിനിമയം നടത്തപ്പെട്ടിട്ടുള്ളത്. പ്രവാചകന്മാർ മതത്തെ അടിച്ചേൽപ്പിച്ചതായി കാണാൻ സാധിക്കില്ല. 'ലാ ഇക്റാഹ ഫിദ്ദീൻ' (മതം അടിച്ചേൽപിക്കപ്പെടേണ്ട ഒന്നല്ല) എന്ന ആശയമാണ് അവർ പറഞ്ഞുവെച്ചത്. ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം അതിന്റെ ആശയങ്ങൾ വിവേകപൂർണമാണ്. അതുകൊണ്ടുതന്നെ വിവേകത്തിലേക്ക് ഒരാളെ കൊണ്ടുവരാൻ അവിവേകം പാടില്ല. 'വിവേകം അവിവേകത്തിൽ നിന്നും വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു' (2:256). 'വാക്കുകൾ ശ്രദ്ധിച്ചു കേൾക്കുകയും അതിൽനിന്നും ഏറ്റവും നല്ലതിനെ പിൻപറ്റുകയും ചെയ്യുക. അതാണ് വിവേകത്തിന്റെ മാർഗം' എന്ന ആശയമാണ് ക്വുർആൻ മുന്നോട്ട് വെക്കുന്നത്. (39:18). സേവനപ്രവർത്തനങ്ങൾ പോലും മറ്റൊരാളെ ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്യാൻ വേണ്ടിയല്ല എന്നാണ് ക്വുർആന്റെ കാഴ്ചപ്പാട്. സേവനപ്രവർത്തനങ്ങൾ നടത്തുന്ന വിശ്വാസികളെ കുറിച്ച് വിശദീകരിച്ചപ്പോൾ ക്വുർആൻ പറഞ്ഞു: 'ആഹാരത്തോട് പ്രിയമുള്ളതോടൊപ്പം തന്നെ അഗതിക്കും അനാഥയ്ക്കും തടവുകാരന്നും അവരത് നൽകുകയും ചെയ്യും. അവർ പറയും: അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് ആഹാരം നൽകുന്നത്. നിങ്ങളുടെ പക്കൽനിന്നു യാതൊരു പ്രതിഫലവും നന്ദിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല. മുഖം ചുളിച്ചു പോകുന്നതും, ദുസ്സഹവുമായ ഒരു ദിവസത്തെ തീർച്ചയായും ഞങ്ങൾ ഭയപ്പെടുന്നു' (ക്വുർആൻ 76:810). സേവനപ്രവർത്തനങ്ങൾ വിശ്വാസിയുടെ പരലോക ഗുണത്തിന് വേണ്ടിയാണെന്നും നരകമോചനത്തിന് വേണ്ടിയാണെന്നും അതൊരിക്കലും മതത്തിലേക്ക് ആളെക്കൂട്ടുവാനോ പ്രലോഭനങ്ങളിലൂടെ മതപരിവർത്തനം നടത്തുവാനോ വേണ്ടിയല്ല എന്നുമാണ് ഇസ്‌ലാം മുന്നോട്ട് വെക്കുന്ന ആശയം.

ഒരാൾ താൻ വിശ്വസിക്കുന്ന മതത്തിലേക്ക് മറ്റൊരാളെ ക്ഷണിക്കുകയാണെങ്കിൽ അതിന്റെ പിന്നിൽ താൻ ശരിയെന്ന് മനസ്സിലാക്കിയ സത്യത്തിലേക്ക് അപരനെ കൂടി കൊണ്ടുവരിക എന്ന ഉദ്ദേശ്യമാണുള്ളതെങ്കിൽ അത് തെറ്റായ കാര്യമാണെന്ന് പറയാൻ സാധിക്കില്ല. നമ്മുടെ മനഃസാക്ഷി അത് ശരിയെന്ന് മാത്രമെ സാക്ഷ്യപ്പെടുത്തുകയുള്ളൂ. മതപരിവർത്തനം എന്ന വാക്ക് പലപ്പോഴും തെറ്റായ രൂപത്തിൽ വ്യാഖ്യാനിക്കപ്പെട്ടുണ്ട്. നിർബന്ധിത മതപരിവർത്തനം എന്നാണ് ചിലർ മതപരിവർത്തനം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കാറുള്ളത്. മതപ്രബോധനം എന്ന അർഥത്തിലാണ് ചിലർ അതിനെ നോക്കിക്കാണുന്നത്. മതപരിവർത്തനം ഒരു മതത്തിൽനിന്നും മറ്റൊരു മതത്തിലേക്കുള്ള മാറ്റമാണ്. അതുകൊണ്ട് ഏതുമതത്തിൽ നിന്നാണോ ഒരാൾ മാറുന്നത് പ്രസ്തുത മതത്തെ അത് ക്ഷീണിപ്പിക്കുന്നു. ഇതായിരുന്നു മതപരിവർത്തനം ഒരിക്കലും അനുവദിക്കാൻ പറ്റില്ലെന്ന് ഒരു കൂട്ടർ വാദിക്കാനുണ്ടായ കാരണം.

## ഭരണഘടന നിർമാണ സഭയിലെ മതപരിവർത്തന ചർച്ചകൾ

ഇന്ത്യയുടെ ഭരണഘടന നിർമാണ സഭയിൽ മതപരിവർത്തനം വളരെയധികം ചർച്ച ചെയ്യപ്പെട്ടിരുന്നു. 1947 ആഗസ്റ്റ് 30ന് സഭയിൽ പതിനേഴാം വകുപ്പായി അവതരിപ്പിക്കപ്പെട്ട ബിൽ ഇങ്ങനെയായിരുന്നു: 'നിർബന്ധിതമായിക്കൊണ്ടോ അവിഹിതമായ സ്വാധീനംകൊണ്ടോ ഒരു മതത്തിൽനിന്നും മറ്റൊരു മതത്തിലേക്കുള്ള പരിവർത്തനം നിയമം മൂലം അനുവദിക്കാവുന്നതല്ല' (Conversion from one religion to another brought about by coercion or undue Influence shall not be recognised by law).എന്നാൽ ഇങ്ങനെയൊരു വ്യവസ്ഥ ഭരണഘടനയിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന് സർദാർ പട്ടേൽ വാദിച്ചു. നിർബന്ധിത മതപരിവർത്തനം നേരത്തെതന്നെ നിയമംമൂലം നിരോധിക്കപ്പെട്ടിട്ടുണ്ട് എന്നതായിരുന്നു അതിനദ്ദേഹം പറഞ്ഞ കാരണം. എന്നാൽ പട്ടേലിനെ ഖണ്ഡിച്ചുകൊണ്ട് മദിരാശിയിൽനിന്നുള്ള എം. അനന്തശയനം അയ്യങ്കാർ മതപരിവർത്തനം പൂർണമായും നിരോധിക്കണം എന്ന് വാദിക്കുകയുണ്ടായി. അതിന് അദ്ദേഹം പറഞ്ഞ പ്രധാന ന്യായീകരണം ഭൂരിപക്ഷ സമുദായമായ ഹിന്ദുമതത്തിന്റെ എണ്ണം കുറയുമെന്നതായിരുന്നു. അയ്യങ്കാറിനെ പിന്തുണച്ചുകൊണ്ട് ആർ. വി ധൂലേക്കർ രംഗത്ത് വന്നു. ഹിന്ദുക്കളുടെ സംഖ്യാശക്തി കുറക്കാനുള്ള സംഘടിത ശ്രമങ്ങൾ നടക്കുന്നുണ്ടെന്നായിരുന്നു ധൂലേക്കറിന്റെ കണ്ടെത്തൽ. അധഃസ്ഥിത വിഭാഗങ്ങളിലെ സാധാരണക്കാരുടെ അജ്ഞത മുതലെടുത്ത്, പ്രലോഭനങ്ങൾ നടത്തി മറ്റു മതങ്ങളിലെ പ്രബോധകർ പരിവർത്തനം നടത്തുകയാണെന്നായിരുന്നു ബംഗാളിൽനിന്നുള്ള അധഃസ്ഥിതവിഭാഗങ്ങളുടെ പ്രതിനിധിയായ പി. ആർ ഠാക്കൂറിന്റെ പരാമർശം. ഇത്തരം മതപരിവർത്തനങ്ങൾ തട്ടിപ്പാണെന്നായിരുന്നു അദ്ദേഹത്തിന്റെ കണ്ടെത്തൽ. നിർബന്ധിത മതപരിവർത്തനം നേരത്തെ നിയമം മൂലം നിരോധിക്കപ്പെട്ടതായതിനാൽ ഈ വിഷയത്തിൽ കൂടുതൽ ചർച്ചകൾ ഇനി ആവശ്യമില്ല എന്ന നിഗമനത്തിലായിരുന്നു അന്ന് ഭരണഘടന നിർമാണ സഭ എത്തിച്ചേർന്നത്. (http://loksabhaph.nic.in/writereaddata/cadebatefiles/C01051947.html, https://indiankanoon.org/doc/209313/).

എന്നാൽ 1948 ഡിസംബർ 9 ന് മതപ്രബോധന സ്വാതന്ത്ര്യം അനുവദിക്കുന്ന 25ാം അനുച്ഛേദം (ഡ്രാഫ്റ്റ് ആർട്ടിക്കിൾ 19) ചർച്ചക്ക് വന്നപ്പോൾ മതപരിവർത്തനം വീണ്ടും വാദപ്രതിവാദത്തിന് വിധേയമായി. മതപ്രബോധന സ്വാതന്ത്ര്യം അവകാശമായി നൽകുന്ന ഈ അനുച്ഛേദം ഇന്ത്യയിലെ ഹിന്ദു സമുദായത്തെ അടിമകളാക്കുന്നതിനുള്ള ചാർട്ടർ ആണെന്നായിരുന്നു അസമിൽനിന്നുള്ള ലോക്നാഥ് മിശ്രയുടെ വിമർശനം. ഹിന്ദുമതത്തെ ഉന്മൂലനം ചെയ്ത് ഇസ്‌ലാം, ക്രിസ്തുമതങ്ങളെ സ്ഥാപിക്കുന്നതിനാണ് മതപ്രബോധന സ്വാതന്ത്ര്യമെന്ന പേരിൽ മതപരിവർത്തനത്തെ അനുകൂലിക്കുന്നത് എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. ദൈവവും മനുഷ്യനും തമ്മിലുള്ള സ്വകാര്യ ഇടപാട് മാത്രമാണ് മതമെന്നിരിക്കെ പരസ്യമായ മതപ്രബോധനം എന്തിനാണെന്നായിരുന്നു ബിഹാറിലെ മുസ്‌ലിം പ്രതിനിധി തജമ്മുൽ ഹുസൈന്റെ ചോദ്യം.

ഈ ചർച്ചകൾക്ക് അന്തിമവിരാമം കുറിച്ചുകൊണ്ട് മതപരിവർത്തനത്തിന്റെ അതിർത്തികൾ നിർണയിക്കുന്നതിൽ സുപ്രധാന പങ്കുവഹിച്ചത് കെ. എം മുൻഷിയും ടി.ടി. കൃഷ്ണമാചാരിയുമായിരുന്നു. 'പ്രബോധനം' (Propogation) എന്ന പദത്തിന് ക്രിസ്ത്യൻ സമുദായം നൽകുന്ന പ്രാധാന്യത്തെക്കുറിച്ചും എന്തുകൊണ്ടാണ് ഈ വാക്ക് ഭരണഘടനക്ക് ദോഷകരമല്ലാതാവുന്നത് എന്നതിനെക്കുറിച്ചുമാണ് കെ.എം മുൻഷി കാര്യമായും സഭയിൽ വിശദീകരിച്ചത്. 'ഈ പദത്തിന്മേലാണ്

ഇന്ത്യയിലെ ക്രിസ്ത്യൻ സമുദായം കാര്യമായ ഊന്നൽ നൽകുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനുള്ള കാരണം നിർബന്ധിതമായി മറ്റുള്ളവരെ പരിവർത്തനം ചെയ്യുന്നതിന് വേണ്ടിയല്ല, മറിച്ച് അതവരുടെ മതപരമായ ബാധ്യതയാണെന്ന് അവർ കരുതുന്നതുകൊണ്ടാണ്.'

ക്രിസ്ത്യൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ദീർഘകാലം പഠിച്ച മദ്രാസിൽനിന്നുള്ള ടി.ടി കൃഷ്ണമാചാരി എന്തുകൊണ്ടാണ് ഹിന്ദുക്കളിൽ ചിലർ ക്രൈസ്തവ മതം സ്വീകരിച്ചത് എന്നായിരുന്നു സഭയിൽ വിശദീകരിച്ചത്. ക്രിസ്തീയമതം മറ്റുള്ള മതവിഭാഗങ്ങളിലെ സഹോദരങ്ങളോട് സ്വീകരിച്ച പെരുമാറ്റരീതിയാണ് പലരെയും മതപരിവർത്തനത്തിന് പ്രേരിപ്പിച്ചതെന്നും ഒരു അയിത്തജാതിക്കാരൻ ക്രിസ്ത്യാനിയാവുന്നതോടെ അയാൾക്ക് ഹിന്ദു മതത്തിലെ ഒരു സവർണന് ലഭിക്കുന്ന സ്ഥാനമാണ് ലഭിക്കുന്നതെന്നും കൃഷ്ണമാചാരി പറഞ്ഞു. ഈ സംസാരങ്ങളാണ് സഭയെ ഒരു അന്തിമ തീരുമാനത്തിലെത്താൻ സഹായിച്ചത്. ദൈവത്തിന്റെയും സ്വന്തം മതപ്രമാണങ്ങളുടെയും അടിസ്ഥാനത്തിൽ മതപ്രബോധനം നടത്തുന്നതും അതുവഴി മതപരിവർത്തനം നടത്തുന്നതും ഒരു വിശ്വാസപരമായ ബാധ്യതയായി ഒരാൾ കാണുന്നുവെങ്കിൽ അതിന് തടസ്സം നിൽക്കേണ്ടതില്ല എന്നും എന്നാൽ അത് ഓരോ വ്യക്തിയുടെയും മനഃസാക്ഷിയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം എന്നുമുള്ള അവബോധത്തിലാണ് ഭരണഘടന നിർമാണ സഭ അന്ന് എത്തിച്ചേർന്നത്. മതപ്രബോധനം മൗലികാവകാശമായതിന്റെ ഒരു ലഘുചരിത്രമാണിത്. പീഡനങ്ങളോ പ്രീണനങ്ങളോ ബലാൽക്കാരമോ അടിച്ചേൽപിക്കലോ ഭൗതിക വ്യാമോഹങ്ങളോ പ്രലോഭനങ്ങളോ ഒന്നുമില്ലാതെ, ഒരാൾ അയാളുടെ മതവിശ്വാസവും വിജ്ഞാനങ്ങളും മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്നതും അതിലേക്ക് ക്ഷണിക്കുന്നതുമെല്ലാം ഭരണഘടന അനുവദിച്ചിട്ടുള്ള മൗലികാവകാശങ്ങളിൽ പെട്ടതാണ് എന്നു ചുരുക്കം. (https://indiankanoon.org/doc/607985/).

## മതപരിവർത്തനത്തിലെ രാഷ്ട്രീയം

മതപരിവർത്തനം സ്വന്തം സമുദായത്തിന്റെ അംഗബലം കൂട്ടുക എന്ന ലക്ഷ്യത്തോടെ മാത്രമാണെങ്കിൽ അത് കേവലം രാഷ്ട്രീയമാണ്. അതിന് മതത്തിന്റെ ശരിയായ അകക്കാമ്പിനെ ഉൾക്കൊള്ളാൻ സാധിക്കില്ല. ഇത്തരം 'രാഷ്ട്രീയങ്ങൾ' ആണ് മതപ്രബോധന മേഖലയെ സംഘർഷഭരിതമാക്കുന്നതും സങ്കീർണമാക്കുന്നതും. ഒരാൾ അയാൾക്ക് മനസ്സിലായ സത്യത്തിൽ ഉറച്ചുനിന്നുകൊണ്ട് മതവിശ്വാസം രൂപീകരിക്കുന്നുവെങ്കിൽ അത് കുഴപ്പങ്ങൾ സൃഷ്ടിക്കില്ല. അതിനെ ചോദ്യം ചെയ്യാനോ തടയാനോ ഇവിടെയുള്ള ഏതെങ്കിലും മത മേലധ്യക്ഷന്മാർക്കോ പുരോഹിതന്മാർക്കോ അധികാരമില്ല. ക്രിസ്തീയ സഭകൾക്ക് ഇപ്പോൾ ഉണ്ടായിട്ടുള്ള ആശങ്ക ക്രിസ്തീയ മതം ഉപേക്ഷിച്ച് ചിലർ മറ്റു മതങ്ങൾ സ്വീകരിക്കുന്നതാണെങ്കിൽ ആ ആശങ്ക അസ്ഥാനത്താണ്. കാരണം മറ്റു മതങ്ങളിൽനിന്നും ധാരാളം പേർ ഇതുപോലെ ക്രിസ്തീയ മതം സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ വളരെ വ്യവസ്ഥാപിതമായി മതപ്രബോധനത്തിനും മതപരിവർത്തനത്തിനുമായി മിഷണറി പ്രവർത്തനങ്ങൾ തുടങ്ങിയത് ക്രിസ്ത്യൻ സഭകളാണ്. മിഷണറി പ്രവർത്തനങ്ങൾക്ക് കേവലം വിശ്വാസ പ്രചാരണങ്ങൾ ആയിരുന്നില്ല സഭകൾ സ്വീകരിച്ചിരുന്നത്. വിദ്യാഭ്യാസം, ആതുരസേവനം തുടങ്ങിയ ജനക്ഷേമകരമായ കാര്യങ്ങളായിരുന്നു പ്രധാനമായും മുമ്പോട്ടുവെച്ചിരുന്നത്. വിശ്വാസത്തിൽ ആകൃഷ്ടരായിട്ടല്ല, മറിച്ച് ഭൗതികമായ വിഭവങ്ങളിൽ ആകൃഷ്ടരായിക്കൊണ്ടാണ് പലരും ക്രിസ്തുമതം സ്വീകരിച്ചിരുന്നത്. ഇത് പലപ്പോഴും സംഘർഷങ്ങൾക്ക് വഴിവെച്ചിട്ടുണ്ട്.

മതപരിവർത്തനത്തിന് സ്നേഹം (Love), മയക്കുമരുന്ന് (Narcotics), മറ്റു ഭൗതിക സൗകര്യങ്ങൾ എന്നിവ ഉപയോഗിക്കുന്നത് ഇസ്‌ലാമിൽ കുറ്റകരമാണ്. അതുകൊണ്ടുതന്നെ 'ലവ് ജിഹാദ്' തുടങ്ങിയ പ്രയോഗങ്ങൾ ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെ ഉപയോഗിക്കുന്നത് അന്യായമാണ്. അതേസമയം ഭൗതിക സൗകര്യങ്ങൾ നൽകിക്കൊണ്ട് ക്രിസ്തുമതത്തിലേക്ക് അന്യമതങ്ങളിൽ പെട്ടവരെ ആകർഷിക്കുന്നതിൽ ക്രിസ്ത്യൻ സഭകൾ തെറ്റുകാണുന്നുമില്ല. ഒരു ക്രിസ്ത്യൻ പെൺകുട്ടിയെ പ്രേമത്തിൽ വീഴ്ത്തി മതം മാറ്റുന്നതിനെ ലവ് ജിഹാദ് എന്ന് വിളിക്കാമെങ്കിൽ വിദ്യാഭ്യാസമോ (Education) ചികിത്സയോ (Medical Treatment) നൽകി ആളുകളെ ക്രിസ്തീയ മാർഗത്തിലേക്ക് കൊണ്ടുപോകുന്നതിന് എന്തുപേരാണ് വിളിക്കുക? 'സേവന കുരിശുയുദ്ധം' (Service crusade) എന്നാണോ? ഇത്തരത്തിലുള്ള വിമർശനങ്ങൾ എല്ലാ മതവിഭാഗങ്ങളും ഒഴിവാക്കുകയാണ് വേണ്ടത്. ഉത്തരവാദപ്പെട്ട മതനേതാക്കളിൽനിന്നും ഇതുപോലുള്ള പരാമർശങ്ങൾ ഉണ്ടാവാൻ പാടില്ല.

### ക്രിസ്ത്യാനികൾ: അൽപം ചരിത്രം

എഡി 52ൽ ക്രിസ്തുവിന്റെ ശിഷ്യൻ സെന്റ് തോമസ് (മാർ തോമസ് ശ്ലീഹ) മലങ്കരയിൽ (കേരളത്തിൽ) എത്തിയതോടെയാണ് ഇവിടെ ക്രിസ്ത്യാനികൾ തുടക്കം കുറിച്ചതെന്നാണ് ഐതിഹ്യം. ചരിത്രത്തിന്റെ പിൻബലം ഇതിനില്ലെങ്കിലും പൊതുവിൽ ജനങ്ങൾ ധരിച്ചുവെച്ചത് ഇങ്ങനെയാണ്. സെന്റ് തോമസും അനുയായികളും വഴി ക്രിസ്ത്യാനികളായവർ മാർതോമക്കാർ എന്നാണ് അറിയപ്പെട്ടിരുന്നത്. പിന്നീട് എഡി രണ്ടാം നൂറ്റാണ്ടിൽ സിറിയൻ പാത്രിയാർക്കീസുമായി ബന്ധമുള്ള ചിലർ കടൽമാർഗം കേരളത്തിലെത്തി. സുറിയാനി ഭാഷയായിരുന്നു അവരുടെ വൈദിക ഭാഷ. അതുകൊണ്ടുതന്നെ ആദ്യകാല ക്രിസ്ത്യാനികൾ സുറിയാനി നസ്രാണികൾ എന്നാണ് അറിയപ്പെട്ടിരുന്നത്. റോമിലെ മാർപാപ്പയുമായി ഇവർക്ക് ബന്ധമുണ്ടായിരുന്നില്ല. ഇവർ കത്തോലിക്കക്കാർ ആയിരുന്നില്ല എന്നർഥം. ക്നാനായ തൊമ്മൻ എന്നയാൾ കുറെ ആളുകളുമായി എഡി മൂന്നാം നൂറ്റാണ്ടിൽ എത്തി. അയാളുടെ പിന്മുറക്കാർ 'ക്നാനായ സുറിയാനി കത്തോലിക്കർ' എന്നാണ് അറിയപ്പെട്ടത്. സുറിയാനി നസ്രാണികൾ പൊതുവെ കേരളീയ പാരമ്പര്യം സ്വീകരിച്ച് വന്നവരായിരുന്നു. ഇവരെ 'പഴയ കൂറുകാർ' എന്നും വിളിക്കുന്നു.

### സുറിയാനികൾ പരിവർത്തനം ചെയ്യപ്പെട്ടതെങ്ങിനെ?

1498ൽ പോർച്ചുഗീസുകാർ കേരളത്തിൽ വരികയും പോർച്ചുഗീസ് മിഷണറി റോമുമായി ബന്ധമില്ലാതിരുന്ന കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളെ റോമിന്റെ കീഴിലുള്ള കത്തോലിക്കാ മതത്തിലേക്ക് നിർബന്ധിതമായി പരിവർത്തിപ്പിക്കുകയും ചെയ്തു. ഇതിനായി 1599ൽ ഉദയംപേരൂരിൽ ഒരാഴ്ച നീണ്ടുനിന്ന സൂനഹദോസ് സംഘടിപ്പിച്ചു. ഇങ്ങനെ പരിവർത്തിക്കപ്പെട്ടവരാണ് സീറോ മലബാർ സഭ. പോർച്ചുഗീസുകാർ ഹൈന്ദവ വിഭാഗത്തിൽനിന്ന് കുറെപേരെ മതപരിവർത്തനം നടത്തി. അവരാണ് ലത്തീൻ കത്തോലിക്കാ വിഭാഗം. 1700കളിൽ ബ്രിട്ടീഷുകാർ എത്തിയതോടെ പ്രൊട്ടസ്റ്റന്റ് സഭകൾ രൂപംകൊണ്ടു. റോമിലെ മാർപ്പാപ്പയോട് തെറ്റി മറ്റൊരു മാർഗം സ്വീകരിച്ചവരാണവർ. 'ചർച്ച് ഓഫ് സൗത്ത് ഇന്ത്യ' എന്നാണ് അവരുടെ സഭകൾ അറിയപ്പെടുന്നത്. പ്രൊട്ടസ്റ്റന്റുകളിൽനിന്നുള്ള നവീകരണ വിഭാഗമായി 1909ൽ പെന്തക്കോസ്ത് വിഭാഗവും ഉണ്ടായി.

1599ൽ ഉദയംപേരൂരിൽ വെച്ച് കത്തോലിക്കരായി പരിവർത്തനം ചെയ്യപ്പെട്ട സുറിയാനി നസ്രാണികളിൽ ചിലർ 1653ൽ പഴയ കൂറിലേക്ക് തന്നെ തിരിച്ചുപോയി. അവർ നടത്തിയ സത്യപ്രതിജ്ഞ കൂനൻകുരിശ് സത്യം എന്ന പേരിലാണ് അറിയപ്പെടുന്നത്. അവർ റോമിനെ അംഗീകരിച്ചില്ല. പകരം അന്ത്യോഖ്യയെ ആയിരുന്നു അവർ വൈദിക നേതൃത്വമായി സ്വീകരിച്ചിരുന്നത്. എന്നാൽ അവർക്കിടയിൽ ഭിന്നതകൾ ഉടലെടുത്തു. പൂർണമായ അധികാരം അന്ത്യോഖ്യ പാത്രിയാർക്കീസിന് നൽകിയവർ 'ബാവ കക്ഷി' എന്നറിയപ്പെട്ടു. എന്നാൽ ഭരണപരമായ കാര്യങ്ങളിൽ സ്വതന്ത്ര നിലപാട് സ്വീകരിച്ചവർ 'മെത്രാൻ കക്ഷി' എന്ന പേരിൽ വിളിക്കപ്പെട്ടു. ബാവ കക്ഷിയാണ് പിൽക്കാലത്ത് യാക്കോബായ വിഭാഗമായത്. മെത്രാൻ കക്ഷിയാണ് ഇന്നത്തെ മലങ്കര ഓർത്തോഡോക്സ് സഭ. അന്ത്യോഖ്യയെ അംഗീകരിച്ചവരിൽ പെട്ട മൂന്നാമത്തെ കക്ഷിയാണ് ഇന്നത്തെ കൽദായ സുറിയാനി (പേർഷ്യൻ അസ്സീറിയൻ) വിഭാഗം.



ഇങ്ങനെ വിവിധ വിഭാഗങ്ങളായ കേരളത്തിലെ ക്രിസ്ത്യാനികളെ പ്രധാനമായും നാലായി തരംതിരിക്കാം. (1) റോമൻ കത്തോലിക്കർ. സീറോ മലബാർ സഭ (40.2%), സീറോ മലങ്കര (7.8%), ലത്തീൻ കത്തോലിക്കാ (13.2%) എന്നീ വിഭാഗങ്ങളാണ് റോമൻ കത്തോലിക്കർ. ഇവരാണ് ഭൂരിപക്ഷം. 61.2%. (2) സുറിയാനി വിഭാഗം. മലങ്കര ഓർത്തോഡോക്സ് (8%), യാക്കോബായ (7.9%), മാർത്തോമാ (6.6%), കൽദായ (0.43%). ആകെ 14.93%. (3) പ്രൊട്ടസ്റ്റന്റ്. സി.എസ്.ഐ. (4.5%), പെന്തക്കോസ്ത് (4.3%), ദളിത് ക്രിസ്ത്യൻ (2.2%), സെവൻത് ഡേ അഡ്വന്റിസ്റ്റ് (0.58%), സെന്റ് തോമസ് ഇവാഞ്ചെലിക്കൽ (0.05). (4) മറ്റുള്ളവർ (4.46%).

### ക്രിസ്ത്യൻ മിഷണറിയുടെ തുടക്കം

പതിനഞ്ചാം നൂറ്റാണ്ടോടെ റോമൻ കത്തോലിക്കാ മിഷണറിയുടെ വരവോടെയാണ് കേരളത്തിൽ ക്രിസ്തീയ മതപരിവർത്തനത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. അടിമത്ത നിരോധനമടക്കമുള്ള സാമൂഹിക വിപ്ലവത്തിന്റെ ഉപജ്ഞാതാക്കൾ കത്തോലിക്കാ മിഷണറിമാർ ആണെന്നാണ് പൊതുവിൽ അറിയപ്പെടുന്നത്. എന്നാൽ മിഷണറിമാരുടെ ലക്ഷ്യം അതായിരുന്നില്ല. 'ക്രിസ്തുമതത്തിനൊരു കൈപ്പുസ്തകം' എന്ന ഗ്രന്ഥത്തിൽ പറയുന്നു: "യഥാർഥത്തിൽ മിഷണറിമാരുടെ മനസ്സിലിരിപ്പും മനഃശാസ്ത്രവും എന്തായിരുന്നു? അടിമത്തവും അധഃകൃത വർഗങ്ങൾ അനുഭവിച്ച സാമൂഹിക വിവേചനങ്ങളും ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെയാണോ അവർ കടൽ കടന്ന് തിരുവിതാംകൂറിൽ എത്തിയത്? നിശ്ചയമായും അല്ല. ആത്മാക്കളെ വലയിട്ടു പിടിക്കലായിരുന്നു അവരുടെ ലക്ഷ്യം. ക്രിസ്തുവിനു വേണ്ടിയുള്ള ഒരു യുദ്ധത്തിലായിരുന്നു അവർ. ഈ വിശ്വാസ യുദ്ധത്തെ വെള്ളക്കാരന്റെ അധിനിവേശ യുദ്ധവുമായി അവർ ബന്ധിപ്പിച്ചു. ബ്രിട്ടനിലെ വെള്ളക്കാരൻ ക്രിസ്ത്യാനിയാവുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ ക്രിസ്ത്യാനിയായ മലയാളി സുറിയാനികളെ നേരെയാക്കുവാനാണ് ആദ്യമവർ ശ്രമിച്ചത്. അത് ഉടക്കിപ്പിരിഞ്ഞപ്പോൾ പിന്നോക്കവിഭാഗങ്ങളുടെ ആത്മാക്കൾക്കായി അവർ വല വീശിയെറിഞ്ഞു" (ബോബി തോമസ്, പേജ് 340).

പുലയരും പറയരും മലയരന്മാരും നാടാർമാരും അടക്കമുള്ള അധഃസ്ഥിത വിഭാഗങ്ങളിൽ പലരും മതപരിവർത്തനം ചെയ്യപ്പെട്ടു. മതപരിവർത്തനത്തിന് പിന്നിൽ അടിമത്ത മോചനം, ജാതിപീഡനങ്ങളിൽനിന്നുള്ള രക്ഷ, നിർബന്ധിതമായ അടിച്ചേൽപിക്കൽ എന്നിവയായിരുന്നു. തികച്ചും ഭൗതികമായ താൽപര്യങ്ങളാണ് പിന്നാക്കക്കാരെ വൈദേശിക ക്രിസ്ത്യൻ മിഷണറികളുമായി അടുപ്പിച്ചത്. എന്നാൽ ഇങ്ങനെ പരിവർത്തനം ചെയ്യപ്പെട്ടവർക്ക് രണ്ടാംതരം ക്രിസ്ത്യാനികളായി ജീവിക്കേണ്ടിവന്നു. നേരത്തെ ഉണ്ടായിരുന്ന സുറിയാനി ക്രിസ്ത്യാനികൾ പരിവർത്തനം ചെയ്യപ്പെട്ട ദളിതരെ അപമാനിച്ചുകൊണ്ടിരിന്നു. അതേസമയം ബ്രിട്ടീഷുകാർ പരിവർത്തനം ചെയ്യപ്പെട്ട ദളിതരോട് ഒട്ടും ദയ കാണിച്ചതുമില്ല. ഡോ. ജെ ഡബ്ലിയൂ ഗ്ലാഡ്സ്റ്റൺ എഴുതുന്നു: "ഒരു സമ്പന്നനായ യജമാനൻ തന്റെ ജോലിക്കാരോട് കാണിക്കുന്ന പെരുമാറ്റമായിരുന്നു മിഷണറിമാരുടേത്. അല്ലാതെ ക്രിസ്തുവിനെ സ്നേഹിക്കുന്ന സഹപ്രവർത്തകരുടേതായിരുന്നില്ല" (കേരളത്തിലെ പ്രൊട്ടസ്റ്റന്റ് ക്രിസ്തുമതവും ബഹുജനപ്രസ്ഥാനങ്ങളും).

### മിഷണറിമാർ ഹിന്ദുക്കൾക്കെതിരെ

മിഷണറി പ്രവർത്തകർ ഹൈന്ദവ ആചാരങ്ങളെ പരസ്യമായി അവഹേളിക്കുന്ന സമീപനമായിരുന്നു പുലർത്തിയിരുന്നത്. ക്ഷേത്രങ്ങളുടെ മുമ്പിൽ നിന്നുകൊണ്ട് ഹിന്ദുവിശ്വാസങ്ങളെ എതിർത്തുകൊണ്ട് അവർ പ്രസംഗിക്കുമായിരുന്നു. മിഷണറിമാരുടെ ഇങ്ങനെയുള്ള ഹൈന്ദവ അധിക്ഷേപങ്ങൾ തുടർന്നപ്പോഴായിരുന്നു കേരളത്തിലെ പ്രമുഖ നവോത്ഥാന നായകനായിരുന്ന ചട്ടമ്പിസ്വാമികൾ പ്രതികരണവുമായി രംഗത്ത് വന്നത്. 'ക്രിസ്തുമതച്ഛേദനം' എന്ന സ്വാമിയുടെ ഗ്രന്ഥത്തിന്റെ പശ്ചാത്തലം അതായിരുന്നു. മതപ്രചാരണം അന്യമതങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലേക്ക് വഴിമാറുകയും മറ്റു മതങ്ങളുടെ ആരാധനാലയങ്ങളുടെ മുറ്റങ്ങളിൽ പോലും അധികാരികളുടെ പിന്തുണയോടെ നടത്തപ്പെടുകയും ചെയ്തതോടെയാണ് ചട്ടമ്പിസ്വാമിയെ പോലുള്ള വ്യക്തികൾ രംഗത്തു വന്നത്.

### മിഷണറിമാരും മക്തി തങ്ങളും

ഹിന്ദു മതം മാത്രമല്ല, ഇസ്‌ലാം മതവും മിഷണറിമാരുടെ ക്രൂരതകൾക്ക് വിധേയമായിരുന്നു. കേരളത്തിന്റെ നവോത്ഥാന നായകനായിരുന്ന സയ്യിദ് സനാഉല്ല മക്തി തങ്ങൾ 'കഠോരകുഠാരം' എന്ന പുസ്തകം രചിക്കാനുണ്ടായ കാരണം ക്രൈസ്തവ മിഷണറിമാർ ഇസ്‌ലാമിനെതിരെ നടത്തിയ ക്രൂരമായ പ്രചാരണങ്ങളായിരുന്നു. പ്രസ്തുത പുസ്തകത്തിൽ മക്തി തങ്ങൾ ദരിദ്രരുടെ അജ്ഞാനത്തെ മുതലെടുത്ത് മതപരിവർത്തനം നടത്തുന്നതിന്റെ അർഥശൂന്യത എടുത്തുപറയുന്നുണ്ട്. ഇസ്‌ലാമിനെ മാത്രമല്ല, ഹിന്ദു മതത്തെ തത്ത്വദീക്ഷയില്ലാത്തവിധം ഇകഴ്ത്തിപ്പറയുന്നതിനെയും അദ്ദേഹം വിമർശിക്കുന്നുണ്ട്. 'നിങ്ങളുടെ കണ്ണിൽ കോൽ ഇരിക്കവെ, ഹിന്ദുക്കളുടെ കണ്ണിലെ കരടിനെ തെരഞ്ഞു ശാസ്ത്രങ്ങളെയും ശാസ്ത്രകർത്താക്കളെയും വചനംകൊണ്ടും ലേഖനംകൊണ്ടും ആക്ഷേപിച്ചും നിന്ദിച്ചും വരുന്നത് അന്യായവും അധികപ്രസംഗവുമാകുന്നു' എന്നാണ് അദ്ദേഹം മിഷണറിമാരുടെ പ്രവർത്തനത്തെ കുറിച്ച് എഴുതിവെച്ചത്.

ഡോ. എം ഗംഗാധരൻ എഴുതുന്നു: 'അക്കാലത്ത് മലബാറിലെ ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും ആളുകൾ കൂടുന്നിടത്ത് ക്രിസ്തുമതപ്രചാരകർ മതപ്രഭാഷണം നടത്തിയിരുന്നു. ക്രിസ്തുമതത്തെ കുറിച്ചുള്ള ലഘുലേഖകളും അവർ വിതരണം ചെയ്തുപോന്നു. പ്രസംഗത്തിലും എഴുത്തിലും അവർ ഇസ്‌ലാം മതത്തെ വളരെ വികൃതമായി ചിത്രീകരിക്കുകയും ക്രിസ്തു മതം സ്വീകരിക്കാൻ പാവപ്പെട്ടവരെ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. ഇത് എതിർക്കപ്പെടേണ്ടതായി തോന്നിയതുകൊണ്ട് തന്റെ മുപ്പത്തിയാറാം വയസ്സിൽ തങ്ങൾ സർക്കാർ ജോലി രാജിവെക്കുകയും ക്രിസ്തുമത പ്രചാരകർ ഇന്നാട്ടിലെ ജനങ്ങളെ അപമാനിക്കുന്ന വിധത്തിലും തെറ്റായി ചിത്രീകരിക്കുന്നതിനെ എഴുത്തിലൂടെയും പ്രഭാഷണങ്ങളിലൂടെയും ചെറുക്കാനുള്ള പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്തു' (മാപ്പിള പഠനങ്ങൾ, പേജ് 75).

### ജനസംഖ്യാവാദവും തെറ്റിദ്ധാരണകളും

ഇപ്പോഴത്തെ വിവാദങ്ങൾക്ക് പിന്നിൽ മുസ്‌ലിംകളുടെ എണ്ണത്തിലുള്ള വർധനവും ക്രിസ്ത്യാനികളുടെ കുറവുമാണെന്ന് ചിലർ നിരീക്ഷിക്കുന്നു. ക്രിസ്ത്യാനികളുടെ എണ്ണത്തിൽ കുറവ് വരാനുള്ള കാരണം ലവ് ജിഹാദാണെന്നാണ് ഇവരുടെ പ്രചാരണം. ലവ് ജിഹാദ് എന്ന ഒന്നില്ലെന്നത് രാജ്യത്തിന്റെ പരമോന്നത നീതിപീഠം പോലും വ്യക്തമാക്കിയിട്ടുള്ള കാര്യമാണ്. 1900 മുതലുള്ള ജനസംഖ്യ പരിശോധിച്ചാൽ ഈ പ്രചാരണത്തിന് യാതൊരു അടിസ്ഥാനവുമില്ലെന്ന് ബോധ്യമാവും. 1901ലെ മുസ്‌ലിം ജനസംഖ്യ 17.28% ആയിരുന്നെങ്കിൽ ക്രിസ്ത്യൻ ജനസംഖ്യ അന്ന് 13.28% ആയിരുന്നു. എന്നാൽ 1961 ആയപ്പോൾ മുസ്‌ലിം ശതമാനം 17.91ഉം ക്രിസ്ത്യൻ ശതമാനം 21.22 ഉം ആയി. അതായത് മുസ്‌ലിം ജനസംഖ്യയിൽ സാരമായ മാറ്റം ഉണ്ടായില്ല. എന്നാൽ ക്രിസ്ത്യൻ ജനസംഖ്യ എട്ടു ശതമാനത്തോളം വർധിച്ചു. അക്കാലത്ത് ക്രിസ്ത്യാനികളുടെ ഈ വർധനവിൽ ആരും ആശങ്ക പ്രകടപ്പിച്ചതായി കണ്ടിട്ടില്ല. 1961ന് ശേഷം മുസ്‌ലിം ജനസംഖ്യയിൽ കാര്യമായ വർധനവുണ്ടായി. 2011 ആയപ്പോൾ 26.56% ആയി അത് ഉയർന്നു. ഓരോ പത്തുവർഷം കൂടുമ്പോഴും ശരാശരി ഒന്നര ശതമാനത്തിന്റെ വളർച്ച. എന്നാൽ ക്രിസ്ത്യൻ ജനസംഖ്യ ഓരോ പത്തുവർഷം കൂടുമ്പോഴും ശരാശരി ഒരു ശതമാനം കുറഞ്ഞുവന്നു. 2011ലെ കണക്കനുസരിച്ച് ക്രിസ്ത്യാനികൾ 18.38% ആണ്. 1901 മുതൽ നൂറുവർഷത്തെ കണക്ക് നോക്കിയാൽ മുസ്‌ലിംകൾ എണ്ണത്തിൽ 9 ശതമാനവും ക്രിസ്ത്യാനികൾ നാലര ശതമാനവും വളർച്ച നേടിയിരിക്കുന്നു. എന്നാൽ ക്രിസ്ത്യാനികളുടെ എണ്ണത്തിൽ കുറവ് വന്നതിന്റെ കാരണം മതപരിവർത്തനമാണെന്ന് ഒരു രേഖയും അംഗീകരിക്കുന്നില്ല. പ്രത്യുത്പാദന നിരക്ക് കുറഞ്ഞതും തൊഴിൽ തേടിയുള്ള കുടിയേറ്റങ്ങളുമാണ് ക്രിസ്ത്യൻ ജനസംഖ്യയിൽ കുറവുവരാനുണ്ടായ പ്രധാന കാരണങ്ങൾ.



എല്ലാ മതങ്ങളും പരസ്പരം ആദരവ് പ്രകടിപ്പിച്ച് സഹിഷ്ണുതയോടെ കഴിയേണ്ട നാടാണ് നമ്മുടേത്. പഴയകാല നേതാക്കൾ നമുക്ക് നേടിത്തന്ന വിശാലമനസ്കത നാം കളഞ്ഞുകുളിക്കരുത്. രാജ്യത്തെ ന്യൂനപക്ഷങ്ങളെ ഇല്ലായ്മ ചെയ്യുന്നതിന് വേണ്ടി സംഘപരിവാർ ഫാസിസ്റ്റ് ശക്തികൾ ഉണ്ടാക്കിയെടുക്കുന്ന കഥകൾക്ക് പിറകെ പോവാതെ യാഥാർഥ്യബോധത്തോടെ കാര്യങ്ങളെ നോക്കിക്കാണാൻ നമുക്ക് കഴിയണം. മതപരിവർത്തനത്തിന് ഭരണഘടന നൽകിയിട്ടുള്ള വിശദീകരണങ്ങളിൽ ഒതുങ്ങിനിന്നുകൊണ്ടുമാത്രം പ്രവർത്തനങ്ങൾ രൂപപ്പെടുത്തുവാൻ എല്ലാ വിഭാഗങ്ങളും തയ്യാറാവുകയാണ് വേണ്ടത്. തെറ്റിദ്ധാരണകൾ അകറ്റിനിർത്തി രാജ്യത്തിനും ജനതക്കും വേണ്ടി ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ സാധിക്കുമാറാകട്ടെ.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം



# ഉഹ്ദ് നൽകുന്ന പാഠം

മുഹമ്മദ് നബിﷺ 40

നബിﷺയുടെ കൽപന പ്രകാരം അമ്പെയ്ത്തുകാർ അവിടെ നിലയുറപ്പിച്ചു. യുദ്ധം ആരംഭിച്ചു. ശക്തമായ ജീവൻമരണ പോരാട്ടം നടന്നു. മുസ്‌ലിംകൾ വലിയ ആവേശത്തിലായിരുന്നു. നേരത്തെ നാം പറഞ്ഞതുപോലെ ബദ്ർ യുദ്ധത്തിൽ അവസരം ലഭിക്കാത്ത ധാരാളംപേർ ഈ യുദ്ധത്തിലുണ്ട്. അതിൽ പെട്ട ഒരാളായിരുന്നു അനസുബ്നുന്നദ്ർ. അദ്ദേഹം പറയുന്നത് നോക്കൂ:

"അല്ലാഹുവിന്റെ റസൂലിﷺന്റെ കൂടെ ശേഷമുള്ള (ഒരു യുദ്ധത്തിൽ) അല്ലാഹു എനിക്ക് ഒരു അവസരം കാണിക്കുകയാണെങ്കിൽ ഞാൻ എന്താണ് ചെയ്യുന്നതെന്ന് അല്ലാഹു കാണിക്കുക തന്നെ ചെയ്യുന്നതാണ്" (സീറതുന്നബവിയ്യ).

ഇതുപോലെ ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ചിട്ടില്ലാത്ത പല സ്വഹാബിമാരും വലിയ ആവേശത്തിലാണ് ഉഹ്ദിന്റെ പോർക്കളത്തിൽ എത്തിയിട്ടുള്ളത്. യുദ്ധം പെട്ടെന്ന് പൊട്ടിപ്പുറപ്പെട്ടു. ഘോരമായ പോരാട്ടം നടന്നു.

അനസി(റ)ൽനിന്ന് നിവേദനം: "ഉഹ്ദിന്റെ ദിവസം അല്ലാഹുവിന്റെ റസൂൽﷺ വാളെടുത്തു. എന്നിട്ട് ചോദിച്ചു: 'എന്നിൽനിന്ന് ആര് ഇത് സ്വീകരിക്കും?' അപ്പോൾ അവർ എല്ലാവരും അവരുടെ കൈകൾ നീട്ടി. അവരിൽ എല്ലാവരും പറഞ്ഞു: 'ഞാൻ, ഞാൻ.' നബിﷺ ചോദിച്ചു: 'ആര് ഇതിന്റെ ബാധ്യത സ്വീകരിക്കും?' അനസ്(റ) പറഞ്ഞു: 'അപ്പോൾ എല്ലാവരും നിശ്ശബ്ദരായി. അപ്പോൾ സിമാകുബ്നു ഖറശ (അബൂ ദുജാന) പറഞ്ഞു: 'ഞാൻ അതിന്റെ ബാധ്യത സ്വീകരിക്കുന്നതാണ്.' അനസ്(റ) പറഞ്ഞു: 'അങ്ങനെ അദ്ദേഹം അത് സ്വീകരിക്കുകയും എന്നിട്ട് അതുകൊണ്ട് അദ്ദേഹം മുശ്‌രിക്കുകളെ ശക്തിയായി പിളർത്തുകയും ചെയ്തു" (മുസ്‌ലിം).

വിചാരിക്കാത്ത മുന്നേറ്റമായിരുന്നു ഓരോ സ്വഹാബിയും കാണിച്ചത്. ഹംസ(റ) ശക്തമായി ശത്രുക്കളുമായി പോരാടി. നേർക്കുനേരെ അദ്ദേഹത്തെ നേരിടാൻ ശത്രുപാളയത്തിൽ ഒരാളും ഉണ്ടായിരുന്നില്ല. അത് തിരിച്ചറിഞ്ഞ ശത്രുക്കൾ നേരത്തെതന്നെ അദ്ദേഹത്തെ ചതിയിൽ കൊല്ലാൻ പദ്ധതി രൂപപ്പെടുത്തിയിരുന്നു. വഹ്ശി (പിൽക്കാലത്ത് മുസ്‌ലിമായി) മറ്റൊരാളുടെ നിർബന്ധത്തിന് വഴങ്ങി ഹംസ(റ)യെ കൊല്ലാനുള്ള തീരുമാനത്തിലാണ് ഉഹ്ദിലേക്ക് എത്തിയിരിക്കുന്നത്. വഹ്ശി ഒരു പാറയുടെ പിന്നിൽ ആരും കാണാതെ ഒളിച്ചിരിക്കുന്നു. ശക്തമായി പോരാടിക്കൊണ്ടിരിക്കുന്ന ഹംസ(റ) പോർക്കളത്തിൽ മുന്നേറുന്ന വേളയിൽ വഹ്ശി ചതിയിലൂടെ അദ്ദേഹത്തിനുനേരെ ഇരുതല മൂർച്ചയുള്ള ചാട്ടുളി എറിഞ്ഞു. ഹംസ(റ) വീണു.

സമര രംഗത്ത് മുസ്‌ലിംകളുടെ ആവേശം കണ്ട ശത്രുക്കൾ പേടിച്ച് രംഗം വിട്ടോടി. മുസ്‌ലിംകളുടെ ധൈര്യവും സ്ഥൈര്യവും ആവേശവും ശത്രുക്കളെ പരിഭ്രാന്തിയിലാക്കി. തോറ്റോടുകയല്ലാതെ രക്ഷയില്ലെന്ന് മനസ്സിലാക്കിയ അവർ രക്ഷപ്പെടാനുള്ള മാർഗം നോക്കി. യുദ്ധത്തിന് കൊണ്ടുവന്ന മുഴുവൻ സാമഗ്രികളും അവിടെ ഇട്ടേച്ച് അവർ ഓടി. ഉഹ്ദ് യുദ്ധത്തിന്റെ ആദ്യം ഘട്ടം ഇപ്രകാരമായിരുന്നു.

**"ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ചിട്ടില്ലാത്ത പല സ്വഹാബിമാരും വലിയ ആവേശത്തിലാണ് ഉഹ്ദിന്റെ പോർക്കളത്തിൽ എത്തിയിട്ടുള്ളത്. ഘോരമായ പോരാട്ടം നടന്നു. സമര രംഗത്ത് മുസ്‌ലിംകളുടെ ആവേശം കണ്ട ശത്രുക്കൾ പേടിച്ച് രംഗം വിട്ടോടി. മുസ്‌ലിംകളുടെ ധൈര്യവും സ്ഥൈര്യവും ആവേശവും ശത്രുക്കളെ പരിഭ്രാന്തിയിലാക്കി. തോറ്റോടുകയല്ലാതെ രക്ഷയില്ലെന്ന് മനസ്സിലാക്കിയ അവർ രക്ഷപ്പെടാനുള്ള മാർഗം നോക്കി. യുദ്ധത്തിന് കൊണ്ടുവന്ന മുഴുവൻ സാമഗ്രികളും അവിടെ ഇട്ടേച്ച് അവർ ഓടി. ഉഹ്ദ് യുദ്ധത്തിന്റെ ആദ്യം ഘട്ടം ഇപ്രകാരമായിരുന്നു."**

യുദ്ധത്തിൽനിന്നും തോറ്റോടിയ മുശ്‌രിക്കുകളുടെ സമ്പത്ത് മുസ്‌ലിംകൾ ശേഖരിക്കുകയാണ്. ഈ കാഴ്ച മലമുകളിൽ നബിﷺ നേരത്തെ നിർത്തിയ അമ്പെയ്ത്തുകാർ കാണുകയാണ്. അവർ അവരുടെ നേതാവ് അബ്ദുല്ലാഹിബ്നു ജുബയ്റി(റ)നോട് പറയാൻ തുടങ്ങി:

"ഗനീമത്ത് (സ്വത്ത്). നിങ്ങളുടെ കൂട്ടുകാർ വിജയിച്ചിരിക്കുന്നു. എന്തിന് (ഇനി) നോക്കിനിൽക്കണം?" അപ്പോൾ അബ്ദുല്ലാഹിബ്നു ജുബയ്ർ(റ) പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽﷺ നിങ്ങളോട് പറഞ്ഞത് നിങ്ങൾ മറന്നുവോ?" അവർ പറഞ്ഞു: "അല്ലാഹുവാണ സത്യം, ഞങ്ങൾ (താഴെയുള്ള) ജനങ്ങളിലേക്ക് പോകുക തന്നെ ചെയ്യും. എന്നിട്ട് ഗനീമത്തിൽനിന്ന് ഞങ്ങളും അനുഭവിക്കുന്നതാണ്."

അമ്പെയ്ത്തുകാരിൽ പലരും താഴെ സമരാർജിത സ്വത്ത് ശേഖരിക്കുന്നത് കണ്ട് അവർക്ക് മുകളിൽ നിൽക്കാൻ കഴിഞ്ഞില്ല. നബിﷺ അവരോട് നേരത്തെ പറഞ്ഞ കൽപന അവർ മറന്നു. അവരുടെ നേതാവ് അവരെ ഓർമിപ്പിച്ചിട്ടും അവർക്ക് അത് ഉൾകൊള്ളാൻ കഴിഞ്ഞില്ല. യുദ്ധം അ

വസാനിച്ചെന്ന് വിചാരിച്ച് നബിﷺയിൽ നിന്നും വിവരം ലഭിക്കുന്നതിന് മുമ്പായി അവരിൽ കുറച്ച് പേരൊഴികെ എല്ലാവരും ആ മലയിൽനിന്നും താഴെയിറങ്ങി. അങ്ങനെ മലമുകളിൽ കേവലം പത്ത് പേരാണ് ബാക്കിയായത് എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

പിന്നീട് എന്ത് സംഭവിച്ചു? ഖാലിദ് ബ്നുൽ വലീദ്ؓ -അന്ന് അദ്ദേഹം മുസ്‌ലിമായിട്ടില്ല- അടക്കമുള്ള എല്ലാ ശത്രുക്കളും പിന്തിരിഞ്ഞ് ഓടിയവരിൽ പെടുന്നവരാണ്. അപ്പോഴും ഖാലിദ്ബ്നുൽ വലീദിന്റെ മനസ്സിൽ ഒരു ചിന്തയുണ്ട്. ഈ മലമുകളിലുള്ളവർ ഒന്ന് താഴെയിറങ്ങിയാൽ ആ തക്കത്തിൽ മലമടക്കിന്റെ ഉള്ളിലൂടെ പ്രവേശിച്ച് കടന്നാക്രമണം നടത്താം. അങ്ങനെതന്നെ സംഭവിച്ചു. മുസ്‌ലിംകളുടെ പിന്നിലൂടെ ഖാലിദ്ബ്നുൽ വലീദും സംഘവും യുദ്ധക്കളത്തിലേക്ക് എടുത്തുചാടി. മുസ്‌ലിംകൾ ഇങ്ങനെയൊരു പ്രത്യാക്രമണത്തെ തൊട്ട് അശ്രദ്ധരായിരുന്നു. യുദ്ധക്കളം വിട്ടോടിയ ശത്രുക്കളെല്ലാവരും തിരിച്ചുവരികയും മുസ്‌ലിംകളെ ശക്തമായി ആക്രമിക്കുകയും ചെയ്തു. പിന്നിൽനിന്ന് ഖാലിദ്ബ്നുൽ വലീദും സംഘവും മുന്നിൽനിന്ന് പിന്നീട് വന്നവരും. രണ്ടിന്റെയും ഇടയിൽ മുസ്‌ലിംകൾ! മുസ്‌ലിംകൾ ആകെ പരിഭ്രാന്തരായി. പലരും അണിവിട്ട് ചിന്നിച്ചിതറി. കുറച്ചുപേർ മാത്രം നബിﷺയുടെ കൂടെ നിൽക്കുന്നു. സ്വന്തം കൂട്ടത്തിൽ പെട്ടവരെ പോലും തിരിച്ചറിയാൻ സാധിക്കാത്തവിധം മുസ്‌ലിംകൾ പേടിച്ച് പരിഭ്രാന്തരായി എന്നതാണ് സത്യം. ആളറിയാതെ പലരും മുസ്‌ലിംകളെ തന്നെ വധിച്ചു. അത്രയും വലിയ പ്രത്യാക്രമണമായിരുന്നു രണ്ടാമത് മുശ്‌രിക്കുകൾ നടത്തിയത്. ഹുദൈഫؓയുടെ പിതാവായ യമാനെؓ മുസ്‌ലിംകൾ ആളറിയാതെ വധിക്കാൻ വാളോങ്ങി നിൽക്കുന്ന വേളയിൽ മകനായ ഹുദൈഫؓ കൂട്ടുകാരോട് ഉറക്കെ വിളിച്ചു പറഞ്ഞു: 'സഹോദരങ്ങളേ, അത് എന്റെ പിതാവാണ്, വധിക്കല്ലേ.' അപ്പോഴേക്കും അദ്ദേഹത്തെ അവർ വധിച്ചു. നബിﷺ അവരോട് ശക്തമായി ദേഷ്യപ്പെട്ടു. അപ്പോൾ ഹുദൈഫؓ അവരോട് പറഞ്ഞു: 'അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരട്ടെ. അവൻ കരുണ കാണിക്കുന്നവരിൽ ഏറ്റവും നന്നായി കരുണ കാണിക്കുന്നവനാണല്ലോ.' ഈ സംഭവം ഇമാം ഹാകിം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മുസ്‌ലിംകൾക്കിടയിൽ ഇത്രയും വലിയ അങ്കലാപ്പ് രൂപപ്പെടാൻ മറ്റൊരു കാരണംകൂടി ഉണ്ടായിരുന്നു. 'മുഹമ്മദ് കൊല്ലപ്പെട്ടിരിക്കുന്നു' എന്ന ഒരു കള്ളം ശത്രുക്കൾ വിളിച്ചുപറഞ്ഞു. നബിﷺ മരണപ്പെട്ടെങ്കിൽ ഇനി എന്തിന് നാം ജീവിച്ചിരിക്കണം എന്ന ചിന്തയിൽ അവർ യുദ്ധക്കളത്തിൽ നിന്നും രക്ഷപ്പെടാനുള്ള വഴി നോക്കി. പലരും തെന്നിമാറി. ഓടി രക്ഷപ്പെടാൻ തുടങ്ങി. മുസ്‌ലിംകൾ ഛിന്നഭിന്നമായി. അനസുബ്നുന്നദ്ർؓ ബദ്റിൽ പങ്കെടുക്കാൻ അവസരം കിട്ടാത്തതിന്റെ വിഷമം പറഞ്ഞത് നാം ഓർക്കുന്നുണ്ടല്ലോ. അദ്ദേഹം അതിനെ പറ്റി ചിന്തിച്ചു. നബിﷺ മരണപ്പെട്ടെങ്കിൽ ഞാൻ ഇനി യുദ്ധത്തിൽനിന്ന് പിന്തിരിയുന്നില്ല. ശത്രുവിനോട് പോരാടുക തന്നെ. ശക്തിയായി അദ്ദേഹം അവരുമായി പോരാടി. ധാരാളം പേരോട് അദ്ദേഹം എതിരിട്ടു. അങ്ങനെ ശത്രുക്കളിൽനിന്ന് എഴുപതോളം വെട്ടുകളും കുത്തുകളുമായി ഉഹ്ദിന്റെ രണഭൂമിയിൽ രക്തസാക്ഷിയായി വീണു. തിരിച്ചറിയാൻ കഴിയാത്ത വിധത്തിലായിരുന്നു അനസിؓന്റെ മൃതശരീരം എന്നാണ് ചരിത്രം നമുക്ക് പറഞ്ഞുതരുന്നത്. യുദ്ധശേഷം അദ്ദേഹത്തിന്റെ സഹോദരി റബീഅ്ؓ അദ്ദേഹത്തിന്റെ വിരലറ്റം കണ്ടാണ് തിരിച്ചറിഞ്ഞത്. മറ്റു അവയവങ്ങളെല്ലാം വികൃതമാക്കപ്പെട്ടിരുന്നു എന്നർഥം. ഇദ്ദേഹത്തെ പോലെയുള്ള സ്വഹാബിമാരെ പറ്റി അല്ലാഹു അറിയിച്ചു:



"സത്യവിശ്വാസികളുടെ കൂട്ടത്തിൽ ചില പുരുഷൻമാരുണ്ട്. ഏതൊരു കാര്യത്തിൽ അല്ലാഹുവോട് അവർ ഉടമ്പടി ചെയ്തുവോ, അതിൽ അവർ സത്യസന്ധത പുലർത്തി. അങ്ങനെ അവരിൽ ചിലർ (രക്ത സാക്ഷിത്വത്തിലൂടെ) തങ്ങളുടെ പ്രതിജ്ഞ നിറവേറ്റി. അവരിൽ ചിലർ (അത്) കാത്തിരിക്കുന്നു. അവർ (ഉടമ്പടിക്ക്) യാതൊരു വിധ മാറ്റവും വരുത്തിയിട്ടില്ല'' (ക്വുർആൻ 33:23).

### ഉഹ്ദ് നൽകുന്ന പാഠം

ആൾബലം കുറവായിട്ട് പോലും ബദ്ർ യുദ്ധത്തിൽ മുസ്‌ലിംകൾക്ക് വിജയം ലഭിച്ചുവെങ്കിൽ അതിലേറെ ആൾബലവും ആയുധ ബലവുമെല്ലാം ഉണ്ടായിട്ടും ഉഹ്ദ് യുദ്ധത്തിൽ മുസ്‌ലിംകൾക്ക് പരാജയമാണ് സംഭവിച്ചത്. പല കാരണങ്ങളും അതിന് ഉണ്ടായിരുന്നു എന്ന് ക്വുർആനിന്റെ അതു സംബന്ധമായ പ്രതിപാദനത്തിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

തങ്ങൾ ജീവനെക്കാളേറെ സ്‌നേഹിക്കുന്ന പ്രവാചകൻﷺ മരണപ്പെട്ടിരിക്കുന്നു എന്ന കളവ് മുസ്‌ലിംകൾക്കിടയിൽ വലിയ അരക്ഷിതാവസ്ഥയാണ് സൃഷ്ടിച്ചത്. പ്രവാചകൻﷺ വധിക്കപ്പെട്ടിരിക്കുന്നു എന്ന വ്യാജവാർത്ത യുദ്ധക്കളത്തിൽ മുഴുക്കെ ശത്രുക്കൾ പരത്തിയതിന്റെ അടിസ്ഥാനത്തിൽ വസ്തുത എന്തെന്ന് കൃത്യമായി അറിയാതെ മുസ്‌ലിം സമൂഹം ചിതറിയോടുകയാണ് ഉണ്ടായത്. നമ്മുടെ നേതാവ് കൊല്ലപ്പെട്ടല്ലോ, ഇനി നാം എന്തിന് നിൽക്കണം എന്ന ചിന്തയോടെ യുദ്ധക്കളം വിട്ടോടിയവരും യുദ്ധത്തിൽനിന്ന് പിന്മാറിയവരുമെല്ലാം അവരിൽ ഉണ്ടായിരുന്നു. എന്നാൽ യുദ്ധക്കളത്തിൽ നബിﷺക്ക് പരിക്ക് പറ്റിയെങ്കിലും അവിടുന്ന് യുദ്ധക്കളത്തിൽ ഉറച്ചുനിന്നു. അവിടുന്ന് ഒരു നിലക്കും പതറിയില്ല. നബിﷺക്ക് യാതൊന്നും സംഭവിക്കാതിരിക്കാൻ ഏതാനും സ്വഹാബിമാർ നബിﷺയുടെ ചുറ്റും ഒരു കോട്ടപോലെ വലിയ സുരക്ഷാവലയം സൃഷ്ടിച്ചു. ഒരു മനുഷ്യമതിൽ. അവർ നബിﷺയെ സംരക്ഷിക്കാൻ ജീവൻ നൽകാനും തയ്യാറായി. യുദ്ധത്തിൽനിന്ന് ഓടിയകന്നവരും നബിﷺ മരണപ്പെട്ടെന്ന കള്ളവാർത്തയുടെ സത്യം അറിയാതെ നിരാശാബോധത്തോടെ യുദ്ധത്തിൽനിന്ന് പിന്മാറിയവരുമൊക്കെ യായി മുസ്‌ലിം പക്ഷം ചിതറിത്തെറിച്ചപ്പോൾ ധീരരായ ഏതാനും അനുയായികൾ നബിﷺയെ കാണുകയും അദ്ദേഹത്തിന്റെ ജീവൻ സംരക്ഷിക്കാൻ ആവുന്നത് ചെയ്യുന്നതുമാണ് നാം ഇവിടെ കാണുന്നത്. നബിﷺയെ സംരക്ഷിക്കാനായി വലയം ചെയ്ത സ്വഹാബിമാർക്ക് അനേകം വെട്ടുകളും കുത്തുകളും ശത്രുക്കളിൽനിന്ന് ഏൽക്കേണ്ടി വന്നിട്ടുണ്ട്.

ഉഹ്ദ് യുദ്ധത്തിന്റെ പോർക്കളത്തിൽ നബിﷺയെ ഏറെ സംരക്ഷിച്ച മഹാനായ സ്വഹാബിയായിരുന്നു ത്വൽഹത് ഇബ്നു ഉബൈദില്ലാഹ്ؓ. അദ്ദേഹത്തിന്റെ കൈ കുഴഞ്ഞുതൂങ്ങി എന്നാണ് ചരിത്രം രേഖപ്പെടുത്തിയത്. സഅദുബ്നു അബീവക്വാസുംؓ അന്ന് ഏറെ പരിക്കുകൾ ഏൽക്കേണ്ടിവന്ന സ്വഹാബിയാണ്. അബൂദുജാനؓ ശത്രുക്കൾ നബിﷺക്ക് നേരെ അമ്പെയ്തപ്പോൾ തന്റെ മുതുക് കാണിച്ച് നബിﷺയെ സംരക്ഷിക്കുകയായിരുന്നു ചെയ്തിരുന്നത്. ശരീരത്തിൽ തറച്ച അമ്പുകൾ ഊരിയെടുക്കാൻ പോലും സാധിക്കാത്തവിധം അദ്ദേഹത്തിന്റെ പുറത്ത് അമ്പുകൾവന്നു തറച്ചു. ഇതിനിടയിൽ നബിﷺ വീഴുകയുണ്ടായി. ശത്രുക്കൾ ഉണ്ടാക്കിയിരുന്ന ഒരു ചതിക്കുഴിയുണ്ടായിരുന്നു. നബിﷺ അതിൽ വീണു. അതു മുഖേന അവിടുത്തേക്ക് പരിക്കേൽക്കുകയുണ്ടായി. അവിടുത്തെ കവിളിൽ മുറിവേറ്റു. പല്ല് പൊട്ടി. മുഖത്തുനിന്നും രക്തം ഒഴുകി. ശക്തമായ രൂപത്തിൽ ശത്രുക്കളിൽനിന്നും അവിടുത്തേക്ക് അടി കിട്ടി. തന്റെ ശരീരത്തിൽനിന്നും ഒലിച്ചിറങ്ങിയ രക്തം തുടച്ച് നബിﷺ പറഞ്ഞു:

> “ ഉഹ്ദ് യുദ്ധത്തിന്റെ പോർക്കളത്തിൽ നബിﷺയെ ഏറെ സംരക്ഷിച്ച മഹാനായ സ്വഹാബിയായിരുന്നു ത്വൽഹത് ഇബ്നു ഉബൈദില്ലാഹ്ؓ. അദ്ദേഹത്തിന്റെ കൈ കുഴഞ്ഞുതൂങ്ങി എന്നാണ് ചരിത്രം രേഖപ്പെടുത്തിയത്. സഅദുബ്നു അബീവക്വാസുംؓ അന്ന് ഏറെ പരിക്കുകൾ ഏൽക്കേണ്ടിവന്ന സ്വഹാബിയാണ്. അബൂദുജാനؓ ശത്രുക്കൾ നബിﷺക്ക് നേരെ അമ്പെയ്തപ്പോൾ തന്റെ മുതുക് കാണിച്ച് നബിﷺയെ സംരക്ഷിക്കുകയായിരുന്നു ചെയ്തിരുന്നത്. ശരീരത്തിൽ തറച്ച അമ്പുകൾ ഊരിയെടുക്കാൻ പോലും സാധിക്കാത്തവിധം അദ്ദേഹത്തിന്റെ പുറത്ത് അമ്പുകൾവന്നു തറച്ചു. ഇതിനിടയിൽ നബിﷺ വീഴുകയുണ്ടായി. ശത്രുക്കൾ ഉണ്ടാക്കിയിരുന്ന ഒരു ചതിക്കുഴിയുണ്ടായിരുന്നു. അതു മുഖേന നബിﷺക്ക് പരിക്കേൽക്കുകയുണ്ടായി. ”

"എങ്ങനെ ഒരു ജനത വിജയിക്കും? അവരെ അല്ലാഹുവിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്ന അവരുടെ പ്രവാചകനെ അവർ മുറിവേൽപിച്ചിരിക്കുന്നു. അവർ അദ്ദേഹത്തിന്റെ പല്ല് പൊട്ടിച്ചിരിക്കുന്നു." അപ്പോൾ അല്ലാഹു (ഈ സൂക്തം) ഇറക്കി: "(നബിയേ,) കാര്യത്തിന്റെ തീരുമാനത്തിൽ നിനക്ക് യാതൊരു അവകാശവുമില്ല..." (3:128) (മുസ്‌ലിം).

അല്ലാഹുവിലേക്ക് ക്ഷണിച്ചു എന്ന കാരണത്താൽ അല്ലാഹുവിന്റെ പ്രവാചകനായ തന്നെ തന്റെ ജനത ഈ വിധം ചെയ്തപ്പോൾ അവിടുന്ന് വല്ലാതെ വിഷമിച്ചു. അപ്പോഴാണ് അവിടുന്ന് ഇങ്ങനെ പറയുന്നത്. അത് തിരുത്തിക്കൊണ്ടാണ് അല്ലാഹു ആയത്ത് ഇറക്കിയത്. അല്ലാഹുവാണ് ഓരോരുത്തർക്കും സന്മാർഗം നൽകുന്നത്. ഒരാളും നന്നാകില്ലെന്നും വിജയിക്കില്ലെന്നും അല്ലാഹു അറിയിക്കാതെ നബിﷺക്ക് പോലും സ്വന്തമായി പറയാവതല്ല. ആരാണ് നന്നാകുക എന്നും ആരാണ് അക്രമികളായി നരകത്തിൽ പ്രവേശിക്കുക എന്നുമെല്ലാം അല്ലാഹുവിന്റെ പക്കലുള്ള തീരുമാനമാണ്. അതിൽ ഒരാൾക്കും കൈകടത്താനുള്ള അവകാശം അവൻ വിട്ടുനൽകിയിട്ടില്ല. ആയത്ത് ഇറങ്ങിയതോടെ നബിﷺ നിലപാട് മാറ്റി. അവർക്ക് വേണ്ടി പ്രാർഥിച്ചു: "അല്ലാഹുവേ, എന്റെ ജനതക്ക് നീ പൊറുത്ത് കൊടുക്കേണമേ. തീർച്ചയായും അവർ അറിവില്ലാത്തവരാകുന്നു."

നബിﷺ വധിക്കപ്പെട്ടെന്ന കള്ളവാർത്ത കേട്ടപ്പോഴേക്ക് യുദ്ധത്തിൽനിന്നും ചിലർ പിന്തിരിഞ്ഞോടിയ കാര്യം നാം പറഞ്ഞല്ലോ. അവരുടെ ആ സമീപനത്തെയും അല്ലാഹു ആക്ഷേപിച്ചിട്ടുണ്ട്.

"മുഹമ്മദ് അല്ലാഹുവിന്റെ ഒരു ദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പും ദൂതൻമാർകഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹം മരണപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ പുറകോട്ട് തിരിച്ചുപോകുകയോ? ആരെങ്കിലും പുറകോട്ട് തിരിച്ചുപോകുന്നപക്ഷം അല്ലാഹുവിന് ഒരുദ്രോഹവും അത് വരുത്തുകയില്ല. നന്ദികാണിക്കുന്നവർക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകുന്നതാണ്" (ക്വുർആൻ 3:144).

മുഹമ്മദ് നബിﷺ അല്ലാഹുവിന്റെ പ്രവാചകൻ മാത്രമാണ്. മുമ്പും എത്രയോ പ്രവാചകന്മാർ കഴിഞ്ഞുപോയിട്ടുണ്ട്. അവരെല്ലാവരും അല്ലാഹുവിലേക്ക് പോയവരാണ്. ആരും ഈ ഭൂമിയിൽ ശാശ്വതരായി കഴിയുന്നില്ല. ഓരോരുത്തർക്കും അല്ലാഹു ഓരോ അവധിവെച്ചിട്ടുണ്ടെന്നും ആ അവധി എത്തിയാൽ എല്ലാവരും മരിക്കുന്നതാണെന്നും അല്ലാഹു ആയത്തിന്റെ തുടക്കത്തിൽ ഓർമിപ്പിച്ചു. അതിനാൽ യുദ്ധക്കളത്തിൽ മുഹമ്മദ് നബിﷺ മരണപ്പെടുകയോ വധിക്കപ്പെടുകയോ ചെയ്താൽ പോലും നിങ്ങൾ പിന്തിരിയാൻ പാടില്ലായിരുന്നു. ഇങ്ങനെ എന്തെങ്കിലും കാരണത്താൽ അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് പിന്തിരിയുന്നതുകൊണ്ട് അല്ലാഹുവിന് യാതൊരു ഉപദ്രവവും അതിനാൽ സംഭവിക്കുന്നില്ലെന്നും അതിന്റെ ഫലം അവരാണ് അനുഭവിക്കുക എന്നും അല്ലാഹു അവരെ അറിയിച്ചു. അല്ലാഹുവിന്റെ റസൂലിന് വേണ്ടിയല്ലല്ലോ നിങ്ങൾ യുദ്ധം ചെയ്തത്. നബിﷺയുടെ പ്രീതിക്ക് വേണ്ടിയല്ലല്ലോ നിങ്ങൾ പൊരുതിയത്. മുഹമ്മദ് നബിﷺ മരണപ്പെട്ടിരിക്കുന്നുവെന്നോ വധിക്കപ്പെട്ടിരിക്കുന്നുവെന്നോ കേൾക്കുമ്പോഴേക്ക് യുദ്ധക്കളം വിടാൻ നിങ്ങളുടെ നിയ്യത്തിന് (ഉദ്ദേശ്യശുദ്ധി) എന്തെങ്കിലും അബദ്ധം സംഭവിച്ചിട്ടുണ്ടോ? യുദ്ധം എന്നത് ജയവും പരാജയവും എല്ലാം സംഭവിക്കുന്നതാണ്. എപ്പോഴും യുദ്ധത്തിൽ വിജയിക്കണമെന്നില്ല. പരാജയം യുദ്ധത്തിന്റെ കൂടെപ്പിറപ്പ് തന്നെയാണ്. അതിനാൽ യുദ്ധരംഗത്ത് വിശ്വാസികളോട് ഉറച്ചുനിന്ന് പോരാടാനായി അല്ലാഹു ആഹ്വാനം നൽകി:

"അല്ലാഹുവിന്റെ ഉത്തരവനുസരിച്ചല്ലാതെ ഒരാൾക്കും മരിക്കാനൊക്കുകയില്ല. അവധി കുറിക്കപ്പെട്ട ഒരു വിധിയാണത്. ആരെങ്കിലും ഇഹലോകത്തെ പ്രതിഫലമണ് ഉദ്ദേശിക്കുന്നതെങ്കിൽ അവന്ന് ഇവിടെ നിന്ന് നാം നൽകും. ആരെങ്കിലും പരലോകത്തെ പ്രതിഫലമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അവന്ന് നാം അവിടെനിന്ന് നൽകും. നന്ദികാണിക്കുന്നവർക്ക് നാം തക്കതായ പ്രതിഫലം



നൽകുന്നതാണ്. എത്രയെത്ര പ്രവാചകൻമാരോടൊപ്പം അനേകം ദൈവദാസൻമാർ യുദ്ധം ചെയ്തിട്ടുണ്ട്. എന്നിട്ട് അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങൾക്ക് നേരിട്ട യാതൊന്നുകൊണ്ടും അവർ തളർന്നില്ല. അവർ ദൗർബല്യം കാണിക്കുകയോ ഒതുങ്ങിക്കൊടുക്കുകയോ ചെയ്തില്ല. അത്തരം ക്ഷമാശീലരെ അല്ലാഹു സ്നേഹിക്കുന്നു. അവർ പറഞ്ഞിരുന്നത് ഇപ്രകാരം മാത്രമായിരുന്നു: 'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പാപങ്ങളും ഞങ്ങളുടെ കാര്യങ്ങളിൽ വന്നുപോയ അതിക്രമങ്ങളും ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ. ഞങ്ങളുടെ കാലടികൾ നീ ഉറപ്പിച്ചു നിർത്തുകയും സത്യനിഷേധികളായ ജനതക്കെതിരിൽ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ.' തൻമൂലം ഇഹലോകത്തെ പ്രതിഫലവും പരലോകത്തെ വിശിഷ്ടമായ പ്രതിഫലവും അല്ലാഹു അവർക്ക് നൽകി. അല്ലാഹു സൽകർമകാരികളെ സ്നേഹിക്കുന്നു" (ക്വുർആൻ 3:148).

എത്രയോ നബിമാരുടെകൂടെ അനുചരന്മാർ ശത്രുക്കൾക്കെതിരിൽ പോരാടിയിട്ടുണ്ട്. അത് നിങ്ങൾ മനസ്സിലാക്കണം എന്ന നിലയ്ക്കുള്ള ഒരു ഉദ്ബോധനം അല്ലാഹു സ്വഹാബിമാർക്ക് നൽകുകയാണ്. അല്ലാഹുവിന്റെ മാർഗത്തിൽ അവർക്ക് എന്തെങ്കിലും സംഭവിച്ചാൽ അതിന്റെ പേരിൽ ആരും ദുർബലരാകുകയോ അധൈര്യം കാണിക്കുകയോ ശത്രുവിന് ഒതുങ്ങിക്കൊടുക്കുകയോ ചെയ്തിട്ടില്ലായിരുന്നു. അവർ അല്ലാഹുവിന്റെ മാർഗത്തിൽ ക്ഷമയോടെ ഉറച്ചുനിൽക്കുകയാണ് ചെയ്തത്. ഏത് സന്ദർഭത്തിലും അല്ലാഹുവിൽ ഉറച്ച് നിന്ന്, അവനിൽ എല്ലാം അർപ്പിച്ച് അവർ അല്ലാഹുവിനോട് പ്രാർഥിച്ചു. അപ്പോൾ അല്ലാഹു അവരെ കൈവിട്ടില്ല. അല്ലാഹു അവർക്ക് സഹായം നൽകി.

ഈ ഓർമപ്പെടുത്തൽ സ്വഹാബിമാർക്ക് വീര്യം നൽകി. അവരിൽ കൂടുതൽ ഈമാനും അർപ്പണബോധവും ഉണ്ടാക്കി. യുദ്ധക്കളം വിട്ട് ഓടിയവരൊന്നും കപട വിശ്വാസികളല്ല. അങ്ങനെ ആരും വിചാരിക്കരുത്. അവരുടെ ഈമാനിന് യാതൊരു കുഴപ്പവും ഉണ്ടായിരുന്നില്ല. ആ സമയത്തെ അവരുടെ മാനസികമാവസ്ഥ അതായിപ്പോയതാണ്. അവരിൽനിന്ന് അത്തരം ഒരു സമീപനം ഉണ്ടായതിൽ അവർക്ക് വിഷമവും ഉണ്ടായി. അവർ അടരാടിയത് അല്ലാഹു സ്വീകരിക്കില്ലേ എന്ന ഭയവും വ്യസനവും അവരിൽ ഉണ്ടായിരുന്നു. അവരെയും അല്ലാഹു ആശ്വസിപ്പിച്ചു:

"രണ്ടു സംഘങ്ങൾ ഏറ്റുമുട്ടിയ ദിവസം നിങ്ങളുടെ കൂട്ടത്തിൽനിന്ന് പിന്തിരിഞ്ഞ് ഓടിയവരെ തങ്ങളുടെ ചില ചെയ്തികൾ കാരണമായി പിശാച് വഴിതെറ്റിക്കുകയാണുണ്ടായത്. അല്ലാഹു അവർക്ക് മാപ്പുനൽകിയിരിക്കുന്നു. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും സഹനശീലനുമാകുന്നു" (ക്വുർആൻ 3:155).

ഉഹ്ദിന്റെ പോർക്കളത്തിൽനിന്ന് അവർ ഓടിയകന്ന സന്ദർഭത്തിൽ അങ്ങേയറ്റത്തെ പരിഭ്രമത്തിലായിരുന്നു അവർ. പ്രവാചകൻﷺ വധിക്കപ്പെട്ടെന്ന ധാരണയിൽ യുദ്ധക്കളം വിട്ടോടുന്ന അനുചരന്മാരെ നബിﷺ ഞാൻ മരണപ്പെട്ടിട്ടില്ലെന്ന് പറഞ്ഞ് തിരിച്ചു വിളിക്കുമ്പോഴും വിഭ്രാന്തിയിലായ സ്വഹാബിമാർക്ക് അത് കേൾക്കാൻ കഴിഞ്ഞില്ല. ക്വുർആൻ അതിനെ സംബന്ധിച്ച് പറയുന്നത് കാണുക:

"ആരെയും തിരിഞ്ഞ് നോക്കാതെ നിങ്ങൾ (പടക്കളത്തിൽനിന്നു) ഓടിക്കയറിയിരുന്ന സന്ദർഭം (ഓർക്കുക). റസൂൽ പിന്നിൽനിന്ന് നിങ്ങളെ വിളിക്കുന്നുണ്ടായിരുന്നു" (ക്വുർആൻ 3:153).

**(തുടരും)**

> **എത്രയോ നബിമാരുടെകൂടെ അനുചരന്മാർ ശത്രുക്കൾക്കെതിരിൽ പോരാടിയിട്ടുണ്ട്. അത് നിങ്ങൾ മനസ്സിലാക്കണം എന്ന നിലയ്ക്കുള്ള ഒരു ഉദ്ബോധനം അല്ലാഹു സ്വഹാബിമാർക്ക് നൽകുകയാണ്. അല്ലാഹുവിന്റെ മാർഗത്തിൽ അവർക്ക് എന്തെങ്കിലും സംഭവിച്ചാൽ അതിന്റെ പേരിൽ ആരും ദുർബലരാകുകയോ അധൈര്യം കാണിക്കുകയോ ശത്രുവിന് ഒതുങ്ങിക്കൊടുക്കുകയോ ചെയ്തിട്ടില്ലായിരുന്നു. അവർ അല്ലാഹുവിന്റെ മാർഗത്തിൽ ക്ഷമയോടെ ഉറച്ചുനിൽക്കുകയാണ് ചെയ്തത്. ഏത് സന്ദർഭത്തിലും അല്ലാഹുവിൽ ഉറച്ച് നിന്ന്, അവനിൽ എല്ലാം അർപ്പിച്ച് അവർ അല്ലാഹുവിനോട് പ്രാർഥിച്ചു. അപ്പോൾ അല്ലാഹു അവരെ കൈവിട്ടില്ല. അല്ലാഹു അവർക്ക് സഹായം നൽകി. ഈ ഓർമപ്പെടുത്തൽ സ്വഹാബിമാർക്ക് വീര്യം നൽകി. അവരിൽ കൂടുതൽ ഈമാനും അർപ്പണബോധവും ഉണ്ടാക്കി.**

വിവ: അബൂഫായിദ
mail@nerpatham.com





# മലക്കുകളും പരീക്ഷണവും

മനുഷ്യരെ പരീക്ഷിക്കാനായി അല്ലാഹു മലക്കുകളെ നിയോഗിക്കാറുണ്ട്. നബിﷺയിൽനിന്നും കേട്ട ഒരു വൃത്താന്തം അബൂഹുറയ്‌റ വിവരിക്കുന്നു:

"ബനൂഇസ്‌റാഈല്യരിൽ ഒരു പാണ്ഡുരോഗിയും കഷണ്ടിക്കാരനും അന്ധനുമുണ്ടായിരുന്നു. ഇവരെ മൂന്നുപേരെയും പരീക്ഷിക്കുവാൻ അല്ലാഹു തീരുമാനിക്കുകയും അവരുടെ അടുക്കലേക്ക് ഒരു മലക്കിനെ പറഞ്ഞയക്കുകയും ചെയ്തു.

മലക്ക് പാണ്ഡുരോഗിയെ സന്ദർശിച്ചുകൊണ്ട് ചോദിച്ചു:

'നിനക്ക് ഏറെ ഇഷ്ടമുള്ള സംഗതിയെന്താണ്?'

അയാൾ പറഞ്ഞു: 'ജനങ്ങൾ എന്നിൽ മോശമായി കാണുന്ന എന്റെയീ രൂപം മാറി സുന്ദരമായ മേനി ലഭിക്കുക എന്നതാണ് എനിക്കിഷ്ടം.'

അപ്പോൾ മലക്ക് അദ്ദേഹത്തിന്റെ ശരീരത്തിലൊന്ന് തടവി. ആ നിമിഷം അദ്ദേഹത്തിന്റെ പാണ്ഡുരോഗം അപ്രത്യക്ഷമായി. തുടർന്ന് മലക്ക് ചോദിച്ചു:

'ഏതു തരം സമ്പത്തുണ്ടാകാനാണ് നിന്റെ ആഗ്രഹം?'

അയാൾ പറഞ്ഞു; 'ഒട്ടകം.'

അപ്പോൾ മലക്ക് പൂർണ ഗർഭിണിയായ ഒരു

ഒട്ടകത്തെ നൽകുകയും 'ഈ സമ്പത്തിൽ അല്ലാഹു നിനക്ക് അനുഗ്രഹം ചൊരിയട്ടെ' എന്ന് പ്രാർഥിക്കുകയും ചെയ്തു.

പിന്നീട് അദ്ദേഹം ചെന്നത് കഷണ്ടിക്കാരന്റെ അടുത്തേക്കാണ്. അയാളോടു ചോദിച്ചു:

'നിനക്ക് ഏറെ ഇഷ്ടമുള്ള സംഗതിയെന്താണ്?'

അയാൾ പറഞ്ഞു: 'ജനങ്ങൾ എന്നിൽ മോശമായിക്കാണുന്ന ഈ കഷണ്ടി മാറി, തലയിൽ അഴകാർന്ന മുടി കിളിർക്കുക' എന്നതാണ് എന്റെ മോഹം.

അപ്പോൾ മലക്ക് അയാളുടെ തലയിൽ തടവി. ആ നിമിഷം കഷണ്ടി നീങ്ങി. അയാൾക്ക് അഴകാർന്ന മുടി കിളിർക്കുകയും ചെയ്തു. തുടർന്ന് മലക്ക് ചോദിച്ചു:

'എന്തു സമ്പത്തിനോടാണ് നിനക്ക് പ്രിയം?'

അയാൾ പറഞ്ഞു: 'പശുക്കളെയാണ് എനിക്കിഷ്ടം.'

മലക്ക് ഗർഭിണിയായ ഒരു പശുവിനെ അയാൾക്ക് നൽകിക്കൊണ്ടു പറഞ്ഞു: 'ഈ സമ്പത്തിൽ അല്ലാഹു നിനക്ക് അനുഗ്രഹം ചൊരിയട്ടെ.'

മൂന്നാമനായി മലക്ക് സന്ദർശിച്ചത് അന്ധനെയാണ്. അദ്ദേഹത്തോട് ചോദിച്ചു:

'താങ്കൾക്ക് ഇഷ്ടമുള്ളതെന്താണ്?'

അയാൾ പറഞ്ഞു: 'അല്ലാഹു എനിക്ക് കാഴ്ചശക്തി നൽകുകയും അങ്ങനെ ജനങ്ങളെ മുഴുവൻ എനിക്ക് കാണാനാകുകയും ചെയ്തിരുന്നെങ്കിൽ എന്നാണ് എന്റെ ആഗ്രഹം.'

അപ്പോൾ മലക്ക് അയാളെയൊന്നു തഴുകി. അല്ലാഹു അയാൾക്ക് കാഴ്ചശക്തി നൽകുകയും ചെയ്തു. തുടർന്ന് അദ്ദേഹത്തോട് മലക്ക് ചോദിച്ചു:

'എന്ത് സമ്പത്താണ് താങ്കൾക്കിഷ്ടം?'

അയാൾ പറഞ്ഞു: 'ആടുകളോടാണ് എനിക്ക് പ്രിയം.'

അയാളുടെ ആഗ്രഹപ്രകാരം മലക്ക് ഗർഭിണിയായ ആടിനെ നൽകുകയും ചെയ്തു.

അങ്ങനെ അവരിലെ ഓരോരുത്തർക്കും ഒട്ടകത്തിന്റെയും പശുവിന്റെയും ആടിന്റെയും സമ്പത്ത് ഓരോ താഴ്‌വാരം നിറഞ്ഞു കവിഞ്ഞു.

പിന്നീടൊരിക്കൽ അതേ മലക്ക് തന്നെ ഒരു പാണ്ഡുരോഗിയുടെ രൂപത്തിൽ മുൻ പാണ്ഡുരോഗിയെ സന്ദർശിച്ചു. അദ്ദേഹം പറഞ്ഞു:

'ഞാനൊരു വഴിപോക്കനായ സാധുമനുഷ്യനാണ്. ദീർഘമായ യാത്രയിൽ എന്റെ എല്ലാം നഷ്ടമായിരിക്കുന്നു. അല്ലാഹുവിനോട് എന്റെ സങ്കടം പറയുകയല്ലാതെ ഇന്നെനിക്ക് നിവൃത്തിയില്ല, പിന്നെ നിന്നോടും. നിനക്ക് ഈ അഴകാർന്ന നിറവും തൊലിയും ധാരാളം സമ്പത്തും നൽകിയവന്റെ പേരിൽ നിന്നോട് ഞാൻ ചോദിക്കുകയാണ്: എന്റെ യാത്ര തുടരാൻ പറ്റിയ ഒരു ഒട്ടകം നീയെനിക്ക് തരിക.'

അപ്പോൾ അയാൾ പറഞ്ഞു: 'എനിക്കുതന്നെ ബാധ്യതകൾ ഏറെയാണ്.'

അപ്പോൾ മലക്ക് പറഞ്ഞു: 'എനിക്ക് നിന്നെ നന്നായറിയാം. ആളുകൾ അവജ്ഞയോടെ കണ്ടിരുന്ന ഒരു പാണ്ഡുരോഗിയായിരുന്നില്ലേ നീ? തീർത്തും ദരിദ്രൻ? പിന്നീട് അല്ലാഹു എല്ലാം നിനക്ക് നൽകിയില്ലേ?'

അയാൾ പറഞ്ഞു: 'ഈ സമ്പത്ത് മുഴുവൻ തലമുറകളിലൂടെ എനിക്ക് അനന്തരമായി ലഭിച്ചതാണ്.'

അപ്പോൾ ആ മലക്ക് പറഞ്ഞു: 'നീ പറഞ്ഞത് നുണയാണെങ്കിൽ അല്ലാഹു നിന്നെ പൂർവസ്ഥിതിയിലേക്കുതന്നെ മാറ്റട്ടെ.'

പിന്നീട് മലക്ക് ചെന്നത് പഴയ കഷണ്ടിക്കാരന്റെ അടുത്തേക്കായിരുന്നു. ഒരു കഷണ്ടിക്കാരന്റെ രൂപത്തിൽതന്നെ പാണ്ഡുരോഗിയോട് പറഞ്ഞതെല്ലാം മലക്ക് അയാളോടും പറഞ്ഞു. അപ്പോൾ പാണ്ഡുരോഗിയുടെ മറുപടി തന്നെയാണ് ആ മനുഷ്യനും പറഞ്ഞത്. ആ സമയം മലക്ക് പറഞ്ഞു: 'നീ പറഞ്ഞത് നുണയാണെങ്കിൽ അല്ലാഹു നിന്നെ പൂർവസ്ഥിതിയിലേക്കുതന്നെ മാറ്റട്ടെ.'

പിന്നീട് ഒരു അന്ധന്റെ രൂപത്തിൽ പഴയ അന്ധനായ മനുഷ്യനെ സമീപിച്ചുകൊണ്ട് മലക്ക് പറഞ്ഞു:


'ഞാനൊരു വഴിപോക്കനായ സാധുമനുഷ്യനാണ്. ദീർഘയാത്രയിൽ എന്റെ എല്ലാം നഷ്ടമായിരിക്കുന്നു. അല്ലാഹുവിനോടും പിന്നെ നിന്നോടും എന്റെ സങ്കടം പറയുകയല്ലാതെ ഇന്നെനിക്ക് നിവൃത്തിയില്ല. നിനക്ക് നിന്റെ കാഴ്ച ശക്തി തിരിച്ചുനൽകിയവന്റെ പേരിൽ നിന്നോട് ഞാൻ ചോദിക്കുകയാണ്; എന്റെ യാത്രയിൽ ഒരു ആടിനെ തന്ന് എന്നെ സഹായിക്കണം.'

അപ്പോൾ അയാൾ പറഞ്ഞു: 'മുമ്പ് ഞാനൊരു അന്ധനായിരുന്നുവെന്നത് ശരിയാണ്. അല്ലാഹു എനിക്ക് കാഴ്ചശക്തി തിരിച്ചുനൽകി. നിനക്ക് ഇഷ്ടമുള്ളത് എടുത്തോളൂ. അവശേഷിക്കുന്നത് ഇവിടെ ബാക്കിവെച്ചോളൂ. അല്ലാഹുവാണെ സത്യം, അല്ലാഹുവിന്ന് വേണ്ടി നീ എടുത്ത ഒന്നിൽ നിന്നെ ഞാനിന്ന് ബുദ്ധിമുട്ടിക്കുകയില്ല.'

'വേണ്ട, നിന്റെ ധനം നീതന്നെ വച്ചോളൂ. ഞാൻ നിങ്ങളെയൊക്കെ പരീക്ഷിക്കുകയായിരുന്നു. നിന്റെ കാര്യത്തിൽ അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു. നിന്റെ രണ്ട് കൂട്ടുകാരോടും അല്ലാഹു കോപിച്ചിരിക്കുകയാണ്. മലക്ക് പ്രതിവചിച്ചു'' (ബുഖാരി, മുസ്‌ലിം).

വിവർത്തനം

ശമീർ മദീനി
shameermadeeni@gmail.com



# ആരാധനകൾക്ക് ഒരാമുഖം

23

ഒരു കവി പറഞ്ഞതുപോലെ: "ഹൃദയത്തിൽ നിന്നും നിങ്ങളെ വിസ്മൃതിയിലേക്ക് തള്ളിയിടാൻ ആഗ്രഹമുണ്ട്. പക്ഷേ, പ്രകൃതം അതിന് സമ്മതിക്കുന്നില്ല."

എന്നാൽ ഇത്തരം സന്ദർഭങ്ങളിൽ നാവുകൊണ്ടുള്ള ദിക്ർ നമുക്ക് മതം പഠിപ്പിച്ചിട്ടില്ല; നബിﷺ പ്രേരിപ്പിച്ചിട്ടുമില്ല. സ്വഹാബികളിൽ ആരിൽനിന്നും അങ്ങനെ ഉദ്ധരിക്കപ്പെടുന്നുമില്ല.

അബ്ദുല്ലാഹിബ്നു അബിൽ ഹുദൈൽ رضي الله عنه പറയുന്നു: "നിശ്ചയമായും അങ്ങാടിയിൽവെച്ച് അല്ലാ

ഹുവിനെ സ്മരിക്കുന്നത് അവനിഷ്ടമാണ്. ഏത് അവസ്ഥയിലും അവനെ ഓർക്കുന്നത് (അഥവാ നാവുകൊണ്ട് ദിക്ർ പറയുന്നത്) അവനിഷ്ടമാണ്; മലമൂത്ര വിസർജന സ്ഥലത്തൊഴികെ" (അബൂനുഐം 'ഹിൽയ'യിലും ബൈഹകി 'ശുഅബുൽ ഈമാനി'ലും ഉദ്ധരിച്ചത്).

ഈ ഒരവസ്ഥയിൽ ലജ്ജ (നാണം) തോന്നലും അല്ലാഹുവിന്റെ നിരീക്ഷണത്തെക്കുറിച്ചും അവൻ ചെയ്ത അനുഗ്രഹത്തെക്കുറിച്ചുമുള്ള ബോധമുണ്ടാവലും തന്നെ മതിയാകും. അതാകട്ടെ ഏറ്റവും മഹത്തരമായ ഒരു ദിക്ർ ആണല്ലോ. ഓരോ സന്ദർഭത്തിലും അതിനനുസരിച്ചാണ് ദിക്ർ. ഈ സന്ദർഭത്തിനനുയോജ്യമായത് അല്ലാഹുവിനോടുള്ള ലജ്ജയുടെയും ആദരവിന്റെയും വസ്ത്രത്തിൽ പൊതിഞ്ഞ ദിക്ർ ആണ്. അവന്റെ അനുഗ്രഹത്തെക്കുറിച്ചും അവൻ ചെയ്തുതന്ന നന്മകളെക്കുറിച്ചുമൊക്കെയുള്ള സ്മരണയാണ്. ഈ വിസർജ്യം ബുദ്ധിമുട്ടുകൾ നീക്കി പുറത്തുകളയാൻ പടച്ചവനൊരുക്കിയ സൗകര്യവും അതിലെ നന്മയും എത്ര മഹത്തരമാണ്. അതു പുറത്തുപോകാതെ അവിടെത്തന്നെ അടഞ്ഞുകൂടിയാൽ മരണംതന്നെ സംഭവിച്ചേക്കും. ഭക്ഷണം കഴിക്കാനുള്ള സൗകര്യം ഒരുക്കിയതുപോലെ തന്നെയാണ് അതിനു ശേഷം അതിന്റെ വിസർജ്യം പുറത്തുകളയാനുള്ള സൗകര്യങ്ങളിലെയും അവന്റെ അനുഗ്രഹങ്ങൾ.

അലിയ്യുബ്നു അബീത്വാലിബ്ؓ മല-മൂത്ര വിസർജന സ്ഥലത്തുനിന്ന് പുറത്തിറങ്ങിയാൽ തന്റെ വയറ് തടവിക്കൊണ്ട് ഇപ്രകാരം പറയുമായിരുന്നുവത്രെ: 'എത്ര വലിയ അനുഗ്രഹമാണിത്. ജനങ്ങൾ അതിന്റെ മഹത്ത്വം മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു!' (ഇബ്നു അബിദ്ദുൻയാ 'അശ്ശുക്ർ' എന്ന ഗ്രന്ഥത്തിലും ബൈഹകി 'ശുഅബുൽ ഈമാനി'ലും ഉദ്ധരിച്ചത്. ഇതിന്റെ പരമ്പര (സനദ്) അങ്ങേയറ്റം ദുർബലമാണ്-കുറിപ്പുകാരൻ).

മുൻഗാമികളിൽ (സലഫുകൾ) ചിലർ ഇങ്ങനെ പറയുമായിരുന്നു: "വിസർജ്യം പുറന്തള്ളിയതിന്റെ സുഖം എനിക്കനുഭവിപ്പിച്ച അല്ലാഹുവിന്നാകുന്നു സർവസ്തുതിയും. അതിലെ ഉപകാരങ്ങൾ എന്നിൽ നിലനിർത്തുകയും അതിന്റെ ഉപദ്രവങ്ങൾ എന്നിൽനിന്നും അവൻ നീക്കുകയും ചെയ്തു" (ത്വബ്റാനി 'അദ്ദുആഇ'ൽ ഉദ്ധരിച്ചത്. ഇതിന്റെ പരമ്പര ദുർബലമാണ്).

അപ്രകാരം തന്നെയാണ് ഭാര്യാഭർതൃബന്ധത്തിന്റെ വേളയിലുള്ള ദിക്റും. അല്ലാഹു അയാൾക്ക് ചെയ്ത പ്രസ്തുത അനുഗ്രഹത്തെ അയാൾ സ്മരിക്കുന്നു. അത് ദുൻയാവിലെ അനുഗ്രഹങ്ങളിൽ ഏറ്റവും മഹത്തരമായ ഒന്നാണ്. അല്ലാഹു

> **ഓരോ സന്ദർഭത്തിലും അതിനനുസരിച്ചാണ് ദിക്ർ. വിസർജന സമയത്തെ സന്ദർഭത്തിനനുയോജ്യമായത് അല്ലാഹുവിനോടുള്ള ലജ്ജയുടെയും ആദരവിന്റെയും വസ്ത്രത്തിൽ പൊതിഞ്ഞ ദിക്ർ ആണ്. അവന്റെ അനുഗ്രഹത്തെക്കുറിച്ചും അവൻ ചെയ്തുതന്ന നന്മകളെക്കുറിച്ചുമൊക്കെയുള്ള സ്മരണയാണ്. ഈ വിസർജ്യം ബുദ്ധിമുട്ടുകൾ നീക്കി പുറത്തുകളയാൻ പടച്ചവനൊരുക്കിയ സൗകര്യവും അതിലെ നന്മയും എത്ര മഹത്തരമാണ്. അതു പുറത്തുപോകാതെ അവിടെത്തന്നെ അടഞ്ഞുകൂടിയാൽ മരണംതന്നെ സംഭവിച്ചേക്കും. ഭക്ഷണം കഴിക്കാനുള്ള സൗകര്യം ഒരുക്കിയതുപോലെ തന്നെയാണ് അതിനു ശേഷം അതിന്റെ വിസർജ്യം പുറത്തുകളയാനുള്ള സൗകര്യങ്ങളിലെയും അവന്റെ അനുഗ്രഹങ്ങൾ.**

തനിക്ക് ചെയ്തുതന്ന അനുഗ്രഹങ്ങളെക്കുറിച്ച് ഒരാൾ ഓർക്കുമ്പോൾ അത് അയാളുടെ മനസ്സിൽ നന്ദിയുടെ ആന്ദോളനം സൃഷ്ടിക്കും. ദിക്ർ നന്ദിയുടെ പ്രധാന ഘടകമാണ്.

നബിﷺ മുആദിؓനോട് പറഞ്ഞു: "മുആദേ, അല്ലാഹുവാണെ, തീർച്ചയായും ഞാൻ നിന്നെ സ്നേഹിക്കുന്നു. ഒരു നമസ്കാര ശേഷവും ഇപ്രകാരം പറയാൻ നീ മറക്കരുത്; 'അല്ലാഹുവേ, നിന്നെ സ്മരിക്കുവാനും നിനക്ക് നന്ദി ചെയ്യുവാനും നല്ല രൂപത്തിൽ നിനക്ക് ആരാധനകളർപ്പിക്കുവാനും എന്നെ നീ സഹായിക്കേണമേ" (അഹ്മദ്, അബൂദാവൂദ്).

'ദിക്റി'നെയും 'ശുക്റി'നെയും (പ്രകീർത്തനവും നന്ദിയും) ഇവിടെ ചേർത്തു. അല്ലാഹുവും ഇവ രണ്ടും ചേർത്ത് പറഞ്ഞത് ശ്രദ്ധേയമാണ്. അല്ലാഹു പറയുന്നു:

"ആകയാൽ എന്നെ നിങ്ങൾ ഓർക്കുക. നിങ്ങളെ ഞാനും ഓർക്കുന്ന

താണ്. എന്നോട് നിങ്ങൾ നന്ദികാണിക്കുക. നിങ്ങളെന്നോട് നന്ദികേട് കാണിക്കരുത്" (ക്വുർആൻ 2:152).

അപ്പോൾ റബ്ബിനെ പ്രകീർത്തിക്കലും നന്ദിചെയ്യലും (ദിക്റും ശുക്റും) ജീവിത വിജയത്തിന്റെയും സൗഭാഗ്യത്തിന്റെയും കേന്ദ്രബിന്ദുവാണ്.

നാൽപത്തിയഞ്ച്: സൃഷ്ടികളിൽ അല്ലാഹു ഏറ്റവുമധികം ആദരവു നൽകുന്നത് ദിക്ർകൊണ്ട് നാവ് സദാസമയവും പച്ചപിടിച്ചുനിൽക്കുന്ന സൂക്ഷ്മതാബോധമുള്ളവർക്കാണ്. അത്തരക്കാർ അല്ലാഹുവിന്റെ വിധിവിലക്കുകളിൽ അവനെ സൂക്ഷിക്കും. അവനെക്കുറിച്ചുള്ള ദിക്ർ അവരുടെ അടയാളമായിരിക്കും.

സൂക്ഷ്മതാബോധം (തക്വ) നരകമോചനവും സ്വർഗ പ്രവേശനവും അയാൾക്ക് അനിവാര്യമാക്കുന്നു. അതാണ് അതിനുള്ള പ്രതിഫലവും കൂലിയും. എന്നാൽ 'ദിക്ർ' ആകട്ടെ, അത് അയാളെ അല്ലാഹുവിലേക്ക് കൂടുതൽ അടുപ്പിക്കുകയും അവനോടുള്ള സാമിപ്യം ഉറപ്പിക്കുകയും ചെയ്യുന്നു. അതാണ് യഥാർഥ സ്ഥാനവും പദവിയും.

പരലോകത്തിനുവേണ്ടി പണിയെടുക്കുന്നവർ രണ്ട് വിഭാഗമുണ്ട്. ഒന്ന്, പ്രതിഫലത്തിനും കൂലിക്കും വേണ്ടി പണിയെടുക്കുന്നവർ. മറ്റൊന്ന് യഥാർഥ സ്ഥാനത്തിനും പദവിക്കും വേണ്ടി പരിശ്രമിക്കുന്നവർ. അവർ അല്ലാഹുവിന്റെയടുക്കലുള്ള ഉന്നതപദവിക്കായി മറ്റുള്ളവരോട് മത്സരിക്കുകയായിരിക്കും. അങ്ങനെയവർ മറ്റുള്ളവരെ അതിജയിച്ച് അല്ലാഹുവിലേക്ക് സാമിപ്യം നേടും.

ഈ രണ്ടു വിഭാഗത്തെക്കുറിച്ചും അല്ലാഹു സൂറത്തുൽ ഹദീദിൽ പ്രതിപാദിച്ചിട്ടുണ്ട്: "തീർച്ചയായും ധർമിഷ്ഠരായ പുരുഷൻമാരും സ്ത്രീകളും അല്ലാഹുവിന് നല്ല കടം കൊടുത്തവരും ആരോ അവർക്കത് ഇരട്ടിയായി നൽകപ്പെടുന്നതാണ്. അവർക്കത്രെ മാന്യമായ പ്രതിഫലമുള്ളത്" (57:18).

ഈ പറയപ്പെട്ടത് പ്രതിഫലത്തിന്റെയും കൂലിയുടെയും ആളുകളെക്കുറിച്ചാണ്. എന്നിട്ട് അല്ലാഹു പറഞ്ഞു: "എന്നാൽ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിച്ചവരാരോ അവർ തന്നെയാണ് സത്യസന്ധന്മാർ (സ്വിദ്ദീക്വുകൾ)" (57:19).

ഇക്കൂട്ടരാണ് സ്ഥാനത്തിന്റെയും പദവിയുടെയും വക്താക്കൾ. ശേഷം പറഞ്ഞു: 'സത്യസാക്ഷികൾ, അവർക്ക് അവരുടെ രക്ഷിതാവിങ്കൽ അവരുടെ പ്രതിഫലവും അവരുടെ പ്രകാശവും ഉണ്ടായിരിക്കും.' അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിച്ചവർ എന്ന് പറഞ്ഞതിലേക്കാണ് ഇതിന്റെ ബന്ധം. അവരെക്കുറിച്ചാണ് 'അവർ സത്യസന്ധന്മാരാണ്' എന്നും 'സമുദായങ്ങൾക്ക് സാക്ഷികളാകുന്ന സത്യസാക്ഷികൾ' എന്നും പരാമർശിച്ചത്. ശേഷം അവരെക്കുറിച്ച് മറ്റൊരു കാര്യംകൂടി പറഞ്ഞു: 'അവർക്ക് അവരുടെ പ്രതിഫലവും അവരുടെ പ്രകാശവുമുണ്ട്.' അപ്പോൾ അവരെക്കുറിച്ച് നാല് കാര്യങ്ങൾ പറഞ്ഞു: അവർ സത്യസന്ധന്മാരാണ് (സ്വിദ്ദീക്വുകൾ), സത്യസാക്ഷികളാണ് (ശുഹദാക്കൾ). ഇതാണ് സ്ഥാനവും പദവിയും. എന്നിട്ട് അവരെക്കുറിച്ച് 'അവർക്ക് പ്രതിഫലവും പ്രകാശവുമുണ്ട്' എന്നും പറഞ്ഞു. അതാണ് പ്രതിഫലവും പാരിതോഷികവും.

മറ്റൊരു വിശദീകരണം ഇങ്ങനെയാണ്: 'അവർ സത്യസന്ധന്മാരാണ്' എന്ന വാചകം അവിടെ പൂർണമായി. ശേഷം സത്യസാക്ഷികളുടെ അവസ്ഥ പറഞ്ഞതാണത്രെ 'സത്യസാക്ഷികൾ, അവർക്ക് തങ്ങളുടെ രക്ഷിതാവിന്റെയടുക്കൽ അവരുടെ പ്രതിഫലവും പ്രകാശവുമുണ്ട്' എന്നത്.

അപ്പോൾ പുണ്യത്തിന്റെയും നന്മയുടെയും വക്താക്കളായ ധർമിഷ്ഠരെ പറഞ്ഞു. ശേഷം വിശ്വാസം ഹൃദയത്തിൽ വേരുറച്ച, ഈമാൻ നിറഞ്ഞുനിൽക്കുന്ന വിശ്വാസികളെക്കുറിച്ചും പരാമർശിച്ചു. അവരാണ് സ്വിദ്ദീക്വുകൾ. അവർ വിജ്ഞാനത്തിന്റെയും കർമത്തിന്റെയും ആളുകളാണ്. ആദ്യം പറഞ്ഞവർ നന്മയുടെയും പുണ്യത്തിന്റെയും ആളുകളും. പക്ഷേ, ഇക്കൂട്ടരാണ് അവരെക്കാൾ സത്യസന്ധതയിൽ പൂർണത കൈവരിച്ചവർ.



എന്നിട്ട് അല്ലാഹു ശുഹദാക്കളെക്കുറിച്ച് 'അവർക്ക് അവൻ ഉപജീവനവും പ്രകാശവും നൽകു'മെന്ന് അറിയിച്ചു. കാരണം, അവർ അവരെ അല്ലാഹുവിന്ന് സമർപ്പിച്ചവരാണ്. അതിന്ന് പകരമായി അല്ലാഹു അവരെ അവന്റെയടുക്കൽ ജീവിക്കുന്നവരും ഉപജീവനം നൽകുന്നവരുമാക്കി. അവർക്കുള്ള ഉപജീവനവും പ്രകാശവും അവൻ അവർക്ക് നൽകിക്കൊണ്ടിരിക്കും. അവരാണ് സൗഭാഗ്യവാന്മാരായ വിജയികൾ.

പിന്നീട് ദൗർഭാഗ്യവന്മാരായ പരാജിതരെക്കുറിച്ചു പറഞ്ഞു:

"അവിശ്വസിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും ചെയ്തവരാരോ അവരാകുന്നു നരകാവകാശികൾ" (5:10; 5:86).

ചുരുക്കത്തിൽ, അല്ലാഹു പ്രതിഫലത്തിന്റെയും പദവികളുടെയും ആളുകളെക്കുറിച്ചു പറഞ്ഞു. ഈ രണ്ടു കാര്യങ്ങളുമാണ് ഫിർഔൻ മൂസാ നബി﵇യെ പരാജയപ്പെടുത്തിയാൽ സാഹിറുകൾക്ക് (ജാലവിദ്യക്കാർക്ക്) നൽകാമെന്ന് വാഗ്ദാനം ചെയ്തത്.

"അങ്ങനെ ജാലവിദ്യക്കാർ വന്നെത്തിയപ്പോൾ ഫിർഔനോട് അവർ ചോദിച്ചു: ഞങ്ങളാണ് വിജയികളാകുന്നതെങ്കിൽ തീർച്ചയായും ഞങ്ങൾക്ക് പ്രതിഫലമുണ്ടായിരിക്കുമോ? അവൻ (ഫിർഔൻ) പറഞ്ഞു: അതെ, തീർച്ചയായും നിങ്ങൾ സാമീപ്യം നൽകപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും" (26:41,42).

അതായത്, ഞാൻ നിങ്ങൾക്ക് പ്രതിഫലവും എന്റെയടുക്കൽ മികച്ച സ്ഥാനമാനങ്ങളും എന്നോടുള്ള പ്രത്യേക സാമീപ്യവും നൽകാം എന്നാണ് ഫിർഔൻ അവരോട് പറഞ്ഞത്.

കർമം ചെയ്യുന്നവർ പ്രതിഫലത്തിനായി കർമം ചെയ്യുന്നു. ജ്ഞാനികൾ അല്ലാഹുവിന്റെയടുക്കലുള്ള പ്രത്യേക സ്ഥാനത്തിനും പദവികൾക്കും അടുപ്പത്തിനും വേണ്ടി കർമം ചെയ്യുന്നു. ജ്ഞാനികളുടെ ഹൃദയത്തിന്റെ കർമങ്ങൾ കർമികളുടേതിനെക്കാൾ കൂടുതലായിരിക്കും. എന്നാൽ ശരീരം കൊണ്ടുള്ള കർമങ്ങൾ ഒരുപക്ഷേ, അവരെക്കാൾ കൂടുതൽ ചെയ്യുന്നത് കർമികൾ ആയിരിക്കും.

മുഹമ്മദുബ്നു കഅ്ബ് അൽഖുറളി﵁ പറഞ്ഞതായി ഇമാം ബൈഹകി ഉദ്ധരിക്കുന്നു: "മൂസാ നബി﵇ പറഞ്ഞു: 'പടച്ചവനേ... നിന്റെ സൃഷ്ടികളിൽ ആരാണ് നിന്റെയടുക്കൽ ഏറ്റവും ആദരണീയൻ?' അല്ലാഹു പറഞ്ഞു: 'എന്നെ പ്രകീർത്തിച്ചുകൊണ്ട് സദാസമയവും നാവ് ദിക്റിനാൽ പച്ചപിടിച്ചു നിൽക്കുന്നവൻ.' അദ്ദേഹം ചോദിച്ചു: 'പടച്ചവനേ, നിന്റെ സൃഷ്ടികളിൽ ഏറ്റവും അറിവുള്ളത് ആർക്കാണ്?' അല്ലാഹു പറഞ്ഞു: 'തന്റെ

> **വിശ്വാസം ഹൃദയത്തിൽ വേരുറച്ച, ഈമാൻ നിറഞ്ഞുനിൽക്കുന്ന വിശ്വാസികളാണ് സ്വിദ്ദീക്വുകൾ. അവർ വിജ്ഞാനത്തിന്റെയും കർമത്തിന്റെയും ആളുകളാണ്. ശുഹദാക്കൾ നന്മയുടെയും പുണ്യത്തിന്റെയും ആളുകളും. പക്ഷേ, ഇക്കൂട്ടരാണ് അവരെക്കാൾ സത്യസന്ധതയിൽ പൂർണത കൈവരിച്ചവർ. അല്ലാഹു ശുഹദാക്കളെക്കുറിച്ച് 'അവർക്ക് അവൻ ഉപജീവനവും പ്രകാശവും നൽകു'മെന്ന് അറിയിച്ചു. കാരണം, അവർ അവരെ അല്ലാഹുവിന്ന് സമർപ്പിച്ചവരാണ്. അതിന്ന് പകരമായി അല്ലാഹു അവരെ അവന്റെയടുക്കൽ ജീവിക്കുന്നവരും ഉപജീവനം നൽകുന്നവരുമാക്കി. അവർക്കുള്ള ഉപജീവനവും പ്രകാശവും അവൻ അവർക്ക് നൽകിക്കൊണ്ടിരിക്കും. അവരാണ് സൗഭാഗ്യവാന്മാരായ വിജയികൾ.**

ജ്ഞാനത്തിലേക്ക് മറ്റുള്ളവരുടെ ജ്ഞാനവും കൂടി തേടുന്നവൻ.' മൂസാ﵇ ചോദിച്ചു: 'അല്ലാഹുവേ, നിന്റെ സൃഷ്ടികളിൽ ഏറ്റവും വലിയ നീതിമാൻ ആരാണ്?' അല്ലാഹു പറഞ്ഞു: 'ജനങ്ങളോട് വിധിക്കുന്നതുപോലെ സ്വന്തത്തോടും വിധിക്കുന്നവൻ.' അദ്ദേഹം ചോദിച്ചു: 'പടച്ചവനേ, നിന്റെ പടപ്പുകളിൽ ഏറ്റവും വലിയ പാപിയാരാണ്?' അല്ലാഹു പറഞ്ഞു: 'എന്നെ തെറ്റിദ്ധരിക്കുന്നവൻ.' മൂസാ﵇ ചോദിച്ചു: 'രക്ഷിതാവേ, നിന്നെ ആരെങ്കിലും തെറ്റിദ്ധരിക്കുമോ?' അല്ലാഹു പറഞ്ഞു: 'എന്നോട് നല്ലതിനെ ചോദിക്കുകയും ഞാൻ വിധിച്ചു നൽകിയതിൽ തൃപ്തിപ്പെടാതിരിക്കുകയും ചെയ്യുന്നവൻ' (ബൈഹകി, 'ശുഅബുൽ ഈമാൻ').

ഇബ്നു അബ്ബാസ്﵁ പറഞ്ഞതായി ഇപ്രകാരം ഉദ്ധരിക്കുന്നു: "മൂസാനബി﵇ സീനാപർവതത്തിലേക്കു പോയപ്പോൾ ചോദിച്ചു: 'അല്ലാഹുവേ, നിന്റെ അടിമകളിൽ നീ ഏറ്റവും ഇഷ്ടപ്പെടുന്നത് ആരെയാണ്?' അല്ലാഹു പ

റഞ്ഞു: 'എന്നെ സദാ സ്മരിക്കുന്ന, ഒരിക്കലും എന്നെ വിസ്മരിക്കാത്തവരെ" (ബൈഹകി 'ശുഅബുൽഈമാനി'ലും ത്വബ്‌രി തന്റെ 'തഫ്സീറി'ലും 'താരീഖി'ലും ഖത്വീബുൽ ബാഗ്ദാദി 'അർരിഹ്‌ലത്തു ഫീ ത്വലബിൽ ഹദീഥ്' എന്ന ഗ്രന്ഥത്തിലും ഇതുപോലെ ഉദ്ധരിക്കുന്നുണ്ട്-കുറിപ്പുകാരൻ).

കഅ്ബ്ﷺ പറയുന്നു: "മൂസാ നബിﷺ ചോദിച്ചു: 'രക്ഷിതാവേ, നീ ഏറെ സമീപത്തുള്ളവനാണോ? എങ്കിൽ എനിക്ക് നീയുമായി രഹസ്യസംഭാഷണം നടത്താമായിരുന്നു. അതല്ല, നീ ദൂരെയുള്ളവനാണോ, അങ്ങനെയെങ്കിൽ എനിക്ക് നിന്നെ വിളിക്കാനാണ്." അപ്പോൾ അല്ലാഹു പറഞ്ഞുവത്രെ: "മൂസാ, എന്നെ സ്മരിക്കുന്നവരുടെ സമീപത്തുതന്നെ ഞാനുണ്ട്." മൂസാﷺ പറഞ്ഞു: "നിന്നോടുള്ള ബഹുമാനാദരങ്ങളാൽ നിന്നെ പ്രകീർത്തിക്കാൻ ഞാൻ മടിക്കുന്ന ചില സന്ദർഭങ്ങളിൽ ആകുമ്പോൾ എന്താണ് ചെയ്യേണ്ടത്?" അല്ലാഹു ചോദിച്ചു: "എന്താണത് മൂസാ?" അദ്ദേഹം പറഞ്ഞു: "മല-മൂത്ര വിസർജന വേളയിലും വലിയ അശുദ്ധിയുടെ അഥവാ ജനാബത്തിന്റെ സന്ദർഭത്തിലും." അല്ലാഹു പറഞ്ഞു: 'നീ എന്നെ ഏത് അവസ്ഥയിലും പ്രകീർത്തിച്ചുകൊള്ളുക" (അഹ്മദ് 'അസ്സുഹ്ദി'ലും ഇബ്നു അബീ ശൈബ 'മുസ്വന്നഫി'ലും അബൂനുഐം 'ഹിൽയ'യിലും ബൈഹകി 'ശുഅബുൽ ഈമാനി'ലും ഉദ്ധരിച്ചത്).

ഉബൈദുബ്നു ഉമൈർﷺ പറഞ്ഞു: "സത്യവിശ്വാസിയുടെ ഏടിലുള്ള, അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പമുള്ള ഒരു പ്രകീർത്തനം (ഹംദിനോടൊപ്പമുള്ള തസ്ബീഹ്) ഇഹലോകത്തെ പർവതങ്ങൾക്ക് സമാനമായ സ്വർണത്തെക്കാൾ അവന് ഉത്തമമാണ്" (ഇബ്നുൽ മുബാറക് 'സുഹ്ദി'ലും ഇബ്നു അബീശൈബ 'മുസ്വന്നഫി'ലും അബൂനുഐം 'ഹിൽയ'യിലും ബൈഹകി 'ശുഅബുൽ ഈമാനി'ലും ഉദ്ധരിച്ചത്).

ഹസൻﷺ പറഞ്ഞു: "അന്ത്യനാൾ ആസന്നമായാൽ ഒരാൾ വിളിച്ചു പറയും: 'ഈ സംഗമത്തിന്റെ ആളുകൾക്ക് അറിയാൻ കഴിയും, ആരാണ് ഔദാര്യത്തിന് ഏറ്റവും കടപ്പെട്ടതെന്ന്. എവിടെയാണ് ഈ പറയപ്പെട്ടവർ?" "ഭയത്തോടും പ്രത്യാശയോടും കൂടി തങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുവാനായി, കിടന്നുറങ്ങുന്ന സ്ഥലങ്ങൾ വിട്ട് അവരുടെ പാർശ്വങ്ങൾ അകലുന്നതാണ്. അവർക്ക് നാം നൽകിയതിൽ നിന്ന് അവർ ചെലവഴിക്കുകയും ചെയ്യും" (32:16). അദ്ദേഹം പറഞ്ഞു: 'അപ്പോൾ എഴുന്നേറ്റ് ജനങ്ങളുടെ പിരടികൾ കവച്ചുവെച്ച് മുന്നോട്ടു അവർ ചെല്ലും. പിന്നെയും ഒരാൾ വിളിച്ചു പറയും: 'ഈ സംഗമത്തിന്റെ ആളുകൾക്കറിയാം ആരാണ് ഔദാര്യത്തിന് ഏറ്റവും അർഹപ്പെട്ടവരെന്ന്. എവിടെയാണ് കച്ചവടവും ഇടപാടുകളും അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്ന് അശ്രദ്ധമാക്കിക്കളയാതിരുന്നവർ?" "ചില ആളുകൾ. അല്ലാഹുവെ സ്മരിക്കുന്നതിൽനിന്നും, നമസ്കാരം മുറപോലെ നിർവഹിക്കുന്നതിൽനിന്നും, സകാത്ത് നൽകുന്നതിൽനിന്നും കച്ചവടമോ ക്രയവിക്രയമോ അവരുടെ ശ്രദ്ധ തിരിച്ചുവിടുകയില്ല. ഹൃദയങ്ങളും കണ്ണുകളും ഇളകിമറിയുന്ന ഒരു ദിവസത്തെ അവർ ഭയപ്പെട്ടുകൊണ്ടിരിക്കുന്നു" (24:37). അപ്പോൾ അവരും എഴുന്നേറ്റ് ജനങ്ങളുടെ പിരടികൾ കവച്ചുവെച്ച് മുന്നോട്ട് ചെല്ലും. വീണ്ടും ഒരാൾ വിളിച്ചു പറയും: 'ഈ സംഗമത്തിന്റെ ആളുകൾക്കറിയാം ആരാണ് ഔദാര്യത്തിന് ഏറ്റവും അവകാശപ്പെട്ടവരെന്ന്. എല്ലാ അവസ്ഥയിലും അല്ലാഹുവിനെ ധാരാളമായി സ്തുതിച്ചിരുന്നവർ എവിടെയാണ് എന്ന് ചോദിക്കുമ്പോൾ അവരും എഴുന്നേറ്റ് ചെല്ലും. അവർ ധാരാളമുണ്ടാകും. പിന്നീടാണ് വിചാരണയും കർമഫലങ്ങളും ശേഷിക്കുന്നവരിൽ ഉണ്ടാവുക" (മുസ്വന്നഫ് അബ്ദുർറസാകിലും ബൈഹകി ശുഅബുൽ ഈമാനിലും ഉദ്ധരിച്ചത്).

ഒരാൾ വന്നിട്ട് അബൂ മുസ്‌ലിമുൽ ഖൗലാനിയോട് പറഞ്ഞു: "അല്ലയോ അബൂമുസ്‌ലിം, താങ്കൾ എന്നെ ഒന്ന് ഉപദേശിച്ചാലും.' അദ്ദേഹം പറഞ്ഞു: 'നീ ഏത് കുഗ്രാമത്തിലോ വൃക്ഷച്ചുവട്ടിലോ ആയിരുന്നാലും അല്ലാഹുവിനെ സ്മരിക്കുക.' 'ഇനിയും അധികരിപ്പിച്ചാലും' എന്ന് അയാൾ അവശ്യപ്പെട്ടപ്പോൾ അബൂമുസ്‌ലിം പറഞ്ഞു: ആളുകൾ നിന്നെ ഒരു ഭ്രാന്തനെന്ന് കരുതുവോളം നീ അല്ലാഹുവിനെ പ്രകീർത്തിച്ചുകൊണ്ടിരിക്കുക.' അബൂമുസ്‌ലിം ധാരാളമായി അല്ലാഹുവിനെ പ്രകീർത്തിക്കുന്ന (ദിക്ർ ചെയ്യുന്ന) ആളായിരുന്നു. അങ്ങനെ ഒരിക്കൽ അദ്ദേഹം ദിക്ർ ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ ഒരാൾ അദ്ദേഹത്തെ കാണുകയും ഇങ്ങനെ ചോദിക്കുകയും ചെയ്തു: 'നിങ്ങളുടെ ചങ്ങാതിക്ക് ഭ്രാന്താണോ?' അപ്പോൾ അതുകേട്ട അബൂ മുസ്‌ലിം പറഞ്ഞു: 'സഹോദരാ, ഇത് ഭ്രാന്തല്ല, പ്രത്യുത ഭ്രാന്തില്ലാതിരിക്കാനുള്ള ചികിത്സയാണ്" (ബൈഹഖി ശുഅബുൽ ഈമാനിലും ഇബ്നു അസാക്കിർ താരീഖു ദിമശ്ഖിലും ഉദ്ധരിച്ചത്). **(തുടരും)**

ഡോ. ടി.കെ യൂസുഫ്
mail@nerpatham.com

ലേഖനം



# വിവരവിദ്യ വിനയാകുമോ?

വിവര സാങ്കേതിക വിദ്യയുടെ വർണപ്പകിട്ടുകൾ വാരിപ്പുണരുന്നതിന് വേണ്ടി ജനങ്ങൾ നെട്ടോട്ടമോടുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. യാതൊരു വകതിരിവും വിവേചനവുമില്ലാതെ ഈ മലവെള്ളപ്പാച്ചിലിൽ പൊങ്ങുതടികളായി സഞ്ചരിക്കുകയാണെങ്കിൽ അത് നമ്മെ നാശത്തിന്റെ കയങ്ങളിലേക്കായിരിക്കും നയിക്കുക. ഇൻഫർമേഷൻ ടെക്‌നോളജിയുടെ ഏറ്റവും വലിയ നേട്ടമായി കൊട്ടിഘോഷിക്കുന്ന വിജ്ഞാന വിസ്ഫോടനത്തിലൂടെ മനുഷ്യൻ ആർജിക്കുന്ന അറിവുകൾ അവനെ സാംസ്കാരികമായി ഉയർത്താൻ പര്യാപ്തമായതാണോ എന്നതാണ് പ്രശ്നം.

കഴിഞ്ഞ രണ്ട് ദശകങ്ങൾക്കുള്ളിൽ ശാസ്ത്ര, സാങ്കേതികവിദ്യ കൈവരിച്ച നേട്ടം നിമിത്തം ഇന്ന് നമുക്ക് വളരെ പെട്ടെന്ന് കുറഞ്ഞ ചെലവിൽ വിവരങ്ങൾ ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനും അപഗ്രഥിക്കുന്നതിനും കൈമാറുന്നതിനും സാധിച്ചിട്ടുണ്ട്. പാശ്ചാത്യ ലോബി ചുക്കാൻപിടിക്കുന്ന ഈ വിവരവിപ്ലവത്തിൽ മുസ്‌ലിംകളുടെ പങ്ക് ഉത്പാദനത്തിനെക്കാൾ കൂടുതൽ ഉപഭോഗത്തിന്റേതാണ്. വിജ്ഞാന വിപ്ലവത്തിൽ പങ്കുചേരാനുള്ള മതനേതാക്കളുടെ ആഹ്വാനം ചെവിക്കൊണ്ട് ആഗോള മീഡിയ രംഗത്ത് കുറച്ചൊക്കെ മുസ്‌ലിംകളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഏതെല്ലാം വാർത്തകൾ പ്രക്ഷേപണം ചെയ്യണം എന്ന് തീരുമാനിക്കുന്നിടത്ത് മുസ്‌ലിംകൾക്ക് അധികമൊന്നും എത്തിപ്പിടിക്കാൻ സാധിക്കാത്തതുകൊണ്ട് ഇസ്‌ലാമിനെ ഇകഴ്ത്തുന്ന വാർത്തകൾ പ്രചരിപ്പിക്കുന്ന രംഗങ്ങളിൽ പോലും മുസ്‌ലിം കരങ്ങൾക്ക് പങ്കുണ്ടാകാനിടയുണ്ട്. ഏത് വാർത്തയും, അത് ശരിയാണെങ്കിൽ സമൂഹത്തിന് പ്രയോജനം ചെയ്യുമെന്ന ഒരു കാഴ്ചപ്പാടാണ് പാശ്ചാത്യ മീഡിയകൾ വെച്ചുപുലർത്തുന്നത്. അതുകൊണ്ട് തന്നെ എന്ത് എവിടെ സംഭവിച്ചാലും അത് മാലോകരെ അറിയിക്കാൻ അവർ തത്രപ്പാട് കാണിക്കാറുണ്ട്.

ഒരു കമ്പ്യൂട്ടറിൽ എത്ര വൃത്തികെട്ട വിവരങ്ങൾ ശേഖരിച്ചുവെച്ചാലും അതിന്റെ യന്ത്രസംവിധാനത്തിന് യാതൊരു തകരാറും സംഭവിക്കുകയില്ല. എന്നാൽ മീഡിയകൾ മനുഷ്യമസ്തിഷ്കത്തിലേക്ക് കടത്തിവിടുന്ന വാർത്തകൾ, അത് എത്ര ബാലിശമാണെങ്കിലും അവന്റെ ജീവിതത്തിലും പെരുമാറ്റത്തിലും പ്രതിഫലിക്കാനിടയുണ്ട്. ഇസ്‌ലാമിക വീക്ഷണപ്രകാരം ഒരു വാർത്ത പ്രയോജനപ്രദമാണെങ്കിൽ മാത്രമെ പ്രചരിപ്പിക്കുന്നതിൽ പ്രസക്തിയുള്ളൂ. എന്നാൽ ഉപഗ്രഹചാനലുകൾ പ്രക്ഷേപണം ചെയ്തുകൊണ്ടിരിക്കുന്ന വാർത്തകളിലധികവും പ്രയോജനരഹിതമാണെന്നതിലുപരി ദുരുപദിഷ്ടവും വിനാശകരവും ധാർമിക പാപ്പരത്തത്തിലേക്ക് നയിക്കുന്നതുമാണ്.

ഒരു വിശ്വാസിയെ സംബന്ധിച്ചേടത്തോളം എല്ലാ വിവരവും അവന് പ്രയോജനപ്രദമാക്കാനാവുമെങ്കിലും ചാനലുകളിലൂടെ പ്രസാരണംചെയ്യപ്പെടുന്ന വിവരങ്ങളുടെ പ്രവാഹം ഒരു മനുഷ്യന് ഉൾക്കൊള്ളാൻകഴിയുന്നതിലുമധികം എത്രയോ വിപുലമാണ്. ഒരാൾക്ക് ഒരേസമയം ഒന്നിലധകം വിവരങ്ങൾ ഗ്രഹിക്കുക അസാധ്യമായതുകൊണ്ട്, വാർത്തകളുടെ ഒഴുക്കിൽ തനിക്കാവശ്യമായത് തെരഞ്ഞെടുക്കാനാവാതെ അവന് പരിഭ്രമിച്ചുഴറേണ്ടിവരും. ഭീകരാക്രണം, ബോംബ് സ്ഫോടനം, ഭൂകമ്പം, വെള്ളപ്പൊക്കം മിസൈലാക്രമണം, വാഹനാപകടങ്ങൾ, അഴിമതി, രാഷ്ട്രീയ കുതികാൽ വെട്ടുകൾ, നാണ്യപ്പെരുപ്പം, കമ്പോളത്തകർച്ച, ഓഹരി വിപണി... തുടങ്ങി ഭൂഗോളത്തിന്റെ നാനാദിക്കുകളിൽ സംഭവിക്കുന്ന സംഭവ വികാസങ്ങൾ ഒറ്റയടിക്ക് പ്രസാരണം ചെയ്യപ്പെടുമ്പോൾ അതെല്ലാംകൂടി വാരിവലിച്ച് അകത്താക്കാൻ ആർക്കാണ് സമയം ലഭിക്കുക?

വിവരവും വിജ്ഞാനവും തമ്മിൽ അന്തരമുണ്ട് എന്ന കാര്യവും നാമിവിടെ ശ്രദ്ധിക്കേണ്ടതുണ്ട്. ധാരാളം വിവരങ്ങൾ ശേഖരിക്കുകയും അതോടൊപ്പം വിജ്ഞാന രംഗത്ത് വട്ടപ്പൂജ്യമാകുകയും ചെയ്യുന്ന ഒരവസ്ഥയാണ് ഇന്ന് പലർക്കുമുള്ളത്. പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വിജ്ഞാനത്തെക്കാൾ വാർത്തകൾക്ക് പ്രധാന്യം കൊടുക്കുന്നത് കൊണ്ടാണ് ഇത് സംഭവിക്കുന്നത്. വായന മരിക്കുന്നു എന്ന പരിഭവം നിലവാരമുള്ള പുസ്തക വായനയെ സംബന്ധിച്ചിടത്തോളം ശരിയാണെങ്കിലും പത്രങ്ങളുടെയും ആനുകാലികങ്ങളുടെയും കാര്യത്തിൽ വായനാ രംഗത്ത് ഒരു കുതിച്ച് ചാട്ടം തന്നെ സംഭവിച്ചിട്ടുണ്ട്. ഓരോ ഭാഷയിലുമുള്ള പത്ര പ്രസിദ്ധീകരണങ്ങളുടെ എണ്ണത്തിലുള്ള വർധനവ് ഇതാണ് സൂചിപ്പിക്കുന്നത്. ഒരു വർഷത്തിൽ അച്ചടിമഷി പുരളുന്ന കടലാസുകൊണ്ട് ഈ ഭൂമിയെ ഒന്നിലധികം തവണ പൊതിയാൻ കഴിയുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ലോകത്തിന്റെ നാനാ ഭാഗങ്ങളിലായി പല ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന ദിനപ്പത്രങ്ങളും വാരികകളും മാസികളും ഇതര പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളുമെല്ലാം കൂടി അച്ചടിക്കാൻ ആവശ്യമായിവരുന്ന പേപ്പർ റീലിന്റെ അളവും ഭൂമിയുടെ വ്യാപ്തിയും കൂടി താരതമ്യം ചെയ്തിട്ടാണ് ഇത്തരം ഒരു നിഗമനത്തിലെത്തിയത്. ഒരുകാലത്ത് വായിക്കാൻ എന്തെങ്കിലും ലഭിക്കണമെങ്കിൽ ജനങ്ങൾക്ക് ഗ്രന്ഥാലയങ്ങളെ ആശ്രയിക്കേണ്ടിവന്നിരുന്നു. എന്നാൽ ഇന്ന് വീട്ടിൽ വരുത്തുന്ന പത്ര, പ്രസിദ്ധീകരണങ്ങൾ മുഴുവൻ മറിച്ചുനോക്കാൻപോലും പലർക്കും സമയം ലഭിക്കാറില്ല. ഏകദേശം രണ്ട് നൂറ്റാണ്ടുകൾക്കു മുമ്പ് വാർത്തകൾ ഉള്ളപ്പോൾ മാത്രമാണ് പ

ത്രങ്ങൾ പ്രസിദ്ധീകരിച്ചിരുന്നത് എന്നാണ് പറയപ്പെടുന്നത്. എന്നാൽ ഇന്ന് പത്രങ്ങൾ പേജുകൾ നിറക്കുന്നതിന് വേണ്ടി വാർത്തകളും ഫീച്ചറുകളും സൃഷ്ടിക്കുകയാണ്.

വാർത്താവിനിമയതെ മാനവമോചനത്തിനും ജനക്ഷേമത്തിനും വേണ്ടി ഉപയോഗപ്പെടുത്താനാവുന്നത് പോലെ അതുകൊണ്ട് മനുഷ്യനെ കീഴ്പെടുത്താനും അവന്റെ രഹസ്യങ്ങൾ ചൂഴ്ന്നെടുക്കാനും സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടാനും സർവോപരി മസ്തിഷ്ക പ്രക്ഷാളനം നടത്താനും സാധ്യമാകും. ആധുനിക വാർത്താമാധ്യമങ്ങൾ ലോകത്തിന്റെ ഏത് കോണിൽ നടക്കുന്ന വേണ്ടാത്തരങ്ങളും നമുക്ക് വിളമ്പിത്തരുന്നുണ്ടെങ്കിലും സാംസ്കാരിക പുരോഗതിക്ക് പ്രചോദനം നൽകുന്നതിൽ അവ പുറകോട്ട് പോയിക്കൊണ്ടിരിക്കയാണ്. ചാനലുകളിൽ സംപ്രേഷണം ചെയ്യപ്പെടുന്ന സംസ്കാരം തൊട്ടുതീണ്ടാത്ത സാംസ്കാരിക പരിപാടികളും സീരിയലുകളും ധാർമികതയുടെ ശവക്കുഴിതോണ്ടുകതന്നെയാണ് ചെയ്യുന്നത്.

### ടെക്നോളജിയും ചാരവൃത്തിയും

നമ്മുടെ ടെലഫോൺ, ഇ മെയിൽ, ഫേസ്ബുക്ക്, വാട്സ് ആപ്പ് തുടങ്ങിയവയിലൂടെ അയക്കപ്പെടുന്ന സന്ദേശങ്ങൾ ചോർത്തിയെടുക്കുന്നതിന് വേണ്ടി ഒരു സംഘം പ്രവർത്തിക്കുന്നുണ്ടെന്ന് പറഞ്ഞാൽ അത് പലർക്കും അവിശ്വസനീയമായി തോന്നിയേക്കാം. നമ്മുടെ പ്രശ്നങ്ങളും പ്രാരാബ്ധങ്ങളും അറിഞ്ഞിട്ട് അവർക്ക് എന്ത് പ്രയോജനം എന്ന് ചിന്തിക്കുന്നവരുമുണ്ടാകാം. എന്നാൽ അമേരിക്കയിലെ നാഷനൽ സെക്യൂരിറ്റി ഏജൻസി പതിനായിരക്കണക്കിന് ഉദ്യോഗസ്ഥരുടെ ഒരു പടതന്നെ മറ്റുള്ളവരുടെ സംസാരങ്ങൾ കട്ടുകേൾക്കുന്നതിന് വേണ്ടി ഒരുക്കിനിർത്തിയിട്ടുണ്ട്.

മറ്റുള്ളവരുടെ രഹസ്യങ്ങൾ ചോർത്തുന്നതിനുള്ള ഇലക്ട്രോണിക് സംവിധാനത്തിന് പ്രധാനമായും രണ്ട് മാർഗങ്ങളാണുള്ളത്. അതിലൊന്ന് ലേസർ മൈക്രോഫോണാണ്. ഇതുവഴി അടഞ്ഞുകിടക്കുന്ന മുറിക്കുള്ളിൽ നടക്കുന്ന സംഭാഷണങ്ങളുടെ ആവേഗങ്ങൾപോലും പകർത്താനാവും. പിന്നീട് ഈ ആവേഗങ്ങളെ ശബ്ദതരംഗങ്ങളായി പരിവർത്തിപ്പിച്ചാൽ മതിയാകും. റ്റി എക്സ് എന്ന പേരിലറിയപ്പെടുന്ന കുറച്ചുകൂടി വിപുലമായ സംവിധാനമാണ് മറ്റൊന്ന്. ടെലഫോൺ ലൈനിൽനിന്ന് നേരിട്ട് വിവരങ്ങൾ ചോർത്തുന്ന ഏർപ്പാടാണിത്. ലോകത്തിലെ കോടിക്കണക്കിന് ലൈനുകളിലൂടെ പോകുന്ന ആയിരക്കണക്കിന് ഭാഷകളിലുള്ള സംസാരം വേർതിരിച്ച് മനസ്സിലാക്കുക അസാധ്യമാണെങ്കിലും തങ്ങൾക്ക് അറിയാൻ താൽപര്യമുള്ള ചില പ്രത്യേക പദങ്ങൾ മുൻകൂട്ടി പ്രോഗ്രാം ചെയ്ത് വെച്ചുകൊണ്ട് അവ ഉൾകൊള്ളുന്ന സംഭാഷണങ്ങൾ മാത്രമാണ് ഈ സംവിധാനം തേടിപ്പിടിക്കാറുള്ളത്. ടെലഫോൺ, ഫാക്സ്, ഇന്റർനെറ്റ് തുടങ്ങി ഉപഗ്രഹത്തിന്റെ സഹായത്തോടെ വിനിമയം ചെയ്യപ്പെടുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന് വേണ്ടി ശാക്തിക രാജ്യങ്ങൾ 'ഇൻഫോ പോൾ' എന്ന ഒരു പദ്ധതി തന്നെ രൂപീകരിച്ചിട്ടുണ്ട്.

ഇ മെയിൽ അക്കൗണ്ടിന് വരിസംഖ്യ ഈടാക്കിയിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. അന്ന് സൗജന്യമായി നൽകിയിരുന്നവർതന്നെ വളരെ പരിമിതമായ സ്ഥലമാണ് ഉപഭോക്താക്കൾക്ക് അനുവദിച്ചിരുന്നത്. എന്നാൽ ഇന്ന് അനവധി ജിഗാബൈറ്റ് വരുന്ന സ്ഥലവിശാലതയുള്ള ഇ മെയിൽ അക്കൗണ്ടുകൾ തീർത്തും സൗജന്യമായി മാറിയിരിക്കുന്നു. ലോകത്തെ മുഴുവൻ ജനങ്ങളുടെ രഹസ്യവിവരങ്ങളും കൈവശപ്പെടുത്തുക എന്ന ഒരു നിഗൂഢ ലക്ഷ്യം കൂടി ഈ സൗജന്യമനുവദിക്കുന്നതിന്റെ പിന്നിലുണ്ട്. ലക്ഷക്കണക്കിന് ഉപഭോക്തക്കൾ കൈമാറുന്ന മുഴുവൻ സന്ദേശങ്ങളുടെ കോപ്പിയും ഈ അക്കൗണ്ട് ദാതാക്കളുടെ കൈവശമുണ്ടാകും. ഏതെങ്കിലും പദങ്ങൾ സെർച്ച് ചെയ്തുകൊണ്ട് അവർക്ക് സന്ദേശങ്ങളുടെ ഉള്ളടക്കവും കണ്ടുപിടിക്കാനാവും. മിക്ക ഇ മെയിൽ അക്കൗണ്ട് ദാതാക്കളും ഉപഭോക്താക്കളുടെ ഫയലുകളും ഫോട്ടോകളും വീഡിയോ ക്ലിപ്പുകളും ആഗോളവലയിൽ സൂക്ഷിച്ചുവെക്കാനുള്ള സൗകര്യങ്ങളും നൽകുന്നുണ്ട്. അത്യാവശ്യമുള്ള കാര്യങ്ങൾ എവിടെനിന്നും ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യമുള്ളതുകൊണ്ട് എല്ലാവരും തങ്ങളുടെ പ്രധാനപ്പെട്ട വിവരങ്ങൾ നെറ്റിൽ സൂക്ഷിക്കുകയാണ് ചെയ്യാറുള്ളത്. ചാരവൃത്തിക്ക് വേണ്ടി പല രാജ്യങ്ങളും വമ്പിച്ച തുക മാറ്റിവെക്കുന്ന ഈ കാലഘട്ടത്തിൽ ജനങ്ങളുടെ സന്ദേശങ്ങളുടെ ശേഖരം വിലമതിക്കാനാകാത്ത ഒരു മുതൽക്കൂട്ട് തന്നെയാണ്. ഇങ്ങനെ മറ്റുള്ളവരുടെ സ്വകാര്യതകൾ കട്ടുനോക്കുന്നതിനും കണ്ടെത്തുന്നതിനുമുള്ള ഡിജിറ്റൽ സംവിധാനങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നതോടുകൂടി വിവര സാങ്കേതികവിദ്യ മാനവകുലത്തിന് ഒരു വിനയായി മാറാനിടയുണ്ട്.

ഷാനിബ എ.സി
mail@nerpatham.com



# മാറ്റം

മാവില്ല, മാമ്പഴമില്ല
മാഞ്ചോട്ടിൽ ഊഞ്ഞാലില്ല
കളിവീടില്ല, കളിചിരിയില്ല
കളിക്കുവാൻ കൂട്ടാരില്ല
അടച്ചുപൂട്ടിയ വീടിന്നുള്ളിൽ
അടങ്ങിയിരിപ്പൂ ബാല്യങ്ങൾ
അടുപ്പമാപത്താണെന്ന്
അറിയിച്ചല്ലോ നാമവരെ
അകലം പാലിക്കണമെന്നും
ശീലിപ്പിച്ചു നാമവരെ
പള്ളിക്കൂടം കേട്ടറിവ്
പഠനം ഫോണിൽ കണ്ടറിവ്
തോളിലുറങ്ങ്ണ പ്രായംതൊട്ടേ
തോണ്ടാൻ കയ്യിൽ ഫോണുണ്ട്
തൊട്ടുരുമ്മിയിരിക്കുന്നോരെ
പോലും നോക്കാൻ തരമില്ല
തോന്നുന്നുണ്ടിത് ശരിയല്ലെന്ന്
തോന്നീട്ടും ഫലമില്ലല്ലോ
കാലം മാറി ലോകം മാറി
മാറ്റം തന്നെ എമ്പാടും
മടിയിൽ ചേർന്നിരുന്നാലും
മാനം മൂട്ടെ പറന്നാലും
ചേർത്തുപിടിച്ചേ മതിയാകൂ
മാറരുതാത്ത ചിലതൊക്കെ

wisdomyouth



നാം എല്ലാ നേരവും വയറ് നിറച്ച്
വിഭവസമൃദ്ധമായ ഭക്ഷണം
കഴിക്കുമ്പോൾ ആഹാരത്തിനായി
കൊതിയോടെ കഴിയുന്ന മനുഷ്യർക്കായി ഒരു ശ്രമം

WISDOM YOUTH

# treat

## Hunger free homes

WISDOM ISLAMIC ORGANIZATION -TREAT
AC.NO. 921010033265035
AXIS BANK LTD CALICUT BRANCH
IFSC-UTIB0000136

LIVE STREAMING
wisdomglobaltv
wisdomyouth

WISDOM ISLAMIC YOUTH ORGANIZATION,
C.V.COMPLEX, P.V.SWAMI ROAD, CALICUT

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 OCTOBER 02

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App